# പുതുയുഗത്തിൽ ഇസ് ലാമിന്റെ പ്രസക്തി

ആദിമ മനുഷ്യനെ സൃഷ്ടിച്ചതു മുതൽ തന്നെ സർവ്വ ശക്തൻ മാനവകുലത്തിന് ഒരു പെരുമാറ്റച്ചട്ടം നിശ്ചയിക്കുകയും പ്രവാചകന്മാർ മുഖേന അതു ലോകത്തു നടപ്പിൽ വരുത്തുകയും ചെയ്തിട്ടുണ്ട്. ആദ്യ പിതാവ് ഹ: ആദം (അ) യിൽ നിന്നാരംഭിച്ച് അന്ത്യ പ്രവാചകരായ മുഹമ്മദുർറസൂൽ (സ)യിലൂടെ പരിപൂർണ്ണമാകുന്നതാണ് ആ വ്യവസ്ഥ. അതിന് ഇസ്ലാം എന്നും അതു ആചരിക്കുന്നവർക്ക് മുസ്ലിം എന്നും അല്ലാഹു തന്നെ നാമകരണം ചെയ്തിട്ടുണ്ട്. " അവൻ നിങ്ങൾക്ക് മുമ്പും ഈ ഗ്രന്ഥത്തിലും മുസ്ലിം എന്ന് നാമകരണം നൽകി "(2:77) എന്ന് വിശുദ്ധ ഖുർആൻ പ്രഖ്യാപിച്ചതായി കാണാം. അതിനാൽ ദൈവികമതം ഒന്നു മാത്രമാണെന്നു വ്യക്തം. പ്രസ്തുത നിയമസംഹിത പല പ്രവാചകന്മാർക്കും സമയ ബന്ധിതമായും സ്ഥല നിർണ്ണിത മായും നൽകപ്പെട്ടതായി കാണാം. സാർവജനീനവും സാർവ കാലികവും സമ്പൂർണ്ണവുമായി നൽകപ്പെട്ടത് മുഹമ്മദ് നബി(സ)ക്ക് മാത്രമായിരുന്നുവെന്ന് വിശുദ്ധ ഖുർആന്റെ പ്രഖ്യാപനങ്ങൾ വ്യക്തമാക്കുന്നു. " അങ്ങയെ നാം മുഴുവൻ ജനങ്ങളിലേക്കും സന്തോഷ വാർത്തയും മുന്നറിയിപ്പും നൽകുന്നവനായിട്ടല്ലാതെ നിയോഗിച്ചിട്ടില്ല. എന്നാൽ അധികജനങ്ങളും അതറിയുന്നില്ല" (34-28)

റസൂൽ(സ) ആഗോള തലത്തിൽ പ്രസ്തുത മതത്തിന്റെ പ്രചരണം

നടത്തുന്ന കാലഘട്ടത്തിൽ കിസ്രയും കൈസറും രണ്ടു വൻ ശക്തികളായി രാജകീയ ഭരണരംഗത്ത് നിലയുറപ്പിച്ചിരുന്നു. മറുവശത്ത് യവന നാഗരികതയും സംസ്കാരവും. വേറൊരു വശത്ത് ചിന്താശൂന്യവും യുക്തി രഹിതവുമായ ബഹു ദൈവാരാധനയും താന്തോന്നിത്ത ജീവിത രീതിയും അള്ളിപ്പിടിച്ചിരുന്നു. ഈ പൈശാചിക പ്രവണതകൾക്കും ആധിപത്യങ്ങൾക്കുമിടയിൽ റസൂൽ(സ)യും തുടർന്ന് മാതൃകായോഗ്യരായ നാലു ഖലീഫമാരും മാതൃകഭരണകൂടവും അത്യുന്നത സാസ്കാരിക ജീവതരീതിയും ലോകത്തിനു മുമ്പിൽ കാഴ്ചവെച്ചു. നവോത്ഥേഷത്തോടെ മാനുഷിക മൂല്യങ്ങൾ സംസ്ഥാപിച്ചു. നാൽപതു വർഷത്തെ ആ മാതൃകാഭരണ സംസ്ഥാപനത്തിന്റെയും നടത്തിപ്പിന്റെയും മാർഗ്ഗം ലോകചരിത്രത്തിൽ തങ്കലിപികളിൽ ഉല്ലേഖനം ചെയ്യപ്പെട്ടിരിക്കുന്നു. എന്തെല്ലാം വളച്ചുകെട്ടുകളും തെറ്റിദ്ധാരണകളും ഓറിയന്റലിസ്റ്റു വിഭാഗമോ സയണിസ്റ്റ് പ്രചരണങ്ങളിൽ കുടുങ്ങിയ ദ്രോഹികളോ മറ്റു മാധ്യമങ്ങളോ പരത്തിവിട്ടാലും സത്യം തനതായി നിലനിൽക്കുക തന്നെ ചെയ്യുന്നു. ആ യാഥാർത്ഥ്യം ഇടക്കിടെ ഓർക്കാപ്പുറമെങ്കിലും, പാശ്ചാത്യൻ ചിന്തകർ ഉദ്ധരിച്ചു പോവുകയും ചെയ്യുന്നു. മി: വില്യം മ്യൂർ, എച്ച്.ജി.വെൽസ്. സെഡിലോട്ട്, ഹൈറോഡോത്തസ്, റസ്സൽ ജോർജ് ബർണാഡ്ഷാ, തോമസ് കാർലൈൻ, ബുസുത്ത് സ്മിത്ത്, ഹെന്റി കാഷ്ടി, മൈക്കിൾ എച്ച് ഹാർട്ട് മുതലായവരുടെ അഭിപ്രായ പ്രകടനങ്ങൾ അതിനുദാഹരണമത്രെ.

അനുകരണീയമായ പ്രസ്തുത സുവർണ്ണകാലഘട്ടത്തിന് ശേഷം സയണിസ്റ്റു ചാരൻമാരും നുണ പ്രചരണവും നുഴഞ്ഞു കയറ്റവും കാരണം മുസ്ലിം ഉമ്മത്തിന്റെ സംഘടിത ശക്തിക്കു ക്ഷതമേൽക്കയുണ്ടായി. പിന്നീടുണ്ടായ രാജകീയ ഭരണങ്ങളും അധികാര വടം വലികളും അതിന്റെ തിക്ത ഫലമത്രെ. എന്നിരുന്നാലും വൈജ്ഞാനികമായും സാസ്കാരികമായും ലോകത്തിനു മാതൃക കാണിച്ചു കൊണ്ടു സമുദായം എന്നും നിലയുറപ്പിച്ചുവെന്നത് നഗ്നയാഥാർത്ഥ്യമത്രെ. ഇസ്ലാമിന്റെ സന്ദേശം ഉൾകൊള്ളാൻ വിസമ്മതിച്ചുകൊണ്ട് ഭൗതീക ശക്തിയാർജ്ജിച്ചു കൊണ്ടിരുന്ന പാശ്ചാത്യൻ ഭരണകൂടങ്ങളും വിശിഷ്യാ

അമേരിക്കൻ സാമ്രാജ്യവും അതിന്റെ വാലാട്ടികളും സോഷ്യലിസ്റ്റ് രാഷ്ട്രങ്ങളും അവയുടെ അരക്ഷിത വലയത്തതിൽ ചെന്നുപെട്ടവരും മാനുഷിക മൂല്യങ്ങളുടെ കടക്കൽകത്തിവെക്കാൻ വെമ്പുകയായിരുന്നു. അത്തരം രാഷ്ട്രങ്ങൾക്കും സമൂഹങ്ങൾക്കും വന്നുഭവിച്ച അരക്ഷിതാവസ്ഥയും സാംസ്കാരിക ജീർണതയും മനസ്സിലാക്കുമ്പോഴാണ് ഇസ്ലാമിക വ്യവസ്ഥിതിയുടെ മഹത്വം അറിയാൻ കഴിയുക.

ആധുനിക ലോകത്ത് പരിഷ്കാരത്തിന്റെ പതാകവാഹകരെന്നു സ്വയം ഞെളിയുന്ന ചില രാഷ്ട്രങ്ങളുടെ അവസ്ഥ നമുക്ക് പരിശോധിക്കാം. ലോകം മുഴുവൻ കൈപിടിയിലൊതുക്കാൻ ശ്രമിച്ചു കൊണ്ടിരിക്കുന്ന രാഷ്ട്രമാണല്ലോ അമേരിക്ക. അതിന്റെ സാംസ്കാരിക ജീർണതയെക്കുറിച്ച് 1968-ൽ വിലയിരുത്തപ്പെട്ടതിപ്രകാരമാണ്. " അമേരിക്കയിൽ 20 മിനിട്ടിൽ ഓരോ ബലാൽസംഗം നടക്കുന്നു. " കഴിഞ്ഞ കൊല്ലം ന്യൂയോർക്കിൽ 24,000 ജാരസന്തതികൾ ജനിച്ചു. അവിവാഹിതയായ 11 വയസ്സുകാരിയും ഇതിൽപ്പെടും. റജിസ്റ്റർ ചെയ്ത 148342 പ്രസവങ്ങളിൽ 24674(6.6 ശതമാനം) പേർ അവിവാഹിതരായ അമ്മമാരാണ്".

1977 ലെ റിപ്പോർട്ടു കാണുക അമേരിക്കയിൽ പകുതിയലധികം ക്രിമിനൽ കുറ്റങ്ങളും 18 വയസ്സിന് കുറഞ്ഞവരിൽനിന്നാണ്. 62% ലൈംഗിക കുറ്റങ്ങളും 81 ശതമാനം ലഹരി കേസുകളും അമേരിക്കൻ സ്കൂളുകളിൽ നിന്ന് റിപ്പോർട്ട് ചെയ്യപ്പെടുന്നു. അറുപതുകളിലെയും എഴുപതുകളിലെയും സ്ഥിതി ഇതാണെങ്കിൽ പിന്നിട്ട വർഷങ്ങളെക്കുറിച്ച് ഊഹിക്കാവുന്നതത്രെ. ഗേൾഫ്രണ്ടിന്റെയും ബോയ്ഫ്രണ്ടിന്റെയും സംസ്കാരത്തിൽ ഇതല്ലാതെ പ്രതീക്ഷിക്കാവതല്ല. ഇന്ന് പ്രസ്തുത അഴിഞ്ഞാട്ടത്തിന്റെയും കുത്തഴിഞ്ഞതും അനിയന്ത്രിതവുമായ ലൈംഗിക വേഴ്ചയുടെയും തിക്തഫലമായി 'എയ്ഡ്സ്' എന്ന മഹാവ്യാധിയുണ്ടായി പ്രസ്തുത രാഷ്ട്രം ഭയവിഹ്വലരായി കഴിയേണ്ട ഗതികേടിലാണ്. അവിടെച്ചെന്ന് കൂത്താടിയ അറബി രാഷ്ട്രങ്ങളിലെ ചില പൗരൻമാരെ എയ്ഡ്സ് ബാധയേറ്റതിനാൽ ചുട്ടുകരിക്കണമെന്ന അമേരിക്കയുടെ നിർദ്ദേശത്തിനിരയായി പ്രത്യേകസംരക്ഷണത്തിൽ കഴിഞ്ഞുകൂടേണ്ട ഗതികേടിലായിരിക്കുന്നു. അമേരിക്കയുടെ സാംസ്കാരിക ജീർണ്ണതയുടെ

തിക്തഫലമത്രെ ഇത്.

ഇനി ലോകനേതൃത്തിലേക്കുയരാനായി അവർ നഷ്ടപ്പെടുത്തുന്ന ആയുധത്തിന്റെ കഥ ഓർക്കുക. 1971 ൽ അമേരിക്കയുടെ മാരിനാർ പേടകം No.8 വിന്യസിപ്പിച്ചു അത്‌ലാന്റിക് സമുദ്രത്തിൽ തകർന്നു വീണതായി റിപ്പോർട്ടുണ്ടായി. അതു മൂലം നഷ്ടപ്പെട്ട സംഖ്യ കണക്കാക്കിയിരുന്നത് 770 ലക്ഷം ഡോളർ (57.75 കോടി രൂപ) ഇത്രയും സംഖ്യ ലോകത്തിന്റെ വിവിധ കോണുകളിൽ താമസിക്കുന്ന ദരിദ്ര വിഭാഗത്തിന്റെ ക്ഷേമത്തിനായി ചിലവാക്കാൻ ചിന്തിച്ചിരുന്നുവെങ്കിൽ എത്ര അഭികാമ്യമായിരുക്കും!

മറ്റൊരു പരിഷ്കൃത രാഷ്ട്രമായ ബ്രിട്ടന്റെ തലസ്ഥാനമായ ഇംഗ്ലണ്ടിൽ 1946ൽ 8ൽ ഒരു കുട്ടി ജാരസന്തതിയായിരുന്നു. അതേസമയം അമേരിക്കിയിൽ 5ൽ ഒന്ന് വീതം ജാര സന്തതികളുണ്ടായിരുന്നത് ഇപ്പോൾ രണ്ടിലൊന്നായി വർദ്ധിച്ചിരിക്കുന്നു. മെക്സിക്കോയിൽ ഓരോ വർഷവും ഗർഭം അലസിപ്പിക്കുന്നത് 6.5 ലക്ഷംപേരത്രെ. അവയിൽ ഭൂരിഭാഗവും നിയമ വിരുദ്ധവുമായുണ്ടാവുന്ന ഗർഭവുമാണ്. മറ്റൊരു രാജ്യത്തന്റെ കഥ കാണുക " യഥേഷ്ടം കൂട്ടുചേർന്ന് ലൈംഗികവേഴ്ച നടത്താനും ലൈംഗിക ബന്ധം സ്ഥാപിക്കുന്നതിനു വേണ്ടി ഭാര്യമാരെ പരസ്പരം കൈമാറാനും അനുമതി നൽകുന്ന രീതിയിൽ പശ്ചിമ ജർമ്മനി പാർലിമെന്റ് നിയമ നിർമാണം ചെയ്തിരിക്കുന്നു. പതിനെട്ടു വയസ്സിൽ അധികമുള്ള പുരുഷന്മാർ തമ്മിൽ സ്വവർഗ്ഗസംഭോഗം നടത്തുന്നതും വിവാഹിതകളായ ദമ്പതികൾ ആരെയും വേഴ്ച നടത്തന്നതും ഇനി കുറ്റകരമല്ല. നിയമം എതിരല്ല. അശ്ലീലസാഹിത്യം എത്രവേണമെങ്കിലും ഇനി വിൽക്കാം.

ചുരുക്കിപ്പറഞ്ഞാൽ ലോകരാഷ്ട്രങ്ങളുടെ സാസ്കാരിക തകർച്ചയുടെ ചരിത്രം മാനവസമൂഹത്തിന്റെ ഭാവിയിൽ ആകാംക്ഷയുള്ളവരെ പരിഭ്രമത്തിലാഴ്ത്തുന്ന കാഴ്ചയാണ് ദൃശ്യമാവുന്നത്. രാഷ്ട്രീയവും സാമ്പത്തികവുമായ ചിന്തയിൽ ചേരിതിരിഞ്ഞ് ഫ്യൂഡലിസവും സോഷ്യലിസവും ഏതാണ്ട് മണ്ണടിഞ്ഞ വ്യവസ്ഥികളായി മാറുകയും നവ ലോക

ചിന്തയിൽ നല്ല മനുഷ്യർ ഏത്തും പിടിയുമില്ലാതെ നട്ടംതിരിയുകയുമാണ്. ആയുധപ്പന്തയത്തിൽ ശാക്തികച്ചേരികളായ പ്രസ്തുത രണ്ടു വിഭാഗം മത്സരം നടത്തി അവസാനം അമേരിക്കമുന്നേറുന്നതാണ് ലോകം ദർശിക്കുന്നത്. മൂന്നാം ചേരിക്കായുള്ള ശ്രമം പലപ്പോഴും നടന്നുവെങ്കിലും ആശയാനിശ്ചിതത്വം തുടരുകയാൽ ഫല സിദ്ധിയിലേക്ക് അടുക്കാൻപോലും സാധിക്കുന്നില്ല.

## മുസ്ലിംലോകം

നാം ആദ്യം സൂചിപ്പിച്ച് പോലെ കിസ്രാ, കൈസർ ചക്രവർത്തിമാരുടെ ശാക്തികാധിപത്യവും മധ്യേഷ്യയിൽ ബഹുദൈവാരാധനയും സാംസ്കാരിക തകർച്ചയും അനുഭവിച്ചുകൊണ്ടിരുന്ന ആറാം നൂറ്റാണ്ടിലാണ് മാനവസമൂഹത്തിന്റെ അഖില പ്രശ്നങ്ങളുടെയും പരിഹാരവും മാർഗ നിർദ്ദേശവുമായ റസൂൽ(സ)മത പ്രചരണമാരംഭിച്ചത്. ഒരു നൂറ്റാണ്ടുകഴിയുന്നതിനുമുമ്പായി പ്രസ്തുത സന്ദേശവും സാംസ്കാരവും ആഫ്രിക്കയിൽ ജിബ്രാൾട്ടർ മുതൽ സൂയസ് വരെയും, ഏഷ്യയിൽ സിനായി പർവ്വതം മുതൽ മങ്കോളിയ വരെയും യൂറോപ്പിൽ ഫ്രാൻസിന്റെ ദക്ഷിണഭാഗം, സ്പെയിൻ, മധ്യധരണ്യാഴിയിൽ മെജോർക്കാ, മൈനോർക്കാ, അയ്വിക്കാ, കാർഡിക്കാ, സാർഡീനിനിയോ, ക്രീറ്റ്, റോഡ്സ്, സൈപ്രസ്, സിസിലി, ഗ്രീസിനു ചുറ്റുമുള്ള ദ്വീപുകൾ എന്നിവിടങ്ങളിലേക്കും ഭാരതത്തിലേക്കുമെല്ലാം വ്യാപിച്ചു കഴിഞ്ഞിരുന്നു.

അസൂയ പൂണ്ട സയണിസ്റ്റു കുതന്ത്രക്കാരും ക്രൈസ്തവലോബികളും അതിനെ തച്ചുടച്ചുകളയാനുള്ള ശ്രമവും അന്നുതന്നെ ആരംഭിച്ചതാണ്. സയണിസ്റ്റ് ഗൂഢതന്ത്രങ്ങൾ ഇന്നും നേതൃനിരയിൽ വരുന്ന ഭരണത്തലവൻമാരെയും നേതാക്കളെയും അറിഞ്ഞോ അറിയാതെയോ ആകർഷിച്ചുകൊണ്ടിരിക്കുന്നു. റോട്ടറി ക്ലബ്ബുകളും ലയൺസ് ക്ലബ്ബുകളും വഴി അഭ്യസ്ഥ വിദ്യരെയും ലോകനേതാക്കളെയും വശത്താക്കിയാണ് അവർ ലക്ഷ്യപ്രാപ്തി നേടുന്നതെന്നകാര്യം പലരും വിസ്മരിക്കുകയാണ്. തുർക്കിയിലെ കമാൽഅത്താതുർക്ക് മുതലിങ്ങോട്ട് ലോക നേതൃത്വത്തിൽ വന്ന പല മുസ്ലിം രാഷ്ട്രത്തലവൻമാരും പ്രസ്തുത വലയത്തിൽപെട്ട

വരാണെന്ന് ചരിത്രം പരിശോധിക്കുമ്പോൾ ദൃശ്യമാവുന്നു.

ഇസ്ലാമിനെ നശിപ്പിക്കാൻ ദ്വിമുഖ ആക്രമണ പദ്ധതിയുമായാണ് ക്രിസ്ത്യാനികൾ രംഗത്തു വരുന്നത്. ഒരു ഭാഗത്ത് നിരന്തരമായ ബലപരീക്ഷണത്തിലൂടെയും പ്രിധന മുറകളിലൂടെയും മുസ്‌ലിംകളെ ഉന്മൂലനം ചെയ്യാൻ ശ്രമിക്കുന്നു. കുരിശു യുദ്ധങ്ങളുടെ നീണ്ട പട്ടിക ഇതിന്റെ തെളിവാണ്, ഇന്നും അത്തരം അപ്രഖ്യാപിത കുരിശു യുദ്ധങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. ഫിലിപ്പൈൻസും, ആധുനിക ഹർസക്കും, ബോസ്നിയയും ലബനാനുമെല്ലാം നൽകുന്ന പാഠങ്ങളും ഇതു തന്നെ.

## ചില സാമ്പിളുകൾ

അൽ അഹ്റാം പത്രത്തെ ഉദ്ധരിച്ചുകൊണ്ട്, അല്ബലാഗുൽ ആലമിൽ ഇസ്ലാമി, പ്രസിദ്ധീകരിച്ച വാർത്ത കാണുക. " ശാന്തസമുദ്രത്തിലെ ഒറ്റപ്പെട്ട ദ്വീപായ ഫിലിപ്പൈൻസിൽ ഇലാഗ എന്ന കൃസ്ത്യൻ രഹസ്യ ഭീകരസംഘടന കുട്ടികളുടെ തല, സ്ത്രീകളുടെ മുല, പുരുഷൻമാരുടെ ചെവി എന്നിവക്ക് ഇനാം നൽകുന്നു. ചെവിക്ക് എൺപത് ഫ്രാങ്കാണ് വില. തെക്കൻ ദ്വീപുകളിൽ മുസ്ലികൾ തിങ്ങിത്താമസിക്കുന്ന 'മിണ്ടാനാ' ദ്വീപിൽ കൂട്ടക്കശാപ്പിനെക്കുറിച്ച് മനിലാടൈംസിനെ ഉദ്ധരിച്ചുകൊണ്ടു 2.01.71 ലെ ' അല്ബലാഗുൽയൗം' എഴുതുന്നു. സമാധാനസംഭാഷണം പ്രതീക്ഷിച്ചു പള്ളിയിൽ കൂടിയ മുസ്‌ലിംകളെ പെട്ടെന്ന് ആക്രമിച്ചു. അമ്മയുടെ മടിയിൽ നിന്ന് മൂന്ന് കുട്ടികളടക്കം എഴുപത്പേർ വധിക്കപ്പെടുകയും പള്ളിയിൽ തന്നെ മറവടക്കപ്പെടുകയും ചെയ്തു.

കൊട്ടബാടജില്ലയിലെ അമാദാ' എന്ന സ്ഥലത്ത് 1971 മെയ് 7ന് നബിദിനാഘോഷത്തിനായി ഒരുമിച്ചുകൂടിയ 70 മുസ്‌ലിംകളെ കൂടി അന്വേഷണത്തിനയച്ച പട്ടാളക്കാർ വഴിയിൽവെച്ചു വെടിവെച്ചു. സഹിക്കാനാവാതെ കമാണ്ടോകൾ അവരെയും വെടിവെച്ചു മുജാഹിദുകളായ മുസ്‌ലിംകളുടെ കൂടെ ചേർന്നു.50,000 കുടുംബം ബഹിഷ്കൃതരായി കഴിയുന്നു. ജീവിതമരണ പ്രശ്നങ്ങൾക്കിടയിൽ കൃഷി ശത്രുക്കൾ കൊയ്യുന്നു. പന്ത്രണ്ട് ജില്ലകൾ ഇപ്രകാരം ക്രസ്ത്യാനികൾ കയ്യടക്കി. സ്പെയിൻ ആധിപത്യം തുടങ്ങിയത് മുതലുണ്ടായതാണ് ഈ ദുരിത

ങ്ങൾ. കാശ്മീർ തുടങ്ങിയ ഇന്ത്യൻ പ്രവിശ്യകളിൽ ഹിന്ദുവർഗ്ഗീയ വാദികൾ നടത്തുന്ന ക്രൂരവിനോദങ്ങൾ പ്രസ്തുത മാർഗ്ഗമവലംബിച്ചാണെന്ന് വിലയിരുത്തേണ്ടതുണ്ടത്രെ.

ശക്തിയും പീഡനമുറയും വഴി മുസ്‌ലികളെ നശിപ്പിക്കുവാനുള്ള ചിന്ത ഒരുവശത്ത് നിലയുറപ്പിച്ചപ്പോൾ പ്രീണന നയവും വശീകരണവും വഴി മുസ്‌ലിംകളെ വശത്താക്കി ക്രിസ്തു മതാനുയായികളെ വർദ്ധിപ്പിക്കാനുള്ള ശ്രമം മറ്റൊരു വശത്തും നടക്കുകയാണ്. ഏറ്റവുമധികം മുസ്‌ലിം ജനസംഖ്യയുള്ള ഇന്തോനേഷ്യയുടെയും നമ്മുടെ ഭാരതത്തിന്റെയുമെല്ലാം ചരിത്രം അതാണു പഠിപ്പിക്കുന്നത്. ഇന്തോനേഷ്യയിൽ മിഷനറി പ്രവർത്തനത്തിനായി അവർ വാരിക്കോരി ചിലവഴിക്കുന്ന സംഖ്യയുടെ ഒരു സാമ്പിൾ കാണുക. അമേരിക്കയിൽ നിന്ന് പ്രസിദ്ധീകരിക്കുന്ന 'ക്രിസ്ത്യൻ സയൻസ് മോണിട്ടർ' പ്രസിദ്ധീകരിച്ച ഒരു വാർത്ത ശ്രദ്ധിക്കുക " അമേരിക്കൻ ഐക്യനാടുകളിലെ ദേശീയ കനീസാ വിഭാഗം തലവൻ ആർതർസ് ഫിലിപ്പ് മൂന്ന് ലക്ഷം ഡോളർ ഇന്തോനേഷ്യയിലെ ചർച്ചുകൾക്ക് സഹായിക്കാനായി നൽകാൻ 34 കമ്മിറ്റികളെ പ്രതിനിധീകരിക്കുന്ന പ്രസ്തുത കേന്ദ്രത്തോടു ആവശ്യപ്പെട്ടിരിക്കുന്നു. തുടർന്ന് പ്രസ്തുത ലേഖനത്തിൽ കാതലിക് ക്ഷേമനിധി വിഭാഗത്തിന്റെ അസിസ്റ്റന്റ് ഡയറക്ടർ' ആന്തോണിയോ ബിലാന്റിയുടെ ഇന്തോനേഷ്യയുടെ വിവിധ ഭാഗങ്ങളിലായി ഭക്ഷണം മരുന്നുകൾ എന്നിവക്കായി മൂന്ന് കോടി പവൻ 1926 മുതൽ 67വരെ ചിലവഴിച്ചതായി വിവരിക്കുന്നു. (ഗാറത്ത്തബ്ശീരിയ്യ പേ:69) യുദ്ധതന്ത്രങ്ങളും ആക്രമണങ്ങളും നടക്കാത്തിടത്താണ് ഈ വശീകരണ തന്ത്രവുമായി ക്രിസ്ത്യാനികൾ രംഗത്തിറങ്ങുന്നത്.

പത്തൊമ്പതാം നൂറ്റാണ്ടിന്റെ ശാപമായ കമ്യൂണിസ്റ്റ് പ്രസ്ഥാനവും മുസ്‌ലിംകളിൽ വരുത്തിവെച്ച വിനകൾ അവർണ്ണനീയമത്രെ. സോവിയറ്റ് യൂണിയനിലും റഷ്യൻ തുർക്കിസ്താനിലും ചൈനയിലുമെല്ലാം നടന്ന ക്രൂരതകളുടെ ചെറിയ സാമ്പിൾ " ഇസ്‌ലാം സോഷ്യലിസം, കമ്മ്യൂണിസം," എന്ന പുസ്തകത്തിൽ ഞാൻ തന്നെ പ്രതിപാദിച്ചിട്ടുണ്ട്. ഇരുപത്തിയഞ്ചു ശതമാനം മുസ്‌ലികളുണ്ടായിരുന്ന റഷ്യയുടെയും 10 കോടി മുസ്‌ലികളുണ്ടായിരുന്ന ചൈനയുടെയും അവസ്ഥ ഇന്നെന്താണ് എന്ന്

ചിന്തിക്കേണ്ടതാണ്. ഇന്തോനേഷ്യയെ കൈപ്പിടിയിലൊതുക്കാനായി റഫീഖ് മൂസയുടെ നേതൃത്വത്തിൽ 1948 സെപ്തംബർ 19ന് കമ്മ്യൂണിസ്റ്റ് ഭരണം പ്രഖ്യാപിച്ചു കൊണ്ട് നടന്ന വിപ്ലവത്തിലേക്ക് നയിച്ചത്, പ്രസിഡണ്ട് സുകാർണോയുടെ മൗനാനുവാദത്തോടുകൂടി കമ്യൂണിസം പ്രചരിപ്പിക്കുക വഴിയായിരുന്നു.

ജക്കാർത്ത തലസ്ഥാനമാക്കി സുകാർണോ ഭരണം നടത്തവെ തന്നെ അവർ മാദ്യൂൻ തലസ്ഥാനമാക്കി സോവിയറ്റ് ഇന്തോനേഷ്യാ ഭരണകൂടം പ്രഖ്യാപിക്കുകയുണ്ടായി. മുസ്‌ലിം പണ്ഡിതൻമാരുടെ പ്രഖ്യാപനങ്ങളും സൈന്യത്തിന്റെ ഇടപെടലും വഴി അത് പാളിപ്പോയെങ്കിലും സുകാർണോവിന്റെ കമ്യൂണിസ്റ്റ് അനുനയം വഴി പണ്ഡിതന്മാരെയും ഇസ്‌ലാമിക വിശ്വാസത്തെയും തേജോവധം ചെയ്യുന്നതായിട്ടാണ് പിന്നിടനുഭവപ്പെട്ടത്. അത്കൊണ്ട് തന്നെയാണ് 1965 സെപ്തംബർ 30ന് മറ്റൊരു വൻവിപ്ലവം കമ്യൂണിസ്റ്റുകാർക്ക് സംഘടിപ്പിക്കാൻ സാധിച്ചത്. (ഇന്തോനേഷ്യാ അൽ മുആസിറ:105) എന്നാൽ ഹോളണ്ടിൽ നിന്ന് സ്വാതന്ത്ര്യം വാങ്ങുന്നതിന് മുന്നണിപ്പോരാളിയായിരുന്നുവെന്നതിന്റെ പേരിൽ കമ്യൂണിസ്റ്റാശയക്കാരനും സോവ്യറ്റ് റഷ്യ ചൈന ഭരണാധികാരികളുടെ ചുവടൊപ്പിച്ച് ഏകാധിപതിയായി ഭരണം നടത്തുകയും ചെയ്ത സുകാർണോ വാസ്തവത്തിൽ 95% മുസ്‌ലിംകളായിരുന്ന ഒരു രാഷ്ട്രത്തലവനായിട്ടാണ് ലോകം മനസ്സിലാക്കിയിരുന്നത്. ജാവക്കാരനായ സൊകിമിയുടെയും ബുദ്ധസ്ത്രീയായിരുന്ന ഇഡായുവിന്റെയും പുത്രനായി ജനിച്ച ആ മനുഷ്യൻ കമ്യൂണിസ്റ്റ് വിപ്ലവം നടന്ന കാലത്ത് ഒരേയവസരം 60 പത്നിമാരെവരെ വെച്ചിരുന്നതായി രേഖപ്പെടുത്തപ്പെട്ടിരിക്കുന്നു.(IBID പേ:143) നാലു പത്നിമാരെ അവിഹിതമായി വെച്ചിരുന്ന ശേഷം അജ്ഞാതമായിട്ടാണത്രെ ഉമർ സഈദ്എന്നയാളുടെ പുത്രി അമിനോതോയെ വിവാഹം ചെയ്തത് തന്നെ.

എന്നാൽ രാജകീയ പദവിയിലിരുത്തിയ വനിത, ജപ്പാൻകാരിയും ബുദ്ധമതക്കാരിയുമായ രത്നാദേവിയായിരുന്നു. (IBID പേ:145) അദ്ദേഹത്തിന്റെ ഡപ്യൂട്ടി മന്ത്രിയായി പ്രവർത്തിച്ച 'സുബൻഡ്രിയോ' എന്നയാളും

ഇസ്ലാമിന്റെ ലേബലിലായിരുന്നു വിലസിയിരുന്നത്. അലസിപ്പോയ വിപ്ലവത്തെത്തുടർന്ന് കോർട്ടിൽ ഹാജരാക്കിയപ്പോൾ പ്രസ്തുത മനുഷ്യൻ വിചാരണ വേളയിൽ ബോധിപ്പിച്ചത് താൻമുസ്ലിമും, മക്കയിൽ പോയി ഹജ്ജ് ചെയ്തു വന്ന ആളുമാണെന്നായിരുന്നു. എന്നാൽ താങ്കൾ ദിവസേന എത്ര സമയം നിസ്കരിക്കുമെന്ന ചോദ്യത്തിന് ധാരാളം പ്രാവശ്യം എന്നായിരുന്നു മറുപടി. എന്നാൽ സുബ്ഹി, അസർ, മഗ്രിബ് എന്നിമൂന്ന് നിസ്ക്കാരം എത്ര റക്അത്ത് വീതം നിസ്ക്കരിക്കുമെന്ന ചോദ്യത്തിന് എല്ലാം നാല് റക്അത്തുകൾ എന്നായിരുന്നു മറുപടി. അപ്പോൾ നിസ്കാരത്തിന്റെ റക്അത്തുപോലും അറിയാത്ത താങ്കൾ ആണോ ഹജ്ജിന് പോയിരുന്നുവെന്നും മുസ്ലിമാണെന്നും വാദിക്കുന്നതെന്ന് ചോദിച്ച്കൊണ്ട് കുറ്റവാളിയും രാഷ്ട്രത്തെ വിപ്ലവത്തിൽ കൂടി അട്ടിമറിക്കാൻ ശ്രമിച്ചവനുമായി പ്രഖ്യാപിക്കുകയാണുണ്ടായത്(*IBID* പേ: 167) ഇത്തരം ഭരണാധികാരികളുടെ കളിപ്പാവയായിരുന്ന ഇന്തോനേഷ്യ ഇസ്ലാമിക ബോധമുള്ള പണ്ഡിതൻമാരുടെയും മറ്റും പ്രചരണം കാരണം പൂർണ്ണമായി കമ്യൂണിസ്റ്റ് രാഷ്ട്രമായിത്തീർന്നില്ലെങ്കിലും കമ്യൂണിസത്തിന്റെയും മിഷനറി പ്രസ്താനത്തിന്റെയും മധ്യേ ശിഥിലീകൃതമാവുകയും ശക്തി ക്ഷയിച്ച ഒരു രാഷ്ട്രമായിത്തീരുകയും നാമമാത്ര റിപ്പബ്ലിക്കായി തരം താണുപോവുകയാണുണ്ടായത്.

ഖുലഫാഉറാശിദുകളുടെ മാതൃകാഭരണത്തിന് ശേഷം ഒരേ കേന്ദ്രബിന്ദുവായി സംഘടിച്ചു ഭരണം കാഴ്ചവെക്കാൻ മുസ്ലിം സമുദായത്തിന് സാധിക്കാതെപോയതാണ് പ്രധാനപ്പെട്ട ദുരന്തം. അതിന്റെ കാരണങ്ങളാണു നാം മനസ്സിലാക്കേണ്ടത്. ഇമാം ഹസൻ(റ)വുമായി ഹ:മുആവിയ നടത്തിയ സന്ധിക്ക് ശേഷം ധമസ്കസ് തലസ്ഥാനമാക്കിയും തുടർന്ന് സ്പെയിൻ വിജയാനന്തരം കോർഡോവ തലസ്ഥാനമായും ഭരണ ചക്രം തിരിച്ച ഉമവികൾ ഒരു ഭാഗത്തും ഖലീഫ: അൽ മൻസൂറിന്റെ കാലം മുതൽ ഇറാഖ് തലസ്ഥാനമായി അബ്ബാസി ഖലീഫമാർ മറുവശത്തും അന്യോന്യം ഇണങ്ങിയും പിണങ്ങിയും ഭരണതന്ത്രം ആവിഷ്കരിച്ചപ്പോൾ ഫാതിമീ വിഭാഗം അഹ്ലുബൈത്തിന്റെ മുദ്രാവാക്യവുമായി ഈജിപ്ത് തലസ്ഥാനമായി ഭരണയന്ത്രം ഏറ്റെടുക്കുക

യുണ്ടായി.

പ്രസ്തുത ശിഥിലീകരണത്തിന്റെ നിഴലിൽ ക്രൈസ്തവ ലോബികൾ കുരിശു യുദ്ധങ്ങളും വെട്ടിപ്പിടുത്തങ്ങളും നടത്തിക്കൊണ്ടിരുന്ന ചരിത്രമാണ് നാം കാണുന്നത്. അതിലിടക്ക് നമ്മുടെ ആദ്യ ഖിബ്‌ലയും പുണ്യഗേഹവുമായ ബൈത്തുൽ മുഖദ്ദസ് പോലും അന്യാധീനപ്പെടുത്തുകയുണ്ടായി. എന്നാൽ സിൽജൂക്കി ഭരണ നിക്ഷത്തിൽ ദീനി ആവേശം മാത്രം കൈമുതലാക്കി പോരാടിയ മഹാനായ സലാഹുദ്ദീൻ അയ്യൂബിയും അദ്ദേഹത്തിന് ശേഷം വീണ്ടും ക്രൈസ്ത്യാനികൾ കയ്യടക്കിയപ്പോൾ നാസിറുദ്ദീൻ ദാവൂദും ബൈത്തുൽ മുഖദ്ദസ് തിരിച്ചു പിടിച്ചുവെന്ന കാര്യം അഭിമാനാർഹമായിരുന്നെങ്കിലും ലോകത്തിന്റെ മുമ്പിൽ ഒരു സംഘടിത ശക്തിയായി തുടരാൻ അവർക്കും സാധിച്ചില്ലെന്നതാണ് വസ്തുത.

പിന്നീട് തുർക്കി തലസ്ഥാനമാക്കികൊണ്ടു ഉസ്മാനിയ്യ ഭരണകൂടം ശക്തി പ്രാപിക്കാൻ തുടങ്ങിയപ്പോഴാണ് പാശ്ചാത്യൻ ലോബികൾ ലോകമഹായുദ്ധത്തിന്റെ തണലിൽ മദ്ധ്യേഷ്യ മുഴുവൻ വലയത്തിലാക്കി തുണ്ടുതുണ്ടാക്കി വിഭജിച്ചു വിവിധ രാഷ്ട്രങ്ങളാക്കി സ്വാതന്ത്ര്യത്തിന്റെ ഓമനപ്പേരിൽ രാജകീയ ഭരണകൂടങ്ങളും ശൈഖുമാരുടെ ആധിപത്യവും സൃഷ്ടിച്ചത്. എന്നാൽ വിഭജന സമയത്ത് തന്നെ ബ്രിട്ടീഷുകാരും പാശ്ചാത്യ ലോബികളും ദുഷ്ടലാക്ക് കരുതി എല്ലാ പ്രദേശങ്ങളിലും ഭാവിയിൽ അതിർത്തി തർക്കവും അതുവഴി ചേരിപ്പോരും സൃഷ്ടിക്കാൻ വകയൊരുക്കിയിട്ടാണ് അവയുടെ കിടപ്പുകൾ വ്യക്തമാക്കുന്നത്. ഇറാനും, ഇറാഖും തമ്മിലും, ഇറാനും, യു.എ.ഇയും തമ്മിലും, ഇറാഖും കുവൈത്തും തമ്മിലും, യമനും ഒമാനും തമ്മിലുമെല്ലാം നടന്നുകൊണ്ടിരിക്കുന്ന അതിർത്തി തർക്കങ്ങളും വഴക്കുകളും യുദ്ധങ്ങളുമെല്ലാം പ്രസ്തുത ഗൂഢതന്ത്രത്തിന്റെ തിക്തഫലമത്രെ. ഭാരതത്തിന്റെ ചരിത്രം പരിശോധിച്ചാലും സ്ഥിതി മറ്റൊന്നല്ല. ഭരണാധികാരികൾ തമ്മിൽ സംഘട്ടനമുണ്ടായ ചരിത്രമല്ലാതെ സാമുദായിക സംഘർഷമോ സംഘട്ടനമോ ബ്രിട്ടീഷ് ഭരണത്തിന് മുമ്പ് ഭാരതം ദർശിച്ചിരുന്നില്ല. സ്വതന്ത്ര ഭാരത പ്രഖ്യാപനത്തോടുകൂടി ഒന്നര നൂറ്റാണ്ടു കാലത്തെ ഭരണ മേധാവിത്വത്തിന് ശേഷം നാടുവിടുന്നതിന് മുമ്പായി വിജ്ഞാന മേഖലയും

സംസ്കാരവും അടക്കിവെച്ച ചരിത്രം മാറ്റി എഴുതാൻപോലും തയ്യാറാവുകയും സാമുദായിക സംഘർഷമെന്ന തീരാശാപം ഊട്ടിയുറപ്പിച്ചുകൊണ്ടുമായിരുന്നല്ലോ അവർ വിടവാങ്ങിയത്.

ഇനി മുസ്‌ലിം രാഷ്ട്രങ്ങളുടെ പൊതുവായ സ്ഥിതിയെ കുറിച്ചു നമുക്ക് പരിശോധിക്കാം. 1973ൽ കുവൈത്തിൽ നിന്ന് പ്രസിദ്ധീകരിച്ച 'അൽമുജതമഅ്' വാരികയുടെ റിപ്പോർട്ട് അനുസരിച്ച് ലോകത്തിലെ മുസ്‌ലിം ജനസംഖ്യ 73,29,80,000 ഇന്നത് നൂറ്റി ഇരുപത് കോടിയോളം വരുമെന്ന് ചില സ്ഥിതി വിവരകണക്കുകൾ പറയുന്നു. 73ൽ 100% മുസ്‌ലിംകളുണ്ടായിരുന്ന 17 രാഷ്ട്രങ്ങളുണ്ടായിരുന്നു. 90 ശതമാനമുള്ള മൂന്നും 60 ശതമാനത്തിലധികമുള്ള ആറും 50 ശതമാനത്തിൽ അധികം വരുന്ന 12ഉം 40 ശതമാനത്തിലധികമുള്ള മൂന്നും 30 ശതമാനത്തിലധികം വരുന്ന 1ഉം 20 ശതമാനത്തിലധികമുള്ള 10ഉം പത്തു ശതമാനത്തിലധികം വരുന്ന 20ഉം രാഷ്ട്രങ്ങളാണ് കണക്കാക്കപ്പെട്ടിരുന്നത്. മറ്റൊരു റിപ്പോർട്ടിൽ ആകെ ജനസംഖ്യയിൽ പകുതിയിലധികം മുസ്‌ലിംകളുള്ള 71 രാഷ്ട്രങ്ങൾ ഉള്ളതായി 73ലെ സ്ഥിതി വിവരം കാണിക്കുന്നു. ഇന്നത്തെ സ്ഥിതി വിവരക്കണക്ക് ഇപ്രകാരം രേഖപ്പെടുത്തിക്കാണുന്നു. 90 ശതമാനത്തിൽ കൂടുതലുള്ള രാഷ്ട്രങ്ങൾ 26ഉം 80 ശതമാനത്തിൽ കൂടുതലുള്ള 8ഉം 70 ശതമാനത്തിൽ കൂടുതലുള്ള 32ഉം 50 ശതമാനത്തിൽ കൂടുതലുള്ള 70 വരെയുള്ള 14ഉം 45 ശതമാനമുള്ള ഒരു രാഷ്ട്രവും (മൗറിതിവ്സ്) 30 ശതമാനത്തിൽ കൂടുതലുള്ള 3ഉം 20 ശതമാനത്തിൽ കൂടുതലുള്ള 10ഉം 10 ശതമാനത്തിൽ കൂടുതലുള്ള 15ഉം രാഷ്ട്രങ്ങളുണ്ട്.

ഈ രാഷ്ട്രങ്ങളെല്ലാം ഇസ്‌ലാമിക പാതയിൽ സംഘടിതമായി പ്രവർത്തിക്കാൻ സൻമനസ്സു കാണിച്ചാൽ അത്ഭുതം സൃഷ്ടിക്കാൻ സാധിക്കും. എന്ത് ചെയ്യാൻ, വിശ്വാസത്തിലോ പൊതുനന്മയുടെ കാര്യത്തിലോ അവർക്കിടയിൽ ഐക്യമുണ്ടാകാൻ സാധിക്കുന്നില്ല! അറബ് ലീഗോ, റാബിതത്തുൽ ആലമുൽ ഇസ്‌ലാമിയോ മറ്റേതെങ്കിലും സംഘടനകളോ യോജിപ്പിന്റെ നാമമാത്ര പ്രവർത്തനങ്ങൾ സംഘടിപ്പിക്കാൻ ശ്രമം ചിലപ്പോൾ നടത്തിയാലും പ്രയോഗത്തിൽ വരുത്താൻ സാങ്കേതികത്വവും ദേശീയതയും വ്യക്തിതാൽപര്യങ്ങളും തടസ്സമാകുന്നു. ഓരോ രാഷ്ട്ര

ത്തിന്റെയും നാഡിമിടിപ്പ് കണ്ടെത്തി അവയെ തളച്ചിടാനുള്ള ഗൂഢ ശ്രമം പാശ്ചാത്യൻ ലോബികളും സയണിസ്റ്റു ശക്തികളും നടത്തുന്നു. അത് കണ്ടെത്തി വിമുക്തി നേടാനുള്ള തന്റേടമോ ഇസ്‌ലാമിക ബോധമോ ഉണ്ടാക്കാൻ രാഷ്ട്രത്തലവൻമാരായി നിയുക്തരാവുകയോ സ്വയം ചമയുകയോ ചെയ്യുന്നവർക്ക് സാധ്യമാവുന്നില്ല.

മാത്രമല്ല സോഷ്യലിസത്തിന്റെയോ ദേശീയതയുടെയോ മറവിൽ പലപ്പോഴും ഇസ്‌ലാമിന് കടകവിരുദ്ധമായ നീക്കം തന്നെ പല രാഷ്ട്രങ്ങളിലും തുടരുകയാണ്. ഉദാഹരണത്തിന് ഈയിടെ ലോകരാഷ്ട്രങ്ങളുടെ മുഴുശ്രദ്ധ ആകർഷിച്ച ഇറാഖിനെ തന്നെയെടുക്കാം. വളരെക്കാലമായി ഇറാഖിനെ ഭരിക്കുന്നത് ദേശീയതയും സോഷ്യലിസവുമാണ്. പ്രസ്തുത ചിന്താഗതിയിൽ സംഘടിത'ബയസ്' പാർട്ടിയാണ് സദ്ദാമിന്റെ സ്ഥാനാരോഹണത്തിന് നാന്ദികുറിച്ചത്. പ്രസ്തുത പാർട്ടിയുടെ പാരമ്പര്യം ഓർക്കുമ്പോൾ ഒരു യഥാർത്ഥ മുസ്‌ലിമിന് ആശ്വസിക്കാൻ വഴികാണുകയില്ല. സോഷ്യലിസം പ്രസംഗിച്ചു നടക്കുന്ന 'ബയസ്' പാർട്ടി ഏറ്റവും ശത്രുവായി ഗണിച്ചിരുന്നത് ഇസ്‌ലാമിനെയാണ്. പുതിയ നേതാക്കൾ ഈ സംഘടനയിൽ വന്നതോടെ ഉലമാഇനെയും ശൈഖുമാരെയും തൂക്കുകയും ജയിലിലടക്കുകയും ചെയ്തു. മതവിദ്യാഭ്യാസ കേന്ദ്രങ്ങൾ പലതും ശത്രുക്കളുടെ കേന്ദ്രങ്ങളെന്ന് പറഞ്ഞ് അടച്ചുപൂട്ടി. കഴിഞ്ഞ കൊല്ലം രാജ്യദ്രോഹം പറഞ്ഞു 50ൽ പരം പേരെ തൂക്കി. അവരിൽ പണ്ഡിതന്മാരും പട്ടാള ഉദ്യോഗസ്ഥന്മാരും പെടും.

1967ൽ ലോക മുസ്‌ലിം സമ്മേളനത്തിൽ പണ്ഡിതൻമാരുടെ നേതൃത്വം വഹിച്ച അബ്ദുൽ ഗനി അതിൽ പെടും. 1959ൽ അദ്ദേഹത്തിന്റെ സഹോദരനും വധിക്കപ്പെട്ടിരുന്നു.(കമ്യൂണിസ്റ്റുകാരാൽ മുസലിൽ വെച്ചു) പ്രസിദ്ധ പണ്ഡിത കുടുംബത്തിലെ മുഹമ്മദ് ഫാറൂഖ്, കമാൽ അഹ്മദ് റാവി എന്നിവരും അവരിൽ ചിലരത്രെ", ഈ സമീപനം ഇന്നും തുടർന്നു വരുന്നു. സമീപകാലത്ത് ദക്ഷിണ യമൻ, സിറിയ മുതലായ രാഷ്ട്രങ്ങളിലും ഇത്തരം സംഭവങ്ങൾ ആവർത്തിച്ചുവന്നതായി പത്രങ്ങളിൽ ധാരാളം റിപ്പോർട്ടുകളുണ്ടായിരുന്നു. മിക്ക അറബ് രാഷ്ട്രങ്ങളിലും

ഇസ്ലാമിന്റെ പാരമ്പര്യത്തെ അവഗണിക്കുന്ന പുത്തനാശയക്കാർക്ക് ഗണ്യമായ സ്വാധീനം നേടാൻ കഴിയുന്നുവെന്നതാണു ചരിത്രം.

കുവൈത്തിൽ അടുത്തു നടന്ന തിരഞ്ഞെടുപ്പിലും പാർലിമെന്റിന്റെ പുതിയ മെമ്പർമാരിൽ പ്രാമുഖ്യം നിഴലിച്ചുകാണുന്നത് നവീന ചിന്താഗതിക്കാണെന്നാണ് പറയപ്പെടുന്നത്. ഭരണകൂടത്തിന്റെ നിലനിൽപിന്റെ പേര് പറഞ്ഞു സഊദിലും ബഹറൈനിലും ഒമാനിലുമെല്ലാം സുന്നീ പണ്ഡിതൻമാർ പലപ്പോഴും പീഡിപ്പിക്കപ്പെടുന്നതായി വാർത്തകൾ ലഭിക്കാറുണ്ട്. ഈജിപ്തിലും സോഷ്യലിസം, ഭരണകർത്താക്കളെ സ്വാധീനിച്ചതിന്റെ തെളിവുകൾ കാണാം. ദീനുമായുള്ള ബന്ധം ദുർബലമായതിന്റെ മകുടോദാഹരണമാണ് മതവിഭാഗത്തെയെല്ലാം ക്ഷോഭിപ്പിച്ചു കൊണ്ട് ഗർഭഛിദ്രം, സന്താനനിയന്ത്രണം, സ്വവർഗ്ഗസംഭോഗ സ്വാതന്ത്ര്യം മുതലായവയെ ലക്ഷ്യം വെച്ചു വിളിച്ചു കൂട്ടിയ ലോകമേളക്ക് ഈജിപ്ത് ആതിഥേയ രാഷ്ട്രമാക്കി പേരെടുത്തത്. വിശ്വാസപരമായി വലിയ കുഴപ്പമില്ലാതെ നീങ്ങുന്ന സമ്പന്ന രാഷ്ട്രങ്ങളിൽ യു.എ. ഇയെ തൽകാലം എണ്ണാമെന്ന് മാത്രം.

ചുരുക്കത്തിൽ ആശയപ്പൊരുത്തമില്ലായ്മ, ദേശീയ ചിന്തയുടെ കടന്നുകയറ്റം, പുരോഗതിയുടെ പേരിൽ സംസ്കാരികമായി പാശ്ചാത്യരെ പിൻബലമാകുന്ന ചിന്താഗതി എന്നീ മാറാവ്യാധികൾക്ക് അടിമപ്പെട്ടു സ്വയം ശിഥിലമായി കൊണ്ടിരിക്കുകയാണ് മുസ്ലിം രാഷ്ട്രങ്ങൾ. പണത്തിനു മുസ്ലിം രാഷ്ട്രങ്ങൾക്ക് ഇന്ന് ലോപമില്ല. രാഷ്ട്ര വികസന പരിപാടികളും പല രാഷ്ട്രങ്ങളിലും നടക്കുന്നു. എന്നിരുന്നാലും രാഷ്ട്രതലവന്മാരുടെയും സമ്പന്നന്മാരുടെയും പണത്തിന്റെ ഗണ്യമായ ഭാഗം അമേരിക്കയിലും ഫ്രാൻസിലും ഇംഗ്ലണ്ടിലുമെല്ലാം നിക്ഷേപിച്ചു പാശ്ചാത്യരെ കൊഴിപ്പിക്കുകയാണവർ. പാശ്ചാത്യരുടെ കളിപ്പാവകളായി അവർ സ്വയം മാറുകയും സ്വന്തം വ്യക്തിത്വവും സമുദായത്തിന്റെ കെട്ടുറപ്പും വിസ്മരിക്കയുമാണ്. മുസ്ലിം രാഷ്ട്രങ്ങൾ മാത്രം സംഘടിച്ചു ഒരു മൂന്നാം ചേരിയായി വർത്തിക്കുകയും വിശ്വാസത്തിന്റെ പിടികയർ മാത്രം അവർക്കിടയിൽ മാധ്യമമായി സ്വീകരിക്കുകയും ചെയ്യാൻ മുതിർന്നാൽ, ലോകനേതൃത്വം സ്വയം ചമയുകയും അതിനായി എന്ത് വൃത്തികേടും

നടത്തുകയും ചെയ്യുന്ന അമേരിക്കയെപോലും തറപറ്റിക്കാൻ പ്രയാസമില്ല. നന്നെ ചുരുങ്ങിയത്, അമേരിക്കൻ ഗവൺമെണ്ടും ക്രിസ്തീയ സഭകളും മിഷനറി പ്രവർത്തനത്തിന് നൽകുന്ന പ്രാധാന്യമെങ്കിലും മുസ്ലിം ഭൂമിപക്ഷ ഗവൺമെന്റുകളും രാഷ്ട്ര തലവൻമാരും ഇസ്ലാമിന്റെ വളർച്ചയ്ക്കു നൽകുകയാണെങ്കിൽ സുഭിക്ഷമായ ഒരു സമുദായത്തെയും സുന്ദരമായ ഒരു മാതൃകാസമൂഹത്തെയും കാഴ്ചവെക്കാൻ നിഷ്പ്രയാസം കഴിയും.

ഭരണരംഗത്താണെങ്കിൽ ഇസ്ലാമിക ഭരണം എന്ന് വിശേഷിപ്പിക്കാവുന്ന രാഷ്ട്രങ്ങൾ തീരെ ഇല്ലെന്ന് പറയാം. ചിലർ ഇടക്കിടെ മുദ്രാവാക്യം മുഴക്കാറുണ്ടെങ്കിലും പ്രയോഗത്തിൽ വരുത്താൻ ആരും തയാറാവുന്നില്ല. ഏതെങ്കിലും ചേരിയുമായുള്ള വിധേയത്വമാണ് എല്ലാവരെയും നയിക്കുന്നത്. എന്നാൽ ഇസങ്ങളുടെ വേലിയേറ്റത്തിന് മാന്ദ്യം വന്ന ഈ സന്നിഗ്ദ്ധ ഘട്ടത്തിലെങ്കിലും മുസ്ലിം രാഷ്ട്രത്തലവൻമാർ ഒത്തുചേർന്ന് ഇസ്ലാമിക സന്ദേശത്തിന്റെ പ്രായോഗികത ലോകത്തിന്റെ മുമ്പിലവതരിപ്പിക്കാൻ മുതിരാത്തത് ഖേദകരമത്രെ.

## ഇസ്ലാമിക ലോകം

മുസ്ലിം ലോകത്തിന്റെ പൊതുവായ സ്ഥിതിയാണ് ഹ്രസ്വമായി നാം വിലയിരുത്തുന്നത്. എന്നാൽ സാർവജനീനവും സാർവകാലികവുമായ പരിശുദ്ധ മതത്തെ ലോക നാഥൻ സ്വയം ഏറ്റെടുത്തുകൊണ്ടുള്ള വിശുദ്ധ ഖുർആന്റെ പ്രഖ്യാപനം പ്രത്യാശക്ക് എന്നും വക നൽകുന്നു." ഗ്രന്ഥം നാം അലവതരിപ്പിച്ചു. നാം അതിനെ സംരക്ഷിക്കുകയും ചെയ്യുന്നു"(15-9) എന്ന വിശുദ്ധ വാക്യം അനുസ്മരണീയമത്രെ. കാപിറ്റലിസം എത്ര ശക്തി പ്രാപിച്ചാലും അതിൽ മതിമറന്ന് ലോകം ചുറ്റുന്ന ഹിപ്പികൾപോലും സമാധാനത്തിന്റെ നീരുറവ് തേടി നടക്കുന്നു. സോഷ്യലിസവും കമ്മ്യൂണിസവും ലോകമണ്ണിൽ കുഴിച്ചുമൂടാൻ രണ്ടു നൂറ്റാണ്ടുകളുടെ കാലപ്പഴക്കം ആവശ്യമായി വന്നില്ല. സ്റ്റാലിനും ക്രൂഷ്ചേവും മാവോസേതുങ്ങും മാത്രമല്ല സുകാർണോവും നജീബുല്ലയുമെല്ലാം ചരിത്രത്തിൽ വിസ്മരിക്കപ്പെട്ട വ്യക്തികളായി മാറിക്കൊണ്ടിരിക്കുന്നു.

ഡാർവിൻ സിദ്ധാന്തത്തിനും മാർക്സിസ്റ്റ് ആശയത്തിനും വേരോട്ടമുണ്ടായ മണ്ണുകൾ ഇന്നതിന്റെ ഖബറിടങ്ങളായി മാറിക്കൊണ്ടിരിക്കുന്നു. സോവിയറ്റ് റഷ്യയിലും തുർക്കിസ്ഥാനിലുമെല്ലാം മതത്തിന്റെ എഴുന്നേൽപിന്റെ കിരണങ്ങൾ ദൃശ്യമായിത്തുടങ്ങിയിരിക്കുന്നു. അമേരിക്കയിലും മറ്റു പാശ്ചാത്യ രാജ്യങ്ങളിലുമെല്ലാം ചിന്തകരും സമാധാനകാംക്ഷികളും ശാന്തിയും തേടി ഇസ്‌ലാമിന്റെ മടിത്തട്ടിലേക്ക് കടന്നുവരാൻ വെമ്പൽ കൊള്ളുകയാണ്. ചിന്തകന്മാരിൽ ധാരാളം പേർ ഇസ്‌ലാമതം ആശ്ലേഷിച്ചു. സ്വാനുഭവങ്ങൾ ജനസമക്ഷം സമർപ്പിക്കുന്നു. യുക്തി രഹിതമായ ത്രിയേകത്വവും ദൈവ പുത്രാശയവും കൊണ്ട് അധികകാലം പിടിച്ചു നിൽക്കാനാവില്ലെന്ന് സാവകാശം ക്രിസ്ത്യാനികൾക്ക് തന്നെ ബോധ്യപ്പെട്ടുകൊണ്ടിരിക്കുന്നു. യുക്തിക്കനുയോജ്യമായ തത്വസംഹിതയും ആചാരമര്യാദകളും അടിയുറച്ച വിശ്വാസ മഹിമയും സത്യാന്വേഷികളെ ആകർഷിക്കുന്നതിൽ അത്ഭുതമില്ലല്ലോ?.

ഇയ്യിടെ കാലിഫോർണിയ സന്ദർശനാനുഭവം നമ്മുടെ മാന്യ സുഹൃത്ത് എ.പി.അബൂബക്കർ മുസ്‌ലിയാർ വിവരിച്ചപ്പോൾ സുന്നി ആദർശത്തിലടിയുറച്ച ധാരാളം മുസ്‌ലികളും ഇസ്‌ലാമിക കേന്ദ്രങ്ങളും അവിടെ പ്രവർത്തിക്കുന്നതായി ഗ്രഹിക്കാൻ കഴിയുന്നു. ഇസ്‌ലാമിക ഐക്യത്തിന്റെ പേരും പറഞ്ഞ് റാബിത്തയുടെ നിഴലിലും മറ്റും നവീനാശയങ്ങൾ കുത്തി ചെലുത്താൻ ഒരു ഭാഗത്ത് ശ്രമം നടത്തുന്നുണ്ടെന്നത് സത്യമാണെങ്കിലും അതേ സമയത്ത് പണക്കൊഴുപ്പിന്റെ നിഴലില്ലാതെ സുന്നിവിശ്വാസവും അവിടങ്ങളിൽ നിലനിൽക്കുന്നുവെന്നത് ആശാവഹമാണ്. കൊച്ചുകേരളത്തിന്റേയും സ്ഥിതി മറിച്ചല്ലല്ലോ? എത്ര തന്നെ ശ്രമം നടത്തിയാലും സലഫുസ്സാലിഹീങ്ങൾ വെട്ടിത്തെളിച്ചുതന്ന സത്യപാതക്ക്പോറലേൽക്കാതെ സമുദായത്തിൽ ഒരു വിഭാഗം ഇവിടെ നിലനിൽക്കുന്നുമെന്നതിൽ സംശയമില്ല. " എന്റെ സമുദായത്തിൽ ഒരു വിഭാഗം സത്യത്തിൽ പ്രത്യക്ഷമായി സ്ഥിതി ചെയ്യുന്നതാണ്, അവരോടെതിർക്കുന്നവർ അവർക്ക് ദ്രോഹമായിരിക്കില്ല."(ബുഖാരി) എന്ന തിരുവചനം നമ്മെ സമാശ്വസിപ്പിക്കുന്നു.

എന്നാൽ നമ്മുടെ പങ്ക് നാം നിർവ്വഹിക്കുന്നുണ്ടോ എന്ന് ഓരോ മുസ്‌ലിമും ആത്മപരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്. ഓരോ ദേശത്തിലും രാഷ്ട്രത്തിലും യഥാർത്ഥ ഇസ്‌ലാമിന് നേരിടേണ്ടി വരുന്ന വെല്ലുവിളികൾ പഠിച്ചു അതിനെ തരണം ചെയ്യാനുള്ള ത്യാഗബുദ്ധിയാണതിനാവശ്യമായിരിക്കുന്നത്. പണ്ഡിതപാമര വ്യത്യാസമന്യേ ഓരോരുത്തരും കർത്തവ്യബോധത്തോടെ മുന്നേറാൻ ശ്രമിക്കുക. വിജയം നമ്മുടെ കൂടെയായിരിക്കും. അല്ലാഹു സഹായിക്കുമാറാകട്ടെ-ആമീൻ.

(എസ് വൈ.എസ്. 40-ാം വാർഷിക സുവനീർ-1995)

# മുസ്‌ലിംകളും വിദ്യാഭ്യാസവും

വിജ്ഞാനത്തിന് ഏറ്റവും മൂല്യം നൽകുകയും ലോകജനതക്ക് അതിന്റെ വിവിധ ശാഖകൾ വിതരണം നടത്തുകയും ചെയ്ത ഒരു സമുദായമെന്ന സൽപ്പേര് മറ്റൊരു സമുദായത്തിനും അവകാശപ്പെടാൻ സാധ്യമല്ല. ചില ശാഖകൾ പരിപോഷിപ്പിക്കുന്നതിൽ മറ്റു ചില സമുദായങ്ങൾക്ക് പങ്ക് അവകാശപ്പെടാമെങ്കിലും മൊത്തത്തിൽ എല്ലാ മേഖലയിലും മുൻപന്തിയിൽ മുസ്‌ലിംകളെ ചരിത്രം ദർശിക്കുന്നു.

ആത്മീയ വിജ്ഞാനത്തിന്റെ അന്തസത്ത പ്രവാചകൻമാർ മുഖേനയാണ് പ്രചരിപ്പിക്കപ്പെട്ടത് എന്ന വസ്തുത അവിതർക്കിതമാണ്. എന്നാൽ അതിന്റെ പരിപൂർണ്ണത പ്രവാചക സമാപ്തി കുറിച്ച മുഹമ്മദ് നബി(സ) മുഖേനയാണ് ലോകം ദർശിച്ചത്. വിവിധ തലത്തിലുള്ള ത്വരിഖത്തിന്റെ ശൈഖുകൾ കാലാകാലം പ്രചരിപ്പിച്ചു ജനങ്ങളെ സംസ്കരിച്ചു വരുന്നത് അതിന്റെ വ്യക്തമായ തെളിവാണ്. മൂല്യം നഷ്ടപ്പെട്ട, ഉദ്ദേശ്യലക്ഷ്യപ്രാപ്തിക്ക് മാർഗ്ഗമില്ലാത്ത ചില ആത്മീയ നാമം, സന്യാസം, പൗരോഹിത്യം എന്നീ നാമങ്ങളിൽ അറിയപ്പെടുന്നുണ്ടെങ്കിലും ആത്മീയ വിജ്ഞാന ശാഖകൾ ലിഖിതം ചെയ്യുകയും തദനുസാരം പരിശീലിപ്പിക്കുകയും ചെയ്തു വരുന്ന ഒരു പദ്ധതിയെന്ന നിലക്ക് മറ്റൊരു സമുദായത്തിനും അത് അവകാശപ്പെടാൻ അർഹതയില്ലാത്തതാണ്. അത്പോലെ മതവിജ്ഞാനം വിവിധശാഖകളിലായി തരംതിരിച്ചു ലിഖിതം ചെയ്യുകയും ഗവേഷണ നിരീക്ഷണങ്ങൾ നടത്തുകയും പരിപോഷിപ്പിക്കുകയും ചെയ്തതും മറ്റു സമുദായങ്ങൾക്കന്യമത്രെ.

അത്കൊണ്ട്തന്നെ മുസ്‌ലിം സമുദായത്തെ മുൻനിർത്തി വിദ്യാഭ്യാസകാര്യം ചർച്ചചെയ്യപ്പെടുമ്പോൾ മതവിദ്യാഭ്യാസം, ഭൗതിക വിദ്യാഭ്യാസം എന്നിങ്ങനെ രണ്ടായി തരംതിരിക്കപ്പെട്ടുവന്നിരിക്കുന്നു. എന്നാൽ ഇസ്‌ലാമിക ചരിത്രത്തിലേക്ക് കണ്ണോടിക്കുന്ന ഏതൊരാൾക്കും പ്രസ്തുത രണ്ടു മേഖലയിലും നേതൃസ്ഥാനത്ത് ഹിജ്റ ഒന്നും രണ്ടും മൂന്നും നൂറ്റാണ്ടിനെ ദർശിക്കാൻ കഴിയും. ഇസ്‌ലാമിക വിജ്ഞാനത്തിന്റെ വിവിധ ശാഖകളായ തഫ്സീർ, ഹദീസ്, ഫിഖ്ഹ്,അഖീദ, തസ്വവ്വുഫ് എന്നീ മേഖലകളിലെല്ലാം പ്രസ്തുത നൂറ്റാണ്ടുകളിൽ നടന്ന ഗവേഷണങ്ങളും ചർച്ചകളും വിരചിതങ്ങളായ ഗ്രന്ഥങ്ങളുമാണ് അന്ത്യദിനം വരെ അനുകരണീയവും മാതൃകയും എന്നതിൽ സംശയമില്ല. ചർവ്വിത ചർവ്വണങ്ങളും, വിശദീകരണങ്ങളും എത്ര വിശാലമായിട്ടുണ്ടെങ്കിലും പ്രസ്തുത നൂറ്റാണ്ടുകളുടെ മൂല്യം ശോഷിക്കാത്തവക്കേ ഇസ്‌ലാമിൽ ആധികാരികതയുള്ളൂ. അത്കൊണ്ടാണത്രെ ഉത്തമനൂറ്റാണ്ട് എന്റെ നൂറ്റണ്ടും പിന്നീട് അതോടടുത്തതുമായ നൂറ്റാണ്ടുകളാണെന്ന് റസൂൽ(സ)അരുളിയത്.(ബുഖാരി).

ഭൗതിക വിജ്ഞാന ശാഖകളായ ഭാഷാവിജ്ഞാനങ്ങളും വിവിധ ശാസ്ത്രീയ വിജ്ഞാനങ്ങളും ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും ഭാഷകളിൽ നിന്നും പകർത്തി വിപുലീകരണത്തിനുവഴിയൊരുക്കിയതും പ്രസ്തുത നൂറ്റാണ്ടുകളിലെ മുസ്‌ലിം നേതാക്കളായിരുന്നു എന്ന് കാണാം. ഉദാഹരണത്തിന് നാലു മദ്ഹബിന്റെ ഇമാമുകൾ, ഇമാം അശ്അരി, മാതുരീദി, സ്വിഹാഹിന്റെ റിപ്പോർട്ടർമാർ, ത്വബ്‌രി തുടങ്ങിയ മുഫസ്സിറുകൾ, ത്വരീഖത്തിന്റെയും തസ്വവ്വുഫിന്റെയും മുൻപന്തിയിലുള്ള ജുനൈദുൽ ബഗ്ദാദി (റ) തുടങ്ങിയ മഹാൻമാരെ നമുക്ക സ്മരിക്കാം. ഭിഷഗ്വരൻമാരായ അബൂബക്കർ അൽറാസി, ഇബ്നുസീന, കെമിസ്ട്രിയുടെ പിതാവെന്നറിയപ്പെടുന്ന ജാബിറുബ്നുഹയ്യാൻ, ഗണിതശാസ്ത്രത്തിന്റെ ആൾജിബ്രയുടെ വിധാതാവായ മുഹമ്മദുബ്നു മൂസൽ ഖവാറസ്മി, ഭൂമിശാസ്ത്രജ്ഞനായ അൽബിറൂനി തുടങ്ങിയ ഭൗതികമായ വ്യത്യസ്ത ശാഖകളിൽ പ്രാവീണ്യം നേടുകയും പരീക്ഷണ നിരീക്ഷണങ്ങൾ നടത്തുകയും ചെയ്ത ധാരാളം മുസ്‌ലിം ശാസ്ത്രജ്ഞൻമാരെയും ചരിത്ര

ത്തിൽ നമുക്കു ദർശിക്കാം.

ഏതാണ്ട് ഏട്ടുനൂറ്റാണ്ടിലധികം ഒരു വിധത്തിലല്ലെങ്കിൽ മറ്റൊരുവിധത്തിൽ പ്രസ്തുത പാരമ്പര്യം മുസ്ലിംകൾ നിലനിർത്തിപോന്നിരുന്നു. പ്രസ്തുത ചരിത്ര പാശ്ചാത്തലം പരിശോധിക്കുമ്പോൾ പത്തൊമ്പതാം നൂറ്റാണ്ടിൽ കഴിഞ്ഞുപോയ ദുരവസ്ഥയെ ഹൃദയവേദനയോടല്ലാതെ വിലയിരുത്താൻ ചരിത്രഗവേഷകൻമാർക്ക് സാധ്യമല്ലാതെ വരുന്നു. ലോകജനതക്കിടയിൽ വിദ്യാഭ്യാസ മേഖലയിൽ മുസ്ലിംകൾ പിന്നാക്ക സമുദായമായിത്തീർന്നിരിക്കുന്നു. ഏതെങ്കിലും വ്യക്തികൾ നാമമാത്രമായി ചില ഉന്നത സ്ഥലങ്ങളിൽ എത്തിപ്പെട്ട ഒറ്റപ്പെട്ട സംഭവം ഒഴിച്ചു നിർത്തിയാൽ ഈകാര്യം ആഗോളവിപത്തായി സമുദായത്തെ തരംതാഴ്ത്തികൊണ്ടിരിക്കുന്നു. പീഡനമേൽക്കാൻ വിധിക്കപ്പെട്ടവരായി പല രാഷ്ട്രങ്ങളിലും മുസ്ലിംകൾ നീങ്ങികൊണ്ടിരിക്കുകയാണ്.

കാരണം ചരിത്രപരമായി അന്വേഷിക്കുമ്പോൾ മുസ്ലിംകളുടെ സംഘടിത ശക്തിയുടെ അഭാവവും സ്വാർത്ഥതാൽപര്യങ്ങളിൽ ഉന്നതർ ലയിച്ചുപോയതുമാണെന്നു കണ്ടെത്താവുന്നതാണ്. കുരിശുയുദ്ധാനന്തരം സിയോണിസ്റ്റുകളും ക്രിസ്തുമതക്കാരുമായ പാശ്ചാത്യർ നടത്തിയ നിഗൂഢ ശ്രമങ്ങൾ ഫലപ്പെടുകയും അതുവഴി മുസ്ലിംകളുടെ രാഷ്ട്രീയവും വൈജ്ഞാനികവുമായ രംഗം ശൂന്യമായികൊണ്ടിരിക്കുകയുമായിരുന്നു. നാമമാത്രമെങ്കിലും ഉസ്മാനിയ്യാ ഭരണ കൂടം തലയുയർത്തി നിന്നത് കണ്ണുകടിയോടെ നോക്കികണ്ട പാശ്ചാത്യർ ഒന്നാം ലോകമഹായുദ്ധാനന്തരം അതു തുരത്തിയുകയും രാഷ്ട്രം തുണ്ടുതുണ്ടാക്കി ശൈഖുമാരുടെയും മറ്റും കരങ്ങളിൽ ഏൽപ്പിക്കുകയും അതിർത്തി തർക്കം തീരാശാപമാക്കി രാഷ്ട്രീയ വൈരം നിലനിർത്തുകയും ചെയ്തു. അതോടെ സമുദായം പൊതുവെ നിദ്രയിലാണ്ടുകഴിയുകയുമായി.

ഒരു ഭാഗത്ത് പാശ്ചാത്യൻ സൃഷ്ടിയായ ഓറിയൻലിസ്റ്റു പരിഭാഷകൾ വഴി മതവിജ്ഞാനരംഗം അലങ്കോലപ്പെടുത്തിയപ്പോൾ അതിന്റെ ചുവടുവെച്ച് മതരംഗത്ത് നവീനാശയം പ്രചരിപ്പിക്കാനുള്ള തന്ത്രത്തിൽ ഹംഫറുമാരെയും മീർസയെപ്പോലുള്ള ദല്ലാളികളെയും ചാരൻമാരായി

നിയോഗിച്ചു വിശ്വാസകാര്യങ്ങളിൽ കൈകടത്തുകയായിരുന്നു. പൂർവസൂരികൾ നിലനിർത്തിയ പൗരാണിക അറബി സാഹിത്യം തുടച്ചുനീക്കുവാൻ പാശ്ചാത്യർ പദങ്ങൾ തള്ളിക്കയറ്റി പുതിയ സാഹിത്യാവതരണവും അതിന്റെ പ്രചാരണാർത്ഥമുള്ള പത്രങ്ങളും വഴി പൂർവഗ്രന്ഥങ്ങളിൽ വൈമുഖ്യം സൃഷ്ടിച്ചു. അതിന്റെ മുമ്പിലും ജമാലുദ്ദീൻ അഫ്ഗാനി മുഹമ്മദ് അബ്ദുറശീദ് രിസായെപ്പോലുള്ള വേഷധാരികളായിരുന്നു.

ഈ കോലാഹലങ്ങൾക്കിടയിൽ സമുദായം മതിമറന്ന് ഇരുമേഖലയിലുള്ള വിജ്ഞാനത്തിലും ശ്രദ്ധചെലുത്താതെ പിന്നോക്ക സമുദായമായി പിന്തള്ളപ്പെടുകയായിരുന്നു. ഈ ദശാസന്ധിയിലാണ് കേരളത്തിലെ തലയെടുപ്പുള്ള പണ്ഡിതസംഘടനയായ സമസ്ത കേരള ജംഇയ്യത്തുൽ ഉലമാ മതവിദ്യാഭ്യാസ രംഗത്ത് സംഘടിത ശ്രമം ആരംഭിക്കുകയും 1951-ൽ ഇസ്ലാമത വിദ്യാഭ്യാസ ബോർഡിന് രൂപം നൽകുകയും ചെയ്തത്. അതിന് 1989 മുതൽ പുതിയ രൂപവും ഭാവവും നൽകി നവീന രീതിയിലുള്ള പരിഷ്കരണത്തോടെ സുന്നീ വിദ്യാഭ്യാസ ബോർഡ് എന്ന നിലക്ക് വ്യാപിപ്പിക്കുകയും അല്ലാഹുവിന്റെ അനുഗ്രഹത്താൽ 1996 മുതൽ അഖിലേന്ത്യാതലത്തിൽ ഡൽഹി ആസ്ഥാനമാക്കി മറ്റു സംസ്ഥാനങ്ങളിലും പ്രവർത്തിച്ചുവരികയാണ്. എങ്കിൽ അത് പരിഷ്കരിക്കുകയും മുതവ്വൽ കോഴ്സും വിവിധ വിഷയങ്ങളിൽ തഖസ്സുസും (ബിരുദാനന്തര കോഴ്സുകളും) വ്യാപകമാക്കിയാൽ മതവിജ്ഞാനരംഗം പുരോഗമിക്കുമെന്ന് സ്വാഭാവികമായും നമുക്ക് പ്രതീക്ഷിക്കാം.

അതോടൊപ്പം തന്നെ മതബോധത്തോടുകൂടി ഭൗതികവിദ്യാഭ്യാസവും കരസ്ഥമാക്കിയ ഒരു തലമുറകൂടി വളർന്നുവന്ന് ദഅ്വാപ്രവർത്തനം നടത്തിയാലെ ഓറിയന്റലിസ്റ്റ്, അഫ്ഗാനിസ്റ്റു ചിന്താഗതിയിലാണ്ടുപോയ തലമുറയെ വീണ്ടെടുത്ത് പൂർവികൻമാരുടെ കാൽച്ചുവട് പിൻപറ്റുന്ന ഒരു തലമുറയെ വാർത്തെടുക്കാൻ സാധ്യമാകൂ എന്ന് പണ്ഡിതൻമാർ ചിന്തിച്ചു. കൂടാതെ ദാരിദ്ര്യത്തിനടിമപ്പെട്ടു സ്വയംപര്യാപ്തതയില്ലാത്ത വിഭാഗത്തിന് ഇരു വിജ്ഞാനത്തോടൊപ്പം സാങ്കേതിക വിജ്ഞാനവും കൈത്തൊഴിലും കൂടി ശീലിപ്പിക്കേണ്ട ആവശ്യകതയും ബോധ്യമാവുകയായിരുന്നു.

പ്രസ്തുത മൂന്നു കാര്യങ്ങളും മുൻനിർത്തി കേരളത്തിലാദ്യമായി ഉടലെടുത്ത മാതൃകാസ്ഥാപനമാണ് ജാമിഅ:സഅദിയ്യ: ബൃഹത്തായ 20 സ്ഥാപനങ്ങൾ മൊട്ടിട്ടു വളർന്നുപന്തലിച്ചു വരികയാണ്. കാസർഗോഡു പട്ടണത്തിന്റെ പ്രാന്തപ്രദേശമായ സഅദാബാദിൽ പ്രസ്തുത ചുവട് വെച്ച് കോഴിക്കോടിന്റെ ഹൃദയഭാഗത്ത് കാരന്തൂരിൽ പടുത്തുയർത്തിയ മർക്കസ്സുസ്സഖാഫത്തി സുന്നിയ്യ, ആഗോളതലത്തിൽ പ്രസിദ്ധിയാർജ്ജിച്ചു കൊണ്ടിരിക്കുന്നു. കണ്ണൂർ ജില്ലയിലെ മഖറുസ്സുന്നിയ്യ തുടങ്ങി മറ്റു ജില്ലകളിലും അത്തരം സ്ഥാപനങ്ങൾ ഉയർന്നു വരുന്നത് ശുഭോദർക്കമത്രെ. ലക്ഷ്യം കരഗതമാക്കാൻ ഇനിയും ധാരാളം കടമ്പകൾ കടക്കേണ്ടതുണ്ട്. പൂർവ്വികരുടെ ചരിത്രവും പാരമ്പര്യവും കൂടുതലായി യുവഹൃദയങ്ങളിൽ അങ്കുരിപ്പിക്കണം. ഭാവിയുടെ വാഗ്ദാനങ്ങളായി വിദ്യാർത്ഥി തലമുറയെ ഈ അടിസ്ഥാനത്തിൽ വളർത്തിയെടുക്കണം.

സുന്നീ ആദർശം അടിത്തറയാക്കി, പൂർവ്വികരെ ബഹുമാനിക്കുകയും മതിപ്പുളവാക്കുകയും ചെയ്യുന്ന നേതാക്കളായി അവരെ പാകപ്പെടുത്തണം. അതിനായി ഇരുമേഖലകളിലുമുള്ള പരിജ്ഞാനം പൂർവ്വോപരി പരിപോഷിപ്പിക്കുകയും സ്വയം പര്യാപ്തത കരഗതമാക്കുന്ന സാങ്കേതിക വിജ്ഞാനവും തൊഴിൽ പരിശീലനവും നേടിയെടുക്കാൻ വേണ്ടത് ചെയ്തിരിക്കണം. അഖിലേന്ത്യാതലത്തിൽ ഉർദുവിലും അറബിയിലും ഒന്നു മുതൽ സുന്നീ വിദ്യാഭ്യാസ ബോർഡ് ആവിഷ്കരിച്ച പാഠ്യ പദ്ധതിയും പാഠപുസ്തകങ്ങളും മത വിജ്ഞാനരംഗം പരിപോഷിപ്പിക്കാനുള്ള പ്രഥമ കാൽവെപ്പായി സമുദായം കണക്കിലെടുത്ത് പ്രചരണവും പ്രോത്സാഹനവും ചെയ്തുകൊണ്ടിരിക്കുകയും നിസാമി സിലബസ് പരിപോഷിപ്പിക്കുന്നതോടൊപ്പം പൂർവ്വികൻമാരുടെ വിജ്ഞാന സമുദ്രത്തിൽ ഇറങ്ങിച്ചെന്ന് വിവിധ വിഷയങ്ങളിൽ ഗവേഷണപടുക്കളെ സജ്ജരാക്കാനുതകുന്ന ഉപരിപഠന കേന്ദ്രങ്ങൾ കൂടി പടുത്തുയർത്തണം.

അതോടൊപ്പം തന്നെ ഭൗതിക വിജ്ഞാനത്തിലും സാങ്കേതിക-തൊഴിൽ മേഖലകളിലും കരുത്താർജ്ജിക്കാൻ പ്രോത്സാഹനം നൽകിവരണം. അത്തരത്തിൽ ബോധവാൻമാരായ ഒരു തലമുറ സമുദായ നേതൃത്വത്തിലെത്തിച്ചേരുകയും വേണം. എങ്കിൽ പൂർവ്വികരുടെ കാൽപ്പാടു

കൾ പിൻപറ്റുന്ന സമൂഹത്തെ നമുക്കു പ്രതീക്ഷിക്കാവുന്നതാണ്. പ്രസ്തുത യജ്ഞത്തിൽ നടത്തുന്ന ഏതു ശ്രമവും അല്ലാഹുവിന്റെ മാർഗത്തിലുള്ള ത്യാഗവും ജിഹാദുമത്രെ. ആ മാർഗ്ഗത്തിൽ ചിലവഴിക്കുന്ന സംഖ്യ തീർച്ചയായും അവന്റെ മാർഗ്ഗത്തിൽ ചിലവഴിക്കുന്ന ദാനമാണ്. ഈ നിലക്കു ചിന്തിച്ചു പ്രവർത്തിക്കാൻ സന്മനസ്സിനായി നമുക്കു പ്രാർത്ഥിക്കാം. നിഷ്കളങ്കമായ പ്രവർത്തനവും പ്രാർത്ഥനയുമല്ലാതെ അതിനു മറ്റു നിമിത്തങ്ങളില്ല. ചിന്തകന്മാർ ഹൃദയം തുറക്കട്ടെ. നേതാക്കൾ സഹകരിക്കട്ടെ. നല്ല ഭാവിക്കായി നമുക്കൊത്തൊരുമിച്ചു നീങ്ങാം. റബ്ബ് തുണക്കുമാറാകട്ടെ-ആമീൻ.

*(അൽ മിസ്ബാഹ്-2000 ഉള്ളാൾ ഉറൂസ്-സമ്മേളന സുവനീർ)*

# മൗദൂദിസവും വൈരുദ്ധ്യങ്ങളും

അബുൽ അഅ്ലാ മൗദൂദിയാൽ 1943 ൽ സ്ഥാപിതമായ ഒരു പ്രസ്ഥാനമാണ്. 'ജമാഅത്തെ ഇസ്ലാമി സ്ഥാപന കാലം മുതൽക്ക് തന്നെ പരസ്പര വൈരുദ്ധ്യങ്ങളാൽ നിബിഢമായ ഒരു പ്രസ്ഥാനമാണിതെന്ന് സൂക്ഷ്മ വീക്ഷണം നടത്തുന്ന ഏതൊരാൾക്കും സുതരാം വ്യക്തമാകുന്നതാണ്. ആദ്യം ഹുക്കൂമത്തെ ഇലാഹിവാദവുമായിട്ടായിരുന്നു അത് പ്രത്യക്ഷപ്പെട്ടത്. സ്വഹാബികൾക്ക് ഭ്രഷ്ട് നൽകാൻ മാത്രം അധഃപതിച്ച ഖവാരിജുകളുടെ പ്രസ്തുത വാദവുമായിട്ടാണ് ഇക്കൂട്ടർ രംഗപ്രവേശനം ചെയ്തിരുന്നത്. പ്രസ്തുത പാർട്ടിയുടെ ഇന്ത്യൻ ഘടകം ഇന്ത്യ- പാകിസ്ഥാൻ വിഭജനാന്തരം അവരുടെ വാദം "ഇഖാമത്തുദ്ദീൻ" എന്നാക്കി മാറ്റുകയുണ്ടായി.

എന്നാൽ പ്രസ്തുത വാദവും ഓഫീസിന്റെ ബോർഡും; മിസിസ് ഇന്ദിരാഗാന്ധി അടിയന്തരാവസ്ഥ പ്രസ്ഥാവിക്കുകയും അമീറിനെയും മറ്റും കൽതുറുങ്കിലിട്ടടയ്ക്കുകയും ചെയ്തതോടെ അവർ എടുത്തു മാറ്റുകയുണ്ടായി. അതോടെ ഇഖാമത്തുദ്ദീൻ വാദവും അസ്തമിച്ചു കഴിഞ്ഞതാണ്. പ്രസ്തുത ലക്ഷ്യം നിലവിലുണ്ടെങ്കിൽ ഞാൻ വളരെ മുമ്പെ അതിൽ നിന്ന് രാജിവച്ചിരുന്നുവെന്ന് എഴുതി റിക്കാർഡാക്കി തടി തപ്പിയ ചോട്ട നേതാക്കളും, ജയിൽ മുക്തിക്കായി ഞങ്ങൾ തുടരുകയില്ലന്ന് അധികൃതർക്ക് എഴുതി കൊടുത്ത് രക്ഷപ്പെട്ട ബഡാനേതാക്കളും ഇന്നും അതിന്റെ വക്താക്കളായി തുടരുന്നതിന്റെ പേർ വൈരുദ്ധ്യമെന്നല്ലങ്കിൽ

അതിന് പ്രത്യേക നാമം രേഖപ്പെടുത്തേണ്ടി വരും.

ഇന്ത്യൻ രാഷ്ട്രീയ മണ്ഡലം അവിഭക്ത ഭാരതത്തിൽ ചുവട് പിടി ച്ചപ്പോൾ രാഷ്ട്രീയ പാർട്ടികളെ ഒന്നടക്കം അനിസ്‌ലാമികളും താഗൂത്തു മായി ചിത്രീകരിച്ച നേതാവും , 1947- ൽ വിഭജനം നടന്നതോടെ പാകി സ്ഥാനിൽ ഒട്ടിപ്പിടിച്ചു. അത് ദാറുൽ ഇസ്‌ലാമും (മുസ് ലിം ഭരണ രാഷ്ട്രം) ഇന്ത്യാ ദാറുൽ ഹർബും( ഇസ്ലാമിനെതിരിൽ യുദ്ധപ്രഖ്യാപന ത്തിന്റെ സ്ഥാനം വഹിക്കുന്നരാഷ്ട്രം) ആയി പ്രഖ്യാപിക്കുകയും ഇരു രാഷ്ട്രങ്ങൾക്കിടയിൽ വിവാഹ ബന്ധമോ അനന്തരാവകാശമോ നില നിൽക്കയില്ലെന്നും ദാറുൽ ഹർബായ ഇന്ത്യയിൽ താമസിക്കുന്നത് ഹറാ മാണെന്നും ഫത്‌വ നൽകാൻ മുതിർന്ന ആ നവീന മതം വൈരുദ്ധ്യാതി ഷ്ഠിത മാണെന്നതിന് കൂടുതൽ തെളിവുഖമിക്കേണ്ടതില്ല. അന്ന് ആശയക്കുഴപ്പത്തിലായ അനുയായികൾ അക്കാര്യം വിസ്മരിക്കുകയാ ണെന്ന് പെയ്യുന്നത്.1945 -ൽ ജനപ്രതിനിധി സഭകളിലും അസംബ്ലികളും പങ്കെടുത്തുന്നതും, അത്തരം ഭരണത്തിനു കീഴിൽ ഉദ്യോഗം വരിക്കു ന്നത് ഹറാമാണെന്ന് ഫത്‌വചെയ്ത നേതാവും അനുയായികളും പിന്നീട് ഇന്ത്യയിലും പാകിസ്ഥാനിലും തെരഞ്ഞെടുപ്പുകളിൽ പങ്ക് ചേരുകയും ധാരാളം ജമാഅത്ത് സുഹൃത്തുക്കൾ ഇന്നു സെക്കുലർ ഗവൺമെന്റിന്റെ ഉദ്യോഗം വരിക്കുകയും അതിന്റെ സ്വാധീനത്തിൽ പാർട്ടി വളർത്തി വരികയുമാണ്.

സ്ത്രീഭരണാധികാരിയാവാൻ ഇസ്‌ലാമിക ദൃഷ്ട്യാ പാടില്ലെന്ന് മറ്റു പണ്ഡിതൻമാരെപോലെ ഫത്‌വ നൽകിയിരുന്ന മൗദൂദി, ഫാതിമ ജിന്ന പാക്ക് പ്രസിഡണ്ട് പദത്തിനായുള്ള തെരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥി യായപ്പോൾ പ്രസ്തുത നയം മാറ്റുകയും അവരുടെ വിജയത്തിനായി ശ്രമിക്കുകയുമാണ് ചെയ്തത്.

കിതാബും സുന്നത്തുമാണ് തങ്ങളുടെ ആധാരമെന്ന് വരുത്തി ബഹു ജനങ്ങളുടെ ഹൃദയം ആകർഷിപ്പിക്കുകയും അതേ സമയത്ത് പ്രസ്തുത രണ്ട് അടിസ്ഥാന മൂല്യങ്ങൾ തിരുദൂദരിൽ നിന്ന് ഏറ്റെടുത്ത് സമുദായസമക്ഷം സമർപ്പിച്ച സഹാബികളെ തെറ്റിദ്ധരിപ്പിക്കുകയും

അവരെ പാപികളായി താറടിച്ചു കാണിക്കുകയും അവരെ പ്രശംസിക്കുന്നവരെ ദുർമാർഗ്ഗികളുമാക്കാൻ ( തഫ്ഹീമാത്ത് 1/294) മാത്രം ഈ പാർട്ടി അധഃപതിച്ചിരിക്കുന്നു.

പ്രവാചകരിൽ വിശ്വസിക്കണമെന്നും അവിടുന്നുകൊണ്ടു വന്നതാണ് സാക്ഷാൽ ഇസ് ലാമെന്നും വാദിക്കുകയും അതേസമയത്തിൽ പ്രവാചകൻമാർ പാപരഹിതരോ പാപ സുരക്ഷിതരോ അല്ലെന്ന് രേഖപ്പെടുത്തുകയും ചെയ്തത് തികച്ചും വൈരുദ്ധ്യമാണ്. ( തഫ്ഹീമാത്ത്.വാ:2 പേ: 43, 163) പ്രവാച്ക പ്രഭുവിന്റെ ദീനാണ് ഞാൻ സാഹിത്യം വഴി പ്രചരിപ്പിക്കുന്നതെന്ന് പെരുമ്പറയടിക്കുകയും അതേ സമയം അവിടന്ന് ഒറ്റക്കണ്ണൻ ദജ്ജാലിന്റെയും മറ്റു സംഭവങ്ങൾ പറഞ്ഞത് കെട്ട് കഥയാണെന്നും പറയാൻ( റസാഇൽ 1/42,44,45) മുതിർന്നപ്പോൾ അതിലുള്ള വൈരുദ്ധ്യം കണ്ടെത്താൻ അതിന്റെ അനുയായികൾക്ക് സാധിക്കാത്തത് ബുദ്ധി പാർട്ടിക്ക് വേണ്ടി പണയപ്പെടുത്തിയത് കൊണ്ട് മാത്രമാണ്.

നബി(സ) കൊണ്ട് വന്ന ദീനാണ് താൻ പ്രചരിപ്പിക്കുന്നതെന്ന് കൊട്ടിഘോഷിക്കുകയും അതേ സമയം അവിടന്ന് ഈമാൻകാര്യം ആറായി എണ്ണിയത് അഗണ്യ കോടിയിൽ തള്ളി ഈമാൻകാര്യം അഞ്ചായി പ്രഖ്യാപിക്കുകയും താൻ മൂലം അതിനെ കുറിച്ച് പണ്ഡിതർക്കിടയിൽ കോളിളക്കം സൃഷ്ടിക്കപ്പെട്ടതോടെ തന്റെ കാൽ മീതെയാണെന്ന് വരുത്തി തീർക്കാനായി നബി (സ) ഹദീസിൽ അപ്രകാരം പ്രസ്താവിച്ചിട്ടുണ്ടെങ്കിലും താൻ ഖുർആനിൽ നിന്ന് നേർക്കുനേരെ പിടിച്ചെടുത്തതാണെന്ന് നിർലജ്ജം തട്ടി വിടുകയും അവസാനം ആറാമത്തെ കാര്യമായ ഖദ്റിലുള്ള വിശ്വാസം അല്ലാഹുവിന്റെ ശക്തിയിലുള്ള വിശ്വാസമാണെന്ന് ചിത്രീകരിക്കുകയും ചെയ്ത കിറുക്കൻ നയം വൈരുദ്ധ്യമല്ലെങ്കിൽ അതിന്റെ പേർ ബുദ്ധി ജീവികൾ സ്വയം കണ്ടെത്തേണ്ടതായിട്ടാണിരിക്കുന്നത്. ( മസ്അലയെ ജബ്ർവഖദ്ർ പേ:48) ആത്മീയമായ പരിശുദ്ധമാണ് തന്റെ പ്രസ്ഥാവനം കാംക്ഷിക്കുന്നതെന്ന് സാഹിത്യാലങ്കാരങ്ങളിലൂടെ ജനശ്രദ്ധ ആകർഷിക്കുകയും, അതിന്റെ സ്ക്ഷാത്കാരമായി സ്വഹാബത്തു താബിഉകളും സലഫുസ്സാലി

ഹിങ്ങളും വെട്ടിതെളിയിച്ച മാർഗ്ഗമായ തസവ്വുഫിനെ അനിസ്ലാമികവും വർജ്ജ്യവുമാക്കി ചിത്രികരിച്ചത് എത്ര മാത്രം വൈരുദ്ധ്യമല്ല!. (അൽ-ഫുർഖാൻ മൻസിബെ മുജദ്ദിദ്, മുജദ്ദിദ് പേ: 13)

തിരുദൂതരിൽനിന്ന് സലക്ഷ്യംസ്ഥാപിതങ്ങളായ തവസ്സുൽ, ഇസ്തിഗാസ. ബർക്കത്തെടുക്കൽ, കൈതുടർച്ച മുതലായവ ജാഹിലിയത്തും അനിസ്ലാമിക ചിഹ്നവുമാക്കി ചിത്രികരിച്ച് വൈരുദ്ധ്യത്തിന്റെ മകുടോദാഹരണമാണെത്രെ. ( തജ്ദിദ് വ ഇഹ്യാ ഏദിൻ)

മുസ്ലിം മാതാപിതാക്കളുടെ കുട്ടികൾ മുസ്ലിമാണെന്ന തത്വം പരിശുദ്ധ ഇസ്ലാമിൽഇജ്മാഅ് കൊണ്ട് സ്ഥിരപ്പെട്ടതാണ്. പ്രസ്തുത തീരുമാനത്തെ ചോദ്യം ചെയ്യുകയും ജന്മനാ ആരും മുസ് ലിമാവുകയില്ല. ( ഖുതുബാത്ത് 3 മലയാളം) എന്ന് പ്രഖ്യാപിക്കുകയും അത് ഇസ്ലാമിക സാഹചര്യത്തിലുൾപ്പെട്ടതായി ചിത്രികരിക്കുകയും ചെയ്യുന്നത് വൈരുദ്ധ്യമല്ലാതെ മറ്റൊന്നല്ല!

വിശുദ്ധ ഖുർആൻ തിരുദൂതർക്കവതിരിക്കപ്പെട്ടതും അവിടുന്ന് അതിനെ വിശദീകരിച്ചുകൊടുക്കാൻ നിയുക്തരുമാണെന്നും ആകയാൽ നബി (സ) യിൽ നിന്നും സ്വഹാബികളിൽ നിന്നും ഗ്രാഹ്യമായ വ്യഖ്യാനം മാത്രമേ സ്വീകരിക്കാവൂ എന്നും മുസ് ലിം കൾ വിശ്വസിക്കുമ്പോൾ വിശുദ്ധ ഖുർആൻ വ്യാഖ്യാനിക്കാൻ ഒരു 'പ്രൊഫസർ' മതിയെന്ന് മൗദൂദി സാഹിബ് പ്രസ്താവിച്ചത് വൈരുദ്ധ്യമത്രെ.( തൻഖിഹാത്ത് പേ: 193)

ഇലാഹ്, ഇബാദത്ത് എന്നി രണ്ട് സാങ്കേതിക പദങ്ങളെ കുറിച്ച് വളരെ ധിക്കാര പരവും ഗൗരവവുമായ വിക്ഷണമാണ് മൗദൂദിയുടേത്. 'ഖുർആൻ കീ ചാർ ബുൻയാദി' 'ഇസ്തിലാഹേൻ' എന്ന ഗ്രന്ഥത്തിൽ ഇലാഹ് റബ്ബ്, ദിൻ, ഇബാദത്ത് എന്നിവയുടെ സാങ്കേതികാർത്ഥം 14 -നൂറ്റാണ്ടുകളായി മുഫസ്സിറുകളും ഭാഷാ പണ്ഡിതരുമെല്ലാം ഗ്രഹിച്ചത് പിശകാണെന്ന് സമർത്ഥിച്ചതായി കാണാം. നജ്ദിയൻ ആശയാനുഭാവിയായ അബുൽഹസൻ അലി നദ്‌വി ഇത് ഖണ്ഡിച്ചുകൊണ്ട് ഗ്രന്ഥം രചിച്ചിട്ടുണ്ട്

ദീൻ എന്ന പദത്തിന് സ്റ്റേറ്റ് എന്ന അർത്ഥമാണ്. അദ്ദേഹം നൽകി യിരിക്കുന്നത്.( സിയാസി കശ്മകശ് , 3/130 ) ഇലാഹിന് അനുസരിക്ക പ്പെടേണ്ടവൻ സ്റ്റേറ്റിന്റെ അധിപൻ എന്നെല്ലാം പര്യായമായി സമർത്ഥിച്ചി രിക്കുന്നു. ചുരുക്കത്തിൽ ആരെ അനുസരിക്കുക എന്ന മാല നിങ്ങൾ കഴുത്തിലിടുന്നവോ അവരുടെ ദീനിലായിരിക്കും നിങ്ങൾ. ആരുടെ നിയമാനുസരിച്ച് നിങ്ങൾ പ്രവർത്തിക്കുന്നുവോ അവനെയായിരിക്കു നിങ്ങൾ ആരാധിക്കുന്നത്. (ഖുതുബാത്ത്- 411) അപ്പോൾ മൗദൂദിയുടെ വിശ്വാസ പ്രകാരം ദീൻ സ്റ്റേറ്റും , ഇലാഹ് സ്റ്റേറ്റിന്റെ ഭരണാധികാരിയു മാണെന്ന് വ്യക്തം.

'ഇലാഹ്' എന്നതിന് ആരാധിക്കപ്പെടുന്നവൻ എന്നും 'അൽ'ചേർത്തപ്പോൾ സത്യമായ ആരാധ്യൻ ആവുകയും അങ്ങനെ പ്രസ്തുത നാമം ( അല്ലാഹു) ലോക സ്രഷ്ടാവിന്റെ നാമമായി ഉപ യോഗപ്പെടുത്തുന്നു എന്ന വസ്തുതയാണ് മഹാൻമാർ രേഖപ്പെടുത്തി യത്. ( തുഹ്ഫ:1/7) ഇവിടെയൊന്നും അനുസരിക്കപ്പെടുന്ന ഭരണാധി കാരിയെന്ന ചുവ സ്പർശിക്കപ്പെട്ടു കാണുന്നില്ല. ഇലാഹിന് നൽകപ്പെട്ട അതേ വിവക്ഷ തന്നെയാണ് റബ്ബിനും നൽകപ്പെട്ടതെന്ന് ഖുർ ആനും പൂർവ്വിക വചനങ്ങളും സാക്ഷ്യം വഹിക്കുന്നു.

'ഇബാദത്ത്' പദത്തിന് മുഫസ്സിറുകൾ നൽകിയ അർത്ഥം ഇപ്രകാര മാണ്. ഇമാം അബുസ്സുഊദ് പറയുന്നു. "ഇബാദത്ത് എന്നാൽ അങ്ങേയ റ്റത്തെ എളിമത്വവും താഴ്മയും വെളിപ്പെടുത്തലാണ്"(ഹാമിശുറാസി 1/154 ) ഇമാം ബൈളാവി പറയുന്നു: "അത് അങ്ങേയറ്റത്തെ താഴ്മയും എളിമത്വവും കാണിക്കലാണ്. അതുകൊണ്ട് അല്ലാഹു അല്ലാത്തവർക്കു ള്ള വണക്കത്തിന് ഇബാദത്ത് എന്ന പദം ഉപയോഗിക്കുന്നതല്ല". (ശൈഖ് സാദ 1/42 )

എന്നാൽ പ്രസ്തുത പദത്തിന് മൗദൂദി പറയുന്ന അർത്ഥം കാണു ക. "ഇബാദത്ത്"എന്നത് അബ്ദ് എന്നതിൽ നിന്ന് ഉത്ഭവിച്ചതാണ്. 'അബ്ദ്' എന്നതിന്റെ അർത്ഥം അടിമ, ഭൃത്യൻ എന്നൊക്കെയാണ്. അപ്പോൾ ഇബാദത്തിന്റെ അർത്ഥം അടിമവൃത്തി, ഭൃത്യവേല എന്നി

ങ്ങനെ ആയിത്തീരുന്നു. ഒരു വ്യക്തി മറ്റൊരുത്തന്റെ അടിമയായി തീരുകയും അവനെ മാത്രം ആശ്രയിച്ച് ജീവിക്കുകയും എജമാനനോട് വർത്തിക്കേണ്ട ക്രമത്തിൽ വർത്തിക്കുകയും ചെയ്യുന്നതിനാണ് 'ഇബാദത്ത്' എന്നു പറയുന്നത്.(ഖുതുബാത്ത് 148) ഭൃത്യൻ എജമാനുമായി വർത്തിക്കുന്നതിന് ഇബാദത്ത് എന്ന് നിർവചിക്കുകയും അതു വഴി ഇസ്ലാം അനുവദിച്ച അടിമയും യജമാനനും തമ്മിലുള്ള ബന്ധം ശിർക്കാക്കുകയും ചെയ്തതാണ് ഇവിടെയുള്ള ഒരു തെറ്റ്. അതിനേക്കാൾ വലുത് ഇബാദത്ത് എന്ന പദം അബ്ദിൽ നിന്നുൽഭവിച്ചു എന്ന വാദമാണ്. ഇബാദത്ത് എന്നത് ഒരു ക്രിയാ പദമാണെന്ന് അറബി ഭാഷയുമായി അൽപ്പമെങ്കിലും ബന്ധമുള്ളവർക്ക് അജ്ഞാതമല്ല. 'അല്ലാമാ അഹ്മദുൽ ഫയ്യൂമി', 'മിസ്ബാഹുൽ മുനീർ' എന്ന അറബി നിഘണ്ടുവിൽ പറയുന്നു: "അബ്ദ് എന്നതിൽ നിന്ന് ഒരു ക്രിയാ പദവും ഉത്ഭവിച്ചിട്ടില്ല." ഭാഷാ പരമായി പോലും ഇത്രവലിയ ഭീമാബദ്ധം പിണഞ്ഞ ഒരാളെ മതപരിഷ്കർത്താവായി അംഗീകരിക്കുന്നവരുടെ കാര്യം അത്ഭുതകരം തന്നെ.

ചുരുക്കത്തിൽ രാഷ്ട്രീയകരണം മറിച്ചിലുകൾക്ക് വിധേയമായിക്കൊണ്ടിരിക്കുന്ന സംഘടനയ്ക്ക് ദീനിന്റെ ലേബൽ ഒട്ടിക്കാൻ ശ്രമിക്കുന്ന വൈരുദ്ധ്യങ്ങളുടെ സമാഹാരമായ ഒരു പ്രസ്ഥാനമാണ് 'ജമാഅത്തെ ഇസ്ലാമി'. ഇന്ത്യയിലോ, പാകിസ്ഥാനിലോ എവിടെയായാലും രാഷ്ട്രീയ സംസ്ഥാപനമാണ് അവരുടെ ലക്ഷ്യം. സലഫുസ്സ്വാലിഹീങ്ങളിൽ നിന്ന് പരമ്പര മുറിയാതെ ലഭിച്ച വിശ്വാസങ്ങളും കർമ്മങ്ങളും ഉൾകൊണ്ട് ജീവിക്കാൻ അല്ലാഹു നമ്മെ അനുഗ്രഹിക്കട്ടെ.

(ജൗഹറുൽ ഉലൂം ഖാദിസിയ്യ വാർഷിക സുവനീർ-2001)

# ഖാദിയാനിസം
# ഒരു വിഗഹ വീക്ഷണം

പാശ്ചാത്യർ നട്ട് വളർത്തി ഇസ്‌ലാമിനെ ശിഥിലീകരിക്കാനായി പരിപോഷണം നൽകിയ വിവിധ പാർട്ടികൾ കഴിഞ്ഞ് പോയിട്ടുണ്ട്. ബാബിസം, ബഹായിസം, വഹാബിസം, തബ്‌ലീഗിസം, മൗദൂദിസം മുതലായവ പ്രസ്തുത ഇനത്തിൽ പ്രസിദ്ധമത്രെ. ഇവയിലെല്ലാം ഉപരി വൈരുദ്ധ്യങ്ങളുടെ സമാഹാരമായ ഒരു പ്രസ്ഥാനമാണ് ഖാദിയാനിസം. സാക്ഷാൽ മിർസായിസത്തിലധിഷ്ടിതമായി ആ പാർട്ടി ഇന്നും ആഗോള തലത്തിൽ പ്രവർത്തിച്ച് വരുമ്പോൾ അതിന്റെ മറ്റൊരു പ്രതിരൂപമായി ലാഹോറി വിഭാഗം അഹമ്മദികളും രംഗത്തുണ്ട്. മാടായിയിൽ ഇടക്കാലത്ത് ഖാദിയാനി കുഞ്ഞഹമ്മദ് ഹാജി എന്ന ആൾ മജോസി വിഭാഗമായി പ്രവർത്തിച്ചിരുന്നുവെങ്കിലും അത് വേരറ്റ നിലയിലാണ് അറിയപ്പെടുന്നത്. ഏതായാലും സാക്ഷാൽ ഖാദിയാനികളും ലാഹോരി വിഭാഗവും നിലവിലുണ്ട്. അവയെ കുറിച്ച് ചുരുക്കി വിവരിക്കാം.

1836ൽ ജനിച്ച് 1908ൽ മൃതിയടഞ്ഞ മിർസാഗുലാം അഹ്മദ് എന്നയാളാണ് ഖാദിയാനി സ്ഥാപകൻ. സയ്യിദ് ഗുൽ അലി ശാഹ് (ശീഈ) ഫള്ൽ ഇലാഹി(ഹനഫി) ഫള്ൽ അഹമദ് (അഹ്‌ലെ ഹദീസ്) എന്നിവരത്രെ പ്രധാന ഗുരുവര്യൻമാർ. 1864 മുതൽ 1868 വരെ സിയിൽകോട്ട കോടതിയിൽ 15 ഉറുപ്പികക്ക് ജോലി നോക്കിയ ശേഷമാണ് തന്റെ പ്രചരണ വേദിയിലേക്ക് ഇറങ്ങിയത്. നിയമ പുസ്തകങ്ങൾ പഠിച്ച് പരീക്ഷ

എഴുതിയെങ്കിലും പരാജയപ്പെടുകയാണത്രെ ഉണ്ടായത്. ബ്രിട്ടീഷ് ബന്ധുത്വത്തിന്റെ ഉദാഹരണം ധാരാളം മിർസയുടെ പ്രസ്താവനകളിൽ ദർശിക്കാൻ സാധിക്കുന്നതാണ്. ഒരു ഉദാഹരണം കാണുക. അദ്ദേഹം പറയുന്നു. എന്റെ ജീവിതത്തിന്റെ മുഖ്യഭാഗവും ബ്രിട്ടീഷ് ഗവൺമെന്റിനെ സഹായിക്കുകയും പിൻബലം നൽകുകയും ചെയ്യുന്നതിനാണ് ചിലവഴിച്ചത്. യുദ്ധം നിരോധിക്കുകയും ഭരണാധിപതിയായ ഇംഗ്ലീഷുകാർക്ക് അനുസരിക്കൽ നിർബന്ധമാണെന്ന് പ്രഖ്യാപിക്കുകയും ചെയ്തുകൊണ്ട് താനെഴുതിയ ഗ്രന്ഥങ്ങളും പരസ്യങ്ങളും ലേഖനങ്ങളും സംഭരിക്കുകയാണെങ്കിൽ 50 അലമാരി നിറയ്ക്കാൻ പര്യാപ്തമത്രെ. (തിർയാഖുൽഖുലൂബ് പേജ്-15) (N.B:ലേഖനത്തിന്റെ ഉദ്ധരണിക പഴയ കോപ്പികളിൽ നിന്നാണ് മാറ്റം വരുത്തി പ്രസിദ്ധീകരിക്കുന്നത്, പിഴച്ച പാർട്ടികളുടെയെല്ലാം പതിവാണ് എന്ന കാര്യം പ്രത്യേകം അനുസ്മരിച്ചുകൊള്ളുന്നു.)

തന്റെ വാദങ്ങളിലേക്ക് ഇറങ്ങിച്ചെല്ലുന്നതിന് മുമ്പ് അദ്ദേഹത്തിന്റെ മാനസികാവസ്ഥയെക്കുറിച്ച് ഒരു ചെറിയ സൂചനകൂടി ഇവിടെ കുറിക്കട്ടെ. എന്റെ രോഗത്തെക്കുറിച്ച് നബി(സ) ദീർഘദർശനം നടത്തിയിട്ടുണ്ട്. അവിടുന്നു പറഞ്ഞു. മസീഹ് ആകാശത്തിൽ നിന്ന് ഇറങ്ങുമ്പോൾ രണ്ട് മഞ്ഞ വസ്ത്രം ധരിച്ചിരിക്കും എന്നാൽ എനിക്ക് ഇപ്രകാരം രണ്ട് രോഗങ്ങളുണ്ട്. ഒന്ന് മേൽഭാഗത്തെ വിഷമം മറ്റൊന്ന് കീഴ്ഭാഗത്തെ വിഷമം. അതായത് മറാഖ് (ഹിസ്റ്റീരിയ)രോഗവും, മൂത്രാധിക്യവും (പ്രമേഹം) (ഖാദിയാനി പത്രമായ അൽബദർ ബദർ 1906 ജൂൺ-7) ഹിസ്റ്റീരിയ ബാധിച്ച ഒരു വ്യക്തിയുടെ അഭിപ്രായങ്ങൾ സ്ഥിരതയില്ലാത്തതായിരിക്കുമെന്നത് വ്യക്തമാണല്ലോ.

ബ്രൈൻ തകരാറിന്റെ ചില ഉദാഹരണങ്ങൾ കാണുക. താൻ ആദമാണ്, ശീസാണ്, ഞാൻ നൂഹും ഇബ്റാഹീമുമാണ്. ഞാൻ ഇസ്ഹാഖും ഇസ്മാഈലുമാണ്. ഞാൻ യഅ്ഖൂബും മൂസയും ദാവൂദും ഈസയുമാണ്. ഞാൻ മുഹമ്മദ് നബിയുടെ നാമത്തിൽ പൂർണ്ണ പ്രകടമാണ്. പ്രതിരൂപത്തിൽ മുഹമ്മദും അഹ്മദുമത്രെ. (ഹഖീഖതുൽ വഹ്യു ടിപ്പണി പേജ് 72) ആര്യലോകം കൃഷ്ണൻ പ്രത്യക്ഷ

പ്പെടുന്നതിനെ ഇന്നും പ്രതീക്ഷിച്ച് കഴിയുന്നു. ആ കൃഷ്ണൻ ഞാന ത്രെ. (ഹഖീഖത്തുൽ വഹ്‌യ് പേജ്-85) സീറത്തുൽ മഹ്ദി എന്ന പുസ്ത കത്തിന്റെ 39-ാം പേജിൽ ഇത് കാണാം. ഇനി അദ്ദേഹത്തിന്റെ മാറി മാറി വന്ന വാദഗതികളിൽ ചിലതിലേക്ക് നമുക്ക് ശ്രദ്ധ തിരിക്കാം.

1-മുസ്‌ലിഹ്: ആദ്യമായി അദ്ദേഹം ഒരു ഇസ്‌ലാഹി വാദമായിരുന്നു ഉന്നയിച്ചിരുന്നത്. ജനങ്ങളെ പരിഷ്കരിച്ചു നന്നാക്കാനെന്ന വാദത്തിലാ ണത് ഒതുങ്ങുന്നത്. ബറാഹീൻ അഹ്മദിയ്യ എന്ന പുസ്തകത്തിന്റെ ടിപ്പ ണിയലദ്ദേഹം പ്രസ്താവിക്കുന്നു. ബറാഹീൻ അഹ്മദിയ്യയുടെ ഗ്രന്ഥ കാരനായ ഈ വിനീതൻ സർവ്വ ശക്തനിൽ നിന്ന് ഇപ്രകാരം നിർദ്ദേ ശിക്കപ്പെട്ടവനത്രെ. താൻ ബനൂ ഇസ്‌റാഈലിലെ പ്രവാചകന്മാരെ പോലെ പൂർണ്ണമായ വിനയവും ദേശാടനവും ദരിദ്രനുമായി ജന ങ്ങളെ സംസ്കരിക്കാൻ ഉത്സാഹിക്കണം.(പേജ്-28)

2-മുജദ്ദിദ്:(പരിഷ്കർത്താവ്) അദ്ദേഹം പറയുന്നു. ഈ വിനീതൻ സത്യത്തിലല്ലെങ്കിൽ ഈ പതിനാലാം നൂറ്റാണ്ടിന്റെ ആദ്യത്തിൽ മുജ ദ്ദിദ് വാദം ഈ വിനീതനല്ലാതെ ആരാണ് പ്രഖ്യാപിച്ചിട്ടുള്ളതെന്ന് വിവരിക്കുക. (ഇസാലെ ഔഹാം പേജ്-154)

3-മുഹദ്ദസ്: (അല്ലാഹുവിൽ നിന്ന് നല്ലത് ബോധനം നൽകപ്പെടുന്ന ആൾ) ഒരു കാര്യം സംശയരഹിതമാണ്. അല്ലാഹുവിൽ നിന്ന് സമു ദായത്തിനായി മുഹദ്ദസ് ആയി ഈ വിനീതൻ നിശ്ചയിക്കപ്പെട്ടിരി ക്കുന്നു. മുഹദ്ദസ് ഒരർത്ഥത്തിൽ നബി തന്നെയാണ്. അവർക്ക് പൂർണ്ണ പ്രവാചകത്വം ഇല്ലെങ്കിലും ഭാഗികമായി അവർ ഒരു പ്രവാചകൻ തന്നെയാണ്. (തൗളീഹുൽ മറാം:9, ഇസാലെ ഔഹാം:42) 4-ഇമാമുസ്സ മാൻ:(കാലത്തിന്റെ നേതാവ്) ഞാൻ ജനങ്ങൾക്കായി നിന്നെ ഇമാമാ ക്കുന്നു. നീ അവരുടെ വഴികാട്ടിയാകുന്നു.(ഉറൂസത്തുൽ ഇമാം:24, കിതാ ബുൽ ബരിയ്യ: 76) 5- ഖലീഫ ഇലാഹി: (ദൈവീക പ്രതിനിധി) ഞാൻ താങ്കളെ എന്റെ പ്രതിനിധിയാക്കിയപ്പോൾ ആദമിനെ-അഥവാ താങ്കളെ ഉണ്ടാക്കി. (കിതാബുൽ ബരിയ്യ:76)

6-മഹ്ദി വാദം: മിഅ്‌യാറുൽ അഖ്‌യാറിന്റെ പരസ്യത്തിൽ റിവ്യൂ

ഓഫ് റിലിജ്യൻസ് 1902 ഡിസംബർ ലക്കം പ്രസ്തുത വാദം അദ്ദേഹം പ്രഖ്യാപിക്കുകയുണ്ടായി. ഇസാലെ ഔഹാമിന്റെ 79-ാം പേജടക്കം ധാരാളം ഗ്രന്ഥങ്ങളിൽ താൻ മഹ്ദിയാണെന്ന വാദം രേഖപ്പെടുത്തിക്കാണാം.

7-തശ്രീഅ് ഇല്ലാത്ത ഉമ്മത്തി പ്രവാചക വാദം: പൂർവ്വികമായി വാഗ്ദത്തം ചെയ്യപ്പെട്ട മുഹമ്മദി പ്രകടനം ഞാനാണ്. പ്രകടമാകുന്ന വണ്ണത്തിലുള്ള ഈ പ്രവാചകത്വം എനിക്ക് നൽകപ്പെട്ടു. (ഹഖീഖത്തുൽ വഹ്‌യിന്റെ ടിപ്പണി 266, ചശ്മയെ മഅ്രിഫത്ത്:4324)

8- നുബുവ്വത്ത്, രിസാലത്ത്, വഹ്‌യ്: സത്യവാനായ നാഥൻ പ്രസ്തുത നാഥനത്രെ. അവനാണ് ഖാദിയാനിൽ അവന്റെ റസൂലിനെ അയച്ചത്. (ദാഫിഉൽ ബലാ:11) സത്യം ഇതാണ്. നാഥന്റെ പരിശുദ്ധ വഹ്‌യ് എന്റെ മേൽ ഇറങ്ങിക്കൊണ്ടിരിക്കുന്നു. അവയിൽ റസൂൽ, മുർസൽ, നബി എന്നീ പ്രയോഗം ഒരു പ്രാവശ്യമല്ല ആയിരം പ്രാവശ്യം സുലഭമത്രെ. (ബറാഹീൻ അഹ്മദിയ്യ:798, ഹഖീഖത്തുൽ വഹ്‌യ്:102,107, അഞ്ചാമെ ആതം: 62, ഇനിയും ധാരാളം സ്ഥലത്ത് കാണാവുന്നതാണ്.

9-തന്റെ വഹ്‌യുകൾ ഖുർആനിന് സമമാണെന്ന് വിശ്വസിക്കൽ ഖണ്ഡിതമായ വിശ്വാസ കാര്യമത്രെ. അദ്ദേഹം പറയുന്നു. ഇരുപത്തിമൂന്ന് വർഷമായി തുടർച്ചയായി അവതരിച്ചുകൊണ്ടിരുന്ന വഹ്‌യ് എങ്ങിനെ തള്ളിക്കളയും! ഞാൻ പ്രസ്തുത വഹ്‌യിൽ വിശ്വസിക്കുന്നു. (ഹഖീഖത്തുൽ വഹ്‌യ്:150,211 അഞ്ചാമെ ആതം 62)

10-സാക്ഷാൽ വിധിവിലക്കുകൾ നൽകപ്പെട്ട തശ്രീഇന്റെ പ്രവാചകൻ: അദ്ദേഹം പ്രസ്താവിക്കുന്നു. എനിക്ക് ബോധനമുണ്ടായി. താങ്കളുടെ വാർത്ത ഖുർആനിലും ഹദീസിലും സുലഭമാണ്. എല്ലാ മതങ്ങളെക്കാളും പ്രകടമാക്കാനായി സത്യദീനും സൻമാർഗവുമായി അവന്റെ റസൂലിനെ നിയോഗിച്ചവനത്രെ അല്ലാഹു. എന്ന ആശയത്തിന്റെ സാക്ഷാൽക്കാരം താങ്കളാണെന്നും എനിക്ക് ബോധനമുണ്ടായി.(ഇഅ്ജാസ അഹ്മദി:7) എന്റെ വഹ്‌യിൽ ആജ്ഞകളും നിരോധനങ്ങളും

ഉൾക്കൊള്ളുന്നതാണ്.(അർബഈൻ:4-6)

11-വാഗ്ദത്ത മസീഹ്: ഞാൻ സത്യം ചെയ്യുന്നു. എന്നെ നിയോഗിച്ചവൻ ആരാണോ അവൻ വാഗ്ദത്ത മസീഹ് എന്ന നാമത്തിൽ വിളിച്ചിരിക്കുന്നു. (തതിമ്മത്തുൽ വഹ്‌യ്:136,137)

12-മുജദ്ദിദത്ത് വാദം: എന്റെ വാദം സത്യമാണെന്ന് തെളിവിനായി പ്രത്യേകമായ മൂന്ന് ലക്ഷം വരുമെന്നും തതിമ്മത്തുൽഹഖീഖതിൽ വഹ്‌യ്: 68,136137 ബറാഹീൻ അഹ്മദിയ്യ:5/56,57, ഇഅ്ജാസ് അഹ്മദി: 1-3)ഇവയിലും കാണാം. മാത്രമല്ല സ്രഷ്ടാവിന്റെ പുത്രൻ എന്നും സ്രഷ്ടാവ് സ്വയം തന്നിൽ അവതരിച്ചു എന്നുമെല്ലാം അദ്ദേഹത്തിന്റെ പ്രസ്താവനകളിൽ കാണാം. ഉദാഹരണത്തിന് 'ഹാശിയ അർബഈൻ':4-19, 'ഖൈറുൽ ബരിയ്യ': 72 കാണുക. 'ആയിനേ കമാലാത്തെ ഇസ്‌ലാമിൽ' അദ്ദേഹം എഴുതുന്നു. "സ്വപ്നത്തിൽ ഞാൻ എന്നെ അല്ലാഹുവിന്റെ സത്തയായി പരിണമിച്ചു കണ്ടു. ഞാൻ അവൻ തന്നെയാണ് എന്ന് ദൃഢമാക്കുകയും ചെയ്തു"(പേ:564)

ചുരുക്കത്തിൽ സമനില തെറ്റിയ വാദങ്ങൾ അദ്ദേഹം ഒന്നൊന്നായി ഉന്നയിച്ചുകൊണ്ടിരുന്നതായി തന്റെ ഗ്രന്ഥങ്ങൾ കണ്ണോടിക്കുന്നവർക്ക് കാണാൻ കഴിയും. വൈരുദ്ധ്യത്തിന്റെ സമാഹാരമായ പ്രസ്തുത പാർട്ടിയെ ഇസ്‌ലാമിൽ നിന്ന് പുറത്ത്പോയ പാർട്ടിയായി ലോകപണ്ഡിതൻമാരെല്ലാം ഏകസ്വരത്തിൽ രേഖപ്പെടുത്താൻ പ്രധാനമായും രണ്ട് കാര്യങ്ങളത്രെ. ഒന്ന്, വിശുദ്ധ ഖുർആനിന്റെയും തിരുസുന്നത്തിന്റെയും ആഗോള പണ്ഡിത സമൂഹത്തിന്റെയും വിശ്വാസമായ പ്രവാചക സമാപ്തി നിഷേധിച്ച് സ്വയം കള്ളപ്രവാചകനായി പ്രഖ്യാപിച്ചതാണ്.

രണ്ട്, വിശുദ്ധ ഖുർആനിന്റെ പ്രഖ്യാപനത്തിന് എതിരായി ഹ: ഈസാ (അ) മൃതിയടഞ്ഞു കാശ്മീരിൽ ഖബറടക്കിയെന്ന വാദമത്രെ. അതിന് പ്രവാചകൻമാരെ ആക്ഷേപിക്കുക തുടങ്ങി ധാരാളം കാര്യങ്ങൾ വേറെയുമുണ്ട്. അത്കൊണ്ടത്രെ 1934-ൽ സമസ്തയുടെ സമ്മേളനത്തിൽ പ്രസ്തുത പാർട്ടിയെ നിസ്സഹകരിക്കാൻ ആഹ്വാനം ചെയ്യുകയും അവിശ്വാസികളാണെന്ന് പ്രഖ്യാപിക്കുകയും ചെയ്തത്. സമസ്തയുടെ നേടും

തൂണുകളായിരുന്ന മർഹൂം പാങ്ങിൽ അഹ്മദ്കുട്ടി മുസ്ലിയാർ, പാലോട്ട് മൂസക്കുട്ടിഹാജി തുടങ്ങിയവർ അവർക്കെതിരിൽ സന്ധിയില്ലാ സമരം നടത്തി പരാജയത്തിന്റെ തീരമണലിൽ ചാടിച്ചത്. ഈ അടുത്ത കാലത്തായി 1974-ൽ റാബിത്തുൽ ആലമിൽ ഇസ്ലാമിയ്യയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച പണ്ഡിത ചർച്ചയിലൂടെ അവരും ഖാദിയാനികൾ കാഫിറുകളാണെന്ന് പ്രഖ്യാപിക്കുകയുണ്ടായി. അവരുടെ തീരുമാനം ചുവടെ ചേർക്കാം.

1. അവർ ഇസ്ലാമിന്റെ പുറത്തുള്ള അവിശ്വാസികളുടെ പാർട്ടിയാണ്.

2. സാമ്പത്തികവും സാമൂഹികവുമായി അവരുമായി മുസ്ലിംകൾ ബന്ധം വിച്ഛേദിക്കേണ്ടതാണ്.

3. അവരുമായി വിവാഹ ബന്ധം പാടില്ല.

4. മുസ്ലിം ശ്മശാനങ്ങളിൽ മറമാടുന്നത് ഹറാമാണ്.

5. മുർതദ്ദായ കാഫിറുകളുമായി പെരുമാറുന്ന വിധം അവരുമായി വർത്തിക്കണം.

എന്നാൽ പ്രവാചകസമാപ്തി സുവ്യക്തമാക്കുന്ന ഖുർആൻ വാക്യമായ "മുഹമ്മദ് നബി അല്ലാഹുവിന്റെ ദൂതനും പ്രവാചക സമാപ്തി കുറിച്ച ആളാണെ"ന്ന സൂക്തത്തിലെ 'ഖാതം' (സമാപ്തി) എന്ന വാചകത്തെ ദുർവ്യാഖ്യാനം ചെയ്ത് മുദ്രണം എന്ന അർത്ഥം കൊടുത്തു മാറ്റിവെച്ച്കൊണ്ട് പ്രവാചകൻമാർ ഇനിയും വരാമെന്നവർ സമർത്ഥിക്കുകയാണ്. ധാരാളം ഹദീസുകളുടെ പിൻബലത്തോടെ മുഫസ്സിറീങ്ങൾ ഒന്നടങ്കം വ്യാഖ്യാനിക്കുന്നതിനെതിരിൽ മിർസയുടെയും അനുയായികളുടെയും പ്രസ്തുത വാദം നിലനിൽക്കത്തക്കതല്ലെന്ന് പ്രഖ്യാപിച്ചുകൊണ്ടാണവരെ കാഫിറുകളാണെന്ന് പണ്ഡിതലോകം വിധിയെഴുതിയത്.

രണ്ടാമത്തെ വാദവും വിശുദ്ധ ഖുർആനിന്റെ പ്രഖ്യാപനത്തിനെതിരത്രെ. അവർ ഹ:ഈസാനബിയെ വധിച്ചിട്ടില്ല;ക്രൂശിച്ചിട്ടുമില്ല. എന്ന പ്രഖ്യാപനത്തെ ചോദ്യം ചെയ്ത്കൊണ്ടുള്ള അവരുടെ വാദവും ഇസ്ലാമിന്റെ പുറത്താണെന്ന് പണ്ഡിതലോകം പ്രഖ്യാപിച്ചിരിക്കുന്നു.

ഇനി പ്രവാചകത്വത്തിന് തെളിവായി അദ്ദേഹം പെരുമ്പറയടിക്കുന്ന മുഅ്ജിസത്തുകളിൽ ഏതെങ്കിലുമൊന്ന് തെളിവിനായി ഉദ്ധരിക്കാൻ അവർക്ക് സാധിച്ചിട്ടില്ല. മാത്രമല്ല അദ്ദേഹം തെളിവായി പ്രഖ്യാപിച്ചു നടന്ന ദീർഘദർശനങ്ങൾ പൊള്ളയാണെന്ന് ലോകം കണ്ടറിയുകയും ചെയ്തതാണ്. ഒരുദാഹരണം മാത്രം കുറിക്കട്ടെ- തന്റെ ഒരു ഇൽഹാമിനെക്കുറിച്ച് 'ആയിനെ കമാലാത്ത് ഇസ്ലാം' എന്ന പുസ്തകത്തിൽ അദ്ദേഹം എഴുതുന്നു. ക്രിസ്താബ്ദം 1888-ൽ തന്റെ ബന്ധുക്കളിൽപ്പെട്ട മുഹമ്മദീ ബീഗം എന്ന പെൺകുട്ടിയെ തനിക്ക് അല്ലാഹു ആകാശത്ത് നിന്ന് വിവാഹം ചെയ്തിരിക്കുന്നു. അത്കൊണ്ട് ഭൂമിയിൽ അത് നടക്കും എന്ന ദീർഘദർശനം അദ്ദേഹം 'ഇസാല എ ഔഹാം ' എന്ന പുസ്തകത്തിന്റെ ടിപ്പണി 53-ാം പേജിൽ പ്രഖ്യാപിക്കുകയുണ്ടായി. അവൾ അത് സ്വീകരിച്ചുവെങ്കിൽ കാരുണ്യത്തിനർഹനാവുകയും തിരസ്കരിച്ചെങ്കിൽ അവളുടെ അന്ത്യം ദുഷിച്ചതായിത്തീരുമെന്നും മറ്റൊരാൾക്ക് വിവാഹം ചെയ്തുകൊടുക്കുകയാണെങ്കിൽ രണ്ടര വർഷത്തിനിടയിൽ അവൻ മരണപ്പെടുമെന്നും മൂന്ന് വർഷത്തിനിടയിൽ അവളുടെ പിതാവ് പരലോകം പ്രാപിക്കുമെന്നും അദ്ദേഹം ദീർഘദർശനം ചെയ്തു.. അത് സംബന്ധമായി ആയിനയെ കമാലാത്തെ ഇസ്ലാം എന്ന പുസ്തകത്തിൽ അദ്ദേഹം വിശദീകരിക്കുന്നത് കാണുക. എന്റെ ഈ ഇൽഹാമിൽ ഒന്നല്ല ആറ് വാദങ്ങൾ അടങ്ങിയിട്ടുണ്ട്. 1. ഈ നിക്കാഹ് ഞാനുമായി നടക്കുന്നത്വരെ ഞാൻ ജീവിച്ചിരിക്കും. 2. നിക്കാഹ് ദിവസം വരെ പെൺകുട്ടിയുടെ പിതാവ് തീർച്ചയായും ജീവിച്ചിരിക്കും. 3. മറ്റൊരാളുമായി നിക്കാഹ് നടന്നതിന് ശേഷം താമസിയാതെ മൂന്ന് കൊല്ലത്തിനകം പെൺകുട്ടിയുടെ പിതാവ് മരണപ്പെടും. 4. അവളുടെ ഭർത്താവ് രണ്ടരകൊല്ലത്തിനകം മരിക്കും.. 5. ഞാനുമായുള്ള വിവാഹം നടക്കുന്നത് വരെ അവൾ ജീവിച്ചിരിക്കും. 6. വിധവയാകുമ്പോഴത്തെ സകല നാടൻ ആചാരങ്ങളും ലംഘിച്ച് അവളുടെ കുടുംബത്തിന്റെ ശക്തിയായ എതിർപ്പുകൾ അവഗണിച്ച് അവൾ എന്റെ നിക്കാഹിന് വരും. ഇപ്പോൾ നിങ്ങൾ പറയുക. ഇക്കാര്യങ്ങളെല്ലാം മനുഷ്യന്റെ ഇംഗിതത്തിൽപ്പെട്ടതാണോ.(പേ.325)

പ്രസ്തുത പ്രവചനം പുലർന്നില്ലെന്ന് മാത്രമല്ല അവരുടെ ബന്ധുക്ക

ടിയായ സുൽത്താൻ മുഹമ്മദ് എന്നയാളുമായി 1892 ഏപ്രിലിൽ അവളുടെ വിവാഹം നടക്കുകയുണ്ടായി. രണ്ടര കൊല്ലത്തിനിടയിൽ അദ്ദേഹം മരിക്കുമെന്ന പ്രവചനവും പൊള്ളയായി പരിണമിക്കുകയും മിർസയുടെ അന്തിമത്തിന് ശേഷം സുൽത്താൻ മുഹമ്മദ് ജീവിച്ചിരിക്കയും ഒന്നാം ലോകമഹായുദ്ധത്തിൽ സംബന്ധിക്കുകയും ചെയ്തു. മിർസയാണെങ്കിൽ 1908ൽ തന്നെ പരലോകം പ്രാപിച്ചിരുന്നു. ഇത്തരം വ്യാജമായിത്തീർന്ന ദീർഘദർശനം വഴി അദ്ദേഹം വാദിച്ച വഹ്‌യുകളെല്ലാം വ്യാജമാണെന്ന് തെളിയുകയായിരുന്നു.

മിർസയുടെ പ്രഥമ ഖലീഫ നൂറുദ്ദീൻ 1914ൽ ചരമം പ്രാപിച്ചപ്പോൾ പുതിയ ഖലീഫയെ തെരഞ്ഞെടുക്കുന്ന വിഷയത്തിൽ അവർ രണ്ട് വിഭാഗമായി പിരിഞ്ഞു. 1. ലാഹോരി വിഭാഗം ഖാജാ കമാലുദ്ദീനെ ഖലീഫയാക്കി പുതിയ പാർട്ടി രൂപീകരിക്കുകയുണ്ടായി. ഖുർആൻ പരിഭാഷകനായിരുന്ന മുഹമ്മദലി ലാഹോരി അതിന്റെ വലിയ പ്രചാരകനായിരുന്നു.പ്രസ്തുത വിഭാഗം മിർസയെ പ്രവാചകനായി അംഗീകരിക്കുന്നില്ല. അവർ മുജദ്ദിദോ, മുസ്‌ലിഹോ ആയി കരുതുന്നു എന്ന തെറ്റായ ധാരണ ചിലർ പ്രചരിപ്പിക്കാറുണ്ട്. വാസ്തവത്തിൽ ഭരണപരമായ തെറ്റല്ലാതെ വിശ്വാസത്തിൽ പ്രസ്തുത രണ്ട് വിഭാഗവും അന്തരമില്ലെന്ന് കാണാം. അവരുടെ ഒരു ഉദ്ധരണി കാണുക. ഞങ്ങൾ വിശ്വസിക്കുകയും ദൃഢമാക്കുകയും ചെയ്യുന്നത് മസീഹ് (മിർസാ ഗുലാം അഹ്മദ് ഖാദിയാനി) ഈ കാലഘട്ടത്തിൽ രക്ഷിക്കാനായി നിയോഗിക്കപ്പെട്ട നബിയും റസൂലുമത്രെ. (വൈഗാമെ സുൽഹ്: പു:1ലക്കം 43) ആകയാൽ മിർസയുടെ പ്രവാചകവാദവും വിശ്വാസവും ഖാദിയാനികളും ലാഹോറികളും ഒരുപോലെ വെച്ചുപുലർത്തുന്നുവെന്ന് ഇതിൽ നിന്ന് വ്യക്തമാണ്.

അപകടകരമായ ഇത്തരം ധാരാളം വാദങ്ങൾ ഉൾക്കൊള്ളുന്ന മിർസാ വിശ്വാസക്കാർ ദീനിൽനിന്ന് പുറത്താണെന്ന് ഗ്രഹിക്കാൻ വലിയ വിജ്ഞാനമോ അപാരബുദ്ധിയോ ആവശ്യമില്ല. മാത്രമല്ല എതിരാളികളോടുള്ള അദ്ദേഹത്തിന്റെ പ്രതികരണങ്ങളും മറ്റും ഒരു പ്രവാചകന് മാത്രമല്ല സാധാരണക്കാരനു പോലും നിരക്കാത്തതാണെന്ന് കാണാവുന്നതത്രെ. ഒരു കവിതയുടെ വരികൾ ഇപ്രകാരം വിവർത്തനം ചെയ്യാം. "എന്റെ വിരോധി

കൾ മരുഭൂമിയിലെ പന്നികളാണ്. അവരുടെ സ്ത്രീകൾ അവരിലെ പട്ടികളും".

ഒരു മഹാപണ്ഡിതനായ തന്റെ എതിരാളി സഅദുല്ലാഹി ലുധിയാനിയെ കുറിച്ച് പദ്യം കാണുക. "നീചൻമാരിൽപ്പെട്ടവനും, ഫാസിഖും, കുട്ടിച്ചാത്തനും, ശപിക്കപ്പെട്ടവനും ഭോഷൻമാരുടെ ഇന്ദ്രിയത്തുള്ളിയുമായ ഒരാളെ ഞാൻ കാണുന്നു. നീചനും വെടക്കും കുഴപ്പക്കാരനും പുഴുത്തിവെപ്പുകാരനും അജ്ഞൻമാർക്കിടയിൽ സഅ്ദ് എന്ന് വിളിക്കപ്പെടുന്ന നഫ്സും(ദുർലക്ഷണം) ആണദ്ദേഹം. നീചനായ നീ എന്നെ ഉപദ്രവിച്ചിരിക്കുന്നു. വേശ്യയുടെ പുത്രാ! നീ നാണംകെട്ട് മരിച്ചില്ലെങ്കിൽ ഞാൻ സാത്വികനല്ല".

ഇത്തരം ഭാഷ പ്രവാചകനോ, മാന്യനോ പോകട്ടെ സാധാരണക്കാർക്ക് പോലും ഭൂഷണമാണോ എന്ന് അതിന്റെ പിന്നാലെ നെട്ടോട്ടമോടുന്ന സുഹൃത്തുക്കൾ ചിന്തിക്കാത്തത് അത്ഭുതമത്രേ. മീർസാ എന്ന വ്യാജന്റെ വ്യാജവാദത്തിൽനിന്ന് സമൂഹത്തെ റബ്ബ് രക്ഷിക്കട്ടെ. എന്ന് നമുക്ക് പ്രാർത്ഥിക്കാം.

*(സിറാജുൽ ഹുദാ ദശവാർഷിക സമ്മേളനോപഹാരം-2002)*

# ആ വിഷ ബീജം ഇന്ത്യൻ മണ്ണിലെത്തിയതെങ്ങനെ?

ഹിജ്റാബ്ദം ആയിരത്തി ഒരുനൂറ്റി പതിനൊന്നിൽ 'ഉയൈന' യിൽ ജനിക്കുകയും 1206 ൽ 'ദർഇയ്യ'ൽ വെച്ച് മരണമടയുകയും ചെയ്ത കുപ്രസിദ്ധനായ മനുഷ്യനാണ് മുഹമ്മദ് ബ്നുഅബ്ദിൽ വഹാബ്. പുതിയ ആശയവും ആദർശവുമായി രംഗത്ത് വന്ന ഇയാൾ എല്ലാ മേഖലകളിലും മുസ്ലിം ലോകത്തു നിന്നും അകറ്റപ്പെട്ടിരുന്നു. ഇയാളുടെ പിതാവ് എല്ലാവരാലും ആദരിക്കപ്പെട്ടിരിക്കുന്ന ഒരു സൂഫിയും മഹാപണ്ഡിതനുമായിരുന്നു. മകന്റെ വികലങ്ങളായ പരിവർത്തനങ്ങൾ കണ്ട് അസഹ്യതയുളവായ അബ്ദുൽവഹാബ് നാട് പോലും വിട്ട് 'ഹരിമല'യിൽ താമസമാക്കുകയുണ്ടായി. ജ്യേഷ്ഠൻ മുഹമ്മദിനെതിരിൽ തന്റെ ആശയങ്ങളെ ഖണ്ഡിച്ച് കൊണ്ട് 'അസ്സവാഇഖുൽ ഇലാഹിയ്യ' എന്ന ഗ്രന്ഥം വരെ രചിച്ചു.

ഡമസ്കസിനടുത്ത് ഹാർറാൻ പ്രദേശത്ത് ജനിച്ച്, ഹിജ്റ 728 ൽ നിര്യാതനായ ഇബ്നു തീമിയ്യയുടെ നവീനവാദങ്ങളുടെ സമ്പൂർണ്ണാവതാരകൻ എന്ന നിലയിലാണ് മുഹമ്മദിന്റെ നൂതന നീക്കങ്ങൾക്ക് തുടക്കം കുറിച്ചത്. പരമ്പരാഗതമായി മുസ്ലിംകൾ കൈക്കൊണ്ടിരുന്ന പല ആചാരങ്ങളും ശിർക്കും ബിദ്അത്തുമാക്കി വിധി എഴുതിയ മുഹമ്മദിന് മുസ്ലിം ലോകത്തെ ഒന്നടക്കം മുശ്രിക്കാക്കുന്നതിൽ യാതൊരു മടിയും ഉണ്ടായില്ല. അയാളുടെ പ്രധാന ഗുരുവും പണ്ഡിതലോകത്ത് പ്രസിദ്ധ

നുമായിരുന്ന ഇമാംസുലൈമാനുൽഖുർദീ (റ) അവനെഴുതിയ കത്തിൽ ഇങ്ങനെ കാണാം. "മുസ്ലിം ലോകത്തെക്കുറിച്ച് നീ നടത്തുന്ന അഭിപ്രായങ്ങൾ നിർത്താൻ ഞാൻ ഉപദേശിക്കുന്നു. ബഹുഭൂരിപക്ഷം മുസ്ലിംകളെ കാഫിറാക്കാൻ ഒരു മാർഗ്ഗവുമില്ല. നീ ബഹുഭൂരിപക്ഷത്തിൽ നിന്ന് ഒറ്റപ്പെട്ടിരിക്കുന്നു. അത് കൊണ്ട് ഭൂരിപക്ഷത്തിൽ നിന്ന് ഒറ്റപ്പെട്ടവരെയാണ് കാഫിറാക്കാൻ ഏറ്റവും യുക്തം. കാരണം, അവൻ മുഅ്മിനുകളുടെ വഴി അല്ലാത്തതിനെ പിൻപറ്റിയവനത്രെ". ! (അൽഫുത്തുഹാത്തുൽ ഇസ്ലാമിയ. പേജ് 2: 159)

അവൻ മുശ്രിക്കാക്കി പ്രഖ്യാപിച്ച അനേകം മുസ്ലിംകളെ അവൻ നിർദാക്ഷിണ്യം മർദ്ദിച്ചിട്ടുണ്ട്. - ദർഇയ്യ ഭരണാധികാരി - മുഹമ്മദ്ബ്നുസ ഊദിന്റെ സഹായത്തോടെ പതിനായിരക്കണക്കിന് നിരപരാധികളെ കൂട്ടക്കൊല നടത്തിയും ബന്ധനസ്ഥരാക്കിയും അയാൾ പ്രസ്ഥാനം വളർത്തി.സഊദി ഗവൺമെന്റിന് അടിത്തറപാകിയിട്ടുള്ളത് തന്നെ ഈ ക്രൂര പ്രസ്ഥാനത്തിലൂടെയാണ്. ഇന്നും അദ്ദേഹത്തിന്റെ പരമ്പരയിൽപ്പെട്ട , നജ്ദികളായ ആലുശൈഖിന്റെ ഉപദേശവും സഊദ് വംശജരുടെ ശക്തിയും ഹിജാസിന്റെ നിയന്ത്രണത്തിൽ കാര്യമായ പങ്ക് വഹിക്കുന്നു.

മുഹമ്മദ് തന്റെ നൂതന ചിന്തകളെ പ്രചരിപ്പിക്കുവാൻ ചെയ്ത ഹീനകൃത്യങ്ങൾ അസംഖ്യവും അധിക്ഷേപകരവുമാണ്. മഹാന്മാരെക്കൊണ്ടുള്ള തവസ്സുൽ, ഇസ്തിഗാസക്കെതിരെ കടുത്ത വിമർശനം നടത്തിയ ഈ മനുഷ്യൻ അവ, മഹാന്മാരെക്കൊണ്ടുള്ള ആരാധനയാക്കി മുദ്രകുത്തി.മക്കാമുശ്രിക്കുകളെ സൂചിപ്പിച്ച് കൊണ്ട് അവതീർണ്ണമായ ആയത്തുകളത്രെ ഇതിന് ലക്ഷ്യീകരിച്ചിട്ടുള്ളത്. സ്വഹാബത്തിന്റെയും താബിഈങ്ങളുടേയും മസാറു കൾ അനുഗ്രഹീതസ്ഥലങ്ങളാണല്ലോ ? അവ വിഗ്രഹാലയങ്ങളായിട്ടാണ് മുഹമ്മദ് പ്രഖ്യാപിക്കുന്നത്. സഊദി ഭരണാധികാരികളുടെ ദുശ്ചെയ്തികൾക്ക് പ്രചോദനം നൽകിയത് ഇദ്ദേഹത്തിന്റെ ആദർശമല്ലാതെ മറ്റൊന്നുമല്ല.പുതിയൊരു മതം പടച്ചുണ്ടാക്കുക വഴി മുസ്ലിം ബഹുജനങ്ങളിൽ നിന്ന് ഒറ്റപ്പെട്ട ഇബ്നുവഹാബിന്റെ നവീന വാദഗതികൾ വഹ്ഹാബിയ്യത്ത് എന്ന നാമത്തിൽ അറിയപ്പെടുകയും

പിന്നീട് വിവിധ ദിക്കുകളിലായി അതിന് കുറഞ്ഞ പ്രചരണങ്ങൾ സിദ്ധിക്കുകയും ചെയ്തു.

## പ്രചരണം ശക്തിപ്പെടുന്നു.

മുഹമ്മദിന്റെ നൂതന മതത്തിന്റെ പ്രചാരകരായി ശിഷ്യഗണങ്ങളടക്കം ധാരാളം ഒട്ടേറെ പേർ രംഗത്ത് വന്നു. അക്കൂട്ടത്തിൽ മുഹമ്മദ് അബ്ദയുടെ ശ്രമം പ്രസ്താവ്യമാണ്. അയാളുടെ പ്രധാന ശിഷ്യനായ റഷീദ്രിളായും ജമാലുദ്ദീൻ അഫ്ഗാനിയും വഹ്ഹാബിയത്ത് ചിന്തകളുടെ വക്താക്കളും പ്രബോധകരുമായിരുന്നു. ഈജിപ്ത് കേന്ദ്രമാക്കി അവർ ഇറക്കിയ പ്രസിദ്ധീകരണങ്ങൾ ആശയ പരമായ പരിവർത്തനങ്ങൾക്ക് കൂടുതൽ സഹായകമായി. മുഹമ്മദ് അബ്ദയുടെ 'അത്തൗഹീദും' 'റഷീദ് രിളയുടെ 'അൽമനാറും' പ്രധാന ക്ഷുദ്രകൃതികളാണ്. കേരളത്തിൽ ഈ പ്രസ്ഥാനത്തിന്റെ വളർച്ചയ്ക്ക് തുടക്കം കുറിച്ചതും അതിലൂടെ തന്നെ. സ്ത്രീകൾക്ക് മുൻഭാഗവും പിൻഭാഗവും മാത്രം മറച്ച് കെട്ടി നിസ്കാരമനുവദനീയമാണെന്നതുവരെ അവിടെ നിന്നുള്ള ഇറക്കുമതിയുടെ ജാരസന്തതിയത്രെ!

മുഹമ്മദ് നിർമ്മിച്ച ഈ നൂതന പ്രസ്ഥാനത്തിന്റെ വിഷബീജം എങ്ങനെയോ ഇന്ത്യൻ മണ്ണിലും കലരുകയുണ്ടായി. ഇസ്മാഈൽദഹ്‌ലവി , സയ്യിദ് അഹമ്മദ് തുടങ്ങിയവരുടെ കഠിന ശ്രമമാണ് ഇവിടെ ഇതിന് വളം നൽകിയത്. ഹിജ്റ 1238 ൽ സയ്യിദുഅഹമ്മദും ഇസ്മാഈൽ ദഹ്‌ലവിയും മക്കയിലേക്ക് പോയപ്പോൾ അവിടത്തെ വഹ്ഹാബികളുമായി ബന്ധപ്പെടുകയുണ്ടായി. ഈ ബന്ധം അവരുടെ വക്രമായ വിശ്വാസത്തിലാകൃഷ്ടമാകാനിടയായി. അങ്ങനെ ഇന്ത്യയിലേക്ക് തിരിച്ച് വന്ന ശേഷം അവർ മുഹമ്മദ്ബ്നു അബ്ദുൽ വഹ്ഹാബിന്റെ മാർഗ്ഗം സ്വീകരിക്കുകയും അയാൾ നയിച്ച മാർഗ്ഗത്തിൽ യുദ്ധം നയിക്കുകയും ചെയ്തതായി 'മുഹമ്മദ്ബ്നു അബ്ദുൽവഹ്ഹാബ്' എന്ന ചരിത്ര ഗ്രന്ഥത്തിൽ (പേജ് -192) 'അഹമ്മദ് അബ്ദുൽ ഗഫൂർ' രേഖപ്പെടുത്തിയതായി കാണാം. 'ഇസ്ലാം 20-ാം നൂറ്റാണ്ടിൽ' എന്ന പുസ്തകത്തിൽ ഗ്രന്ഥകാരൻ 'അവ്വാദ്' രേഖപ്പെടുത്തുന്നത് ശ്രദ്ധിക്കുക. "അനന്തരം വഹാബികളുടെ

ക്ഷണത്തിന്റെ പ്രതിദ്ധ്വനി സയ്യിദ് അഹമ്മദ് ബറേലിയുടെ നേതൃത്വത്തിൽ പഞ്ചാബിൽ പ്രചരണമാരംഭിച്ചു". (പേജ് 69 )

അൽമനാൽ 1954 ഒക്ടോബർ ലക്കം 11-12 പുസ്തകം 5 പേജ് 28 ൽ ഇങ്ങനെ കാണാം.അനന്തരം ഇന്ത്യയിൽ പ്രസ്തുത പ്രസ്ഥാനത്തിന്റെ മുന്നണിപോരാളിയായി ഇസ്മാഈൽ ശഹീദ് രംഗത്ത് വന്നു. പക്ഷേ പിന്നെയുള്ള പ്രസ്ഥാനത്തെപ്പറ്റി പിന്നെയും പല തെറ്റിദ്ധാരണകൾ പ്രചരിപ്പിക്കാൻ ചിലർ മുതിർന്നതിന്റെ ഫലമായി ഇമാം അവർകളുടെ യഥാർത്ഥ സ്ഥിതികൾ ഇന്ത്യയിൽ രണ്ടാമതും അപ്രത്യക്ഷമാവുകയാണുണ്ടായത്.

നജ്ദിലെ മുഹമ്മദ്ബിനു അബ്ദുൽ വഹാബ് നയിച്ച പുതിയ മതമായ വഹാബിയ്യത്തിന്റെ പ്രചരണത്തിന് ഉത്തരേന്ത്യയിൽ അരങ്ങേറിയ പ്രവർത്തനങ്ങളിൽ പ്രഥമമായി രംഗത്തിറങ്ങിയത് ഇസ്മാഈൽ ദഹ്ലവിയും സയ്യിദ് അഹമ്മദുമാണെന്ന് അവരുടെ ഗ്രന്ഥങ്ങൾ തന്നെ തെളിയിച്ചതാണ് മുകളിൽ കണ്ടത്. ഈ രംഗത്ത് വേറെ പലരും വന്നിട്ടുണ്ട്. 'റഷീദ് അഹമ്മദ് ഗൻഗോഹി' 'അഷറഫ് അലിഥാനവി ഖാസിം നാനൂറവി' തുടങ്ങിയ അവരുടെ ശിഷ്യന്മാർ പ്രസിദ്ധീകരണങ്ങൾ വഴി ഈ പ്രസ്ഥാനം പ്രചരിപ്പിക്കാൻ വളരെ ശ്രമിച്ചിട്ടുണ്ട്. ഗൻഗോഹിയുടെ ശിഷ്യനും തബ്ലീഗ് പ്രസ്ഥാനത്തിന്റെ ജനയിതാവുമായ മുഹമ്മദ് ഇല്ല്യാസും ഇതേ വിശ്വാസക്കാരനായിരുന്നുവെന്നത് അയാളുടെ 'മൽഫൂളാത്ത് മകാത്തിബ്' ഗ്രന്ഥങ്ങൾ പരിശോധിച്ചാൽ വ്യക്തമാകും. 1977 - 78 ൽ ദയുബന്ദിൽ നിന്ന് പുറപ്പെട്ട അദ്ദാ ഈ പത്രത്തിൽ ഇൽയാസിന്റെ ശിഷ്യനും മൽഫൂളാത്ത് ക്രോഡീകരിച്ച വ്യക്തിയുമായ മൻസൂർനുഅ്മാനി എഴുതിയ തുടർ ലേഖനം അയാളും ഒരു വഹ്ഹാബി ആദർശക്കാരനായിരുന്നു. എന്നതിലേക്ക് ലക്ഷ്യമാണ്.

## കേരളത്തിൽ

കെ.എം. മൗലവി, എം.സി.സി. വക്കം മൗലവി ഇവരെല്ലാം ഇബ്നുവഹ്ഹാബിന്റെ അനുയായികളായി അയാളുടെ പ്രസ്ഥാന പ്രചരണത്തിന് കാര്യമായ സേവനങ്ങൾ ചെയ്തവരായിരുന്നു. ആദ്യകാലത്ത് ഐക്യ

സംഘമായി വന്നെങ്കിലും ഇപ്പോൾ 'നദ്‌വത്തുൽ മുജാഹിദീ'നായി അറിയപ്പെടുന്നു. ഇബ്നുവഹ്ഹാബ് വിഭാവനം ചെയ്ത ആശയങ്ങളുടെ അനുപ്പകർപ്പാണ് ഇവരിലും ഉള്ളത്. അത് കൊണ്ട് തന്നെ അവർ വഹ്ഹാബികൾ എന്ന് വിളിക്കപ്പെടുന്നു. തവസ്സുൽ , ഇസ്തിഗാസനിഷേധം മഹാന്മാരെ ആക്ഷേപിക്കൽ യഥാർത്ഥ മുസ്‌ലിംകളെ മുശ്‌രിക്കാക്കി പ്രഖ്യാപിക്കൽ തുടങ്ങിയവ ഇവരുടെയും പ്രധാന ജോലി തന്നെ. റഷീദ് രിളായെപ്പോലുള്ള വഹാബിനേതാക്കളുടെ കൃതികളത്രെ പ്രധാനമായും കേരളത്തിലിതിന്റെ സന്ദേശമെത്തുവാൻ പ്രേരകം.

ഏതായാലും ഭരണപരമായും മറ്റും ശക്തി ഉപയോഗിച്ച് ആയിരക്കണക്കിന് മുസ്‌ലിംകളുടെ രക്തമൊഴുക്കി വളർത്തിയെടുത്ത ആ ഭീകര പ്രസ്ഥാനത്തിന്റെ വിഷബീജം കേരളത്തിലുമെത്തി. നദ്‌വത്തുകാരും ദീനിന്റെ ശത്രുക്കളായ പരിഷ്കാരികളും അതിന്റെ പ്രചരണം ഏറ്റെടുത്തു. പക്ഷെ ഇതിന്റെ ഉത്ഭവ കാലത്ത് തന്നെ സ്ഥാപക നേതാവിനെ അയാളുടെ പിതാവ്, സഹോദരൻ, ഗുരുനാഥന്മാർ ഉൾപ്പടെ മുസ്‌ലിം ലോകം അകറ്റി നിർത്തിയത് പോലെ സത്യാവലംബികളായ മുസ്‌ലിംകൾ ഇന്നും അവരെ അവജ്ഞതയോടെ വീക്ഷിക്കുക മാത്രമെ ചെയ്യുന്നുള്ളൂ.

*(ദീനാറുൽ ഉലൂം വാർഷികപ്പതിപ്പ് 1982)*

# ജിഹാദ്, കാഫിർ : വിമർശനങ്ങൾക്ക് പഴുതില്ല

**(അഭിമുഖം)**

എം. അബ്ദുൽഖാദിർ മുസ്‌ലിയാരെക്കുറിച്ച് പറയാവുന്ന വിശേഷണങ്ങൾ മറ്റു ചിലരെ കുറിച്ചും പറയാവുന്നതാണ്. എന്നാൽ എം. എ. യെപ്പോലെ ധിഷണാശാലിയായ ഒരു പണ്ഡിത ശ്രേഷ്ഠനെ കേരളം ഏറെ കണ്ടിട്ടില്ല. മത വിഷയങ്ങൾക്ക് അപ്പുറം സാമൂഹികവും ചരിത്രപരവുമായ ധാരാളം മേഖലകളിൽ ആഴത്തിൽ ഇറങ്ങിച്ചെല്ലുന്നു, ഇദ്ദേഹം. ഇന്ത്യയിലെ ഇസ്‌ലാമിക സമൂഹത്തെ ഇത്രനന്നായി പഠിച്ച പണ്ഡിതന്മാർ നമുക്കിടയിൽ കുറവ്.

'കാഫിർ' 'ജിഹാദ്' എന്നീ അറബി സംജ്ഞകളെ തെറ്റായി വ്യാഖ്യാനിക്കാനും ഈ വ്യാഖ്യാനങ്ങളുടെ മറവിൽ മുസ്‌ലിംകളെ ഭീകരവാദികളും ദേശദ്രോഹികളുമാക്കാനും കിണഞ്ഞു ശ്രമിച്ചു തുടങ്ങിയിരിക്കുന്നു, ഹൈന്ദവ ഫാഷിസം . മുസ്‌ലിം അല്ലാത്തവർ നിന്ദ്യരും നികൃഷ്ടരുമാണെന്നാണ് ഇവർ 'കാഫിർ' എന്ന പദത്തിന് അർത്ഥം കൽപ്പിച്ചു നൽകുന്നത്. കാഫിറുകൾ മുഴുകെ കൊല്ലപ്പെടേണ്ടവരാണെന്നും വിവക്ഷയുണ്ടത്രെ. ജിഹാദ് എന്ന വാക്ക് അറുകൊലക്കുള്ള ആഹ്വാനമാണെന്നും ഇവർ പറയുന്നു. 'കാഫിർ', 'ജിഹാദ്' എന്നീ രണ്ട് പദങ്ങൾ മുസ്‌ലിംകൾ അടിയന്തിരമായി പുനർനിർവചിക്കണമെന്നും ഇത്തരം പ്രകോപനപരമായ പരാമർശങ്ങൾ ഖുർആനിൽ നിന്നും മറ്റും ഒഴിവാ

ക്കണമെന്നുമാണ് ഹിന്ദുവർഗ്ഗീയവാദികളുടെ ആവശ്യം. ഇവിടെ ഇതി നെക്കുറിച്ച് ആധികാരികമായി പ്രതികരിക്കാൻ എം.എ അബ്ദുൽഖാദിർ മുസ്‌ലിയാരെ സമീപിക്കുന്നത് തീർത്തും ഉചിതമായിരിക്കും.

**കാഫിർ എന്ന ഭാഷാ പദം പരമത സമൂഹങ്ങളെ ധ്വംസിക്കും വിധ മുള്ള ആന്തരാർത്ഥങ്ങളുള്ളതാണെന്ന് ചിലർ ആക്ഷേപിക്കുന്നല്ലോ ?**

= ഈ ആക്ഷേപം അടിസ്ഥാനരഹിതമാണ്. ഭാഷാപരമായോ സാങ്കേ തികമായോ ഇങ്ങനെ ഒരു ദുരർത്ഥം കാഫിർ എന്ന പദത്തിനില്ല. നിഷേ ധിക്കുക, മൂടിവെക്കുക, മറച്ചുപിടിക്കുക, ഒളിപ്പിച്ചുവെക്കുക തുടങ്ങി ഇരുട്ട് എന്നും കറുപ്പ് എന്നും കർഷകൻ എന്നുവരെ കാഫിർ എന്ന പദ ത്തിന് ഭാഷയിൽ അർത്ഥമുണ്ട്. സന്ദർഭം പോലെ ഈ അർത്ഥം മാറി വരും

**? മതത്തിന്റെ സാങ്കേതിക അർത്ഥത്തിലോ ?**

=സാങ്കേതികമായും 'കാഫിർ' എന്ന പദം പ്രകോപനപരമല്ല. അല്ലാഹുവിന്റെ വിധിവിലക്കുകളെ അനുസരിച്ച് ജീവിക്കുന്ന ഒരാളെ മുസ്‌ലിം എന്നും പറയും. ഇതിന് വിപരീതം ചെയ്യുന്നയാളെ കാഫി റെന്നും പറയും വെളിച്ചത്തിന്റെ എതിരിൽ ഇരുട്ട് എന്ന് പറയുന്നത് പോലെ.മനുഷ്യൻ അല്ലാഹുവിന്റെ സൃഷ്ടിയാണ് അവനു ജീവിക്കാനുള്ള വായുവും വെള്ളവും ഭക്ഷണവും മറ്റ് വിഭവങ്ങളും നല്കിയത് അല്ലാ ഹുവാണ്. ആ നാഥനെ അവൻ അനുസരിക്കുകയും കീഴ്പ്പെടുകയും ചെയ്യണം. മനുഷ്യന് വലിയ അനുഗ്രഹമാണ് അല്ലാഹു നൽകിയിരിക്കു ന്നത്. ഈ അനുഗ്രഹങ്ങൾക്ക് നന്ദി ചെയ്യണം. ഇങ്ങനെ വഴിപ്പെടുകയും നന്ദി കാണിക്കുകയും ചെയ്യാത്തവരെ 'നന്ദികെട്ടവർ' എന്ന അർത്ഥ ത്തിൽ കാഫിർ എന്ന് പറയുന്നു. ഇതാണ് സാങ്കേതിക വിശദീകരണം.

**കാഫിർ എന്ന പദം മതകീയമാണോ ?**

ഒരിക്കലുമല്ല. അറബ് ഭാഷ തന്നെ മതപരമായ ഒന്നല്ല. ഖുർആനും ഹദീസും മറ്റും അറബിഭാഷയിലാണെന്നത് കൊണ്ട് അറബി ഇസ്‌ലാമി ന്റേത് മാത്രമാകുന്നില്ല. അറബി മാതൃഭാഷയായി ഉപയോഗിക്കുന്ന ജൂത ന്മാരും ക്രിസ്ത്യാനികളും ലോകത്ത് ധാരാളമുണ്ട്. ഈസാ നബിയുടെ

മതശാസനകൾ തിരസ്കരിച്ച ജൂതൻമാർ.ഈസാനബിയുടെ ജനതയെ സംബന്ധിച്ചിടത്തോളം കാഫിറാണ്. മൂസാനബി (അ) നെ തള്ളിപ്പറയുന്ന ക്രിസ്ത്യാനികളും കാഫിർ എന്ന പദത്തിന്റെ പരിധിയിൽ വരും. മുഹമ്മദ് നബി(സ)യുടെ നിയോഗം അംഗീകരിക്കാത്ത, ജൂത ക്രൈസ്തവരും കാഫിർ തന്നെ. ഇനി പൂർവ്വ പ്രവാചകന്മാരിൽ ഏതെങ്കിലും ഒരാളെ അംഗീകരിക്കാതെ വന്നാൽ, മുഹമ്മദ് നബി (സ) യിൽ വിശ്വസിച്ചത് കൊണ്ട് മാത്രം ഒരാൾ മുസ്ലിമാവുകയില്ല.ചുരുക്കിപ്പറഞ്ഞാൽ ഇന്ത്യയിലെ മുസ്ലീംകൾക്ക് ഇവിടെയുള്ള ഹിന്ദുക്കളെ സംബോധന ചെയ്യാൻ വേണ്ടി മാത്രമുള്ള പദമല്ല കാഫിർ. അല്ലാഹുവിന്റെ ആസ്തിക്യവും പ്രവാചകന്മാരുടെ ആഗമനവും അംഗീകരിക്കാത്ത ആരും അവരേത് കാലക്കാരായാലും കാഫിർ എന്ന സംബോധനക്കർഹരാണ്. മനുഷ്യന് അല്ലാഹു നൽകിയ അനുഗ്രഹത്തെയും അവൻ നന്ദി കാണിച്ചാൽ ലഭിക്കാനിരിക്കുന്ന പ്രതിഫലത്തെയും കുറിച്ച് വിവരിച്ച ശേഷം ഇതൊക്കെ അറിഞ്ഞിട്ടും മനസ്സിലാക്കിയിട്ടും നന്ദികേട് കാണിച്ചാൽ -കാഫിറായാൽ- കടുത്ത ശിക്ഷയുണ്ടെന്ന് വിശുദ്ധ ഖുർആൻ 'അൽമാഇദ' സൂറയിലും (വചനം 12) അന്നൂർ സൂറയിലും (വചനം 55) മറ്റും വിവരിക്കുന്നുണ്ട്. ഇവിടെ ഏതെങ്കിലും ഒരു സമുദായത്തെയോ നാട്ടുകാരെയോ പ്രത്യേകമായി ഉദ്ദേശിക്കുന്നില്ല. പിന്നെങ്ങനെയാണ് കാഫിർ ഹിന്ദുവിരുദ്ധമാവുക ?

**'കാഫിർ' എന്ന പദത്തിലും ഏറെ തെറ്റിദ്ധരിക്കപ്പെട്ടതാണ് -ജിഹാദ്-. ഇസ്ലാം ആഗോളാടിസ്ഥാനത്തിൽ തന്നെ ഭീകര പ്രസ്ഥാനമായി ചിത്രീകരിക്കപ്പെടുന്നതിന് ഈ പദം കാരണമായിട്ടുണ്ടല്ലോ ?**

= ശരിയാണ് ഭാഷയിലെ ഒരു പദം കൊണ്ടല്ല ഒരു ജനതയെ വിലയിരുത്തേണ്ടത്.നയങ്ങളുടേയും നിലപാടുകളുടേയും അടിസ്ഥാനത്തിലാണ്. ഇസ്ലാം അനുശാസിക്കുന്ന ജിഹാദ് ഏതാണെന്നറിയാതെ ജിഹാദ് എന്ന് കേൾക്കുമ്പോൾ തന്നെ തെറ്റിദ്ധരിക്കപ്പെടുകയാണ് ഒരുവിഭാഗം.ഇസ്ലാമിലെ ജിഹാദ് ഏതാണെന്നറിഞ്ഞിട്ടും കരുതിക്കൂട്ടി കുഴപ്പമുണ്ടാക്കാൻ ശ്രമിക്കുന്നവരുമുണ്ട്. ഇപ്പോൾ രണ്ടാം വിഭാഗമാണ് കൂടുതൽ ആഗോളതലത്തിൽ മുസ്ലിംകളെ ഒന്നാകെ ഭീകരവാദികളാക്കി

ഒറ്റപ്പെടുത്താനും വേട്ടയാടാനും സയണിസ്റ്റ് ഗൂഢാലോചനയുണ്ട്. സെപ്തംബർ 11 ലെ ഭീകരാക്രമണം മറയാക്കി അമേരിക്കൻ സാമ്രാജ്യത്വം ഈ ദുഷ്പ്രചാരണം മൊത്തമായി ഏറ്റെടുത്തിരിക്കുകയാണ്.

**ജിഹാദ് കൊണ്ട് എന്താണ് അർത്ഥമാക്കുന്നത് ?**

ഈപദത്തിന് ഭാഷാപരമായും സാങ്കേതികമായും അർത്ഥ തലങ്ങളുണ്ട്. ത്യാഗം, കഠിനശ്രമം, അത്യധ്വാനം എന്നൊക്കെയാണ് ഭാഷാർത്ഥം. പരസ്പര സഹായത്തിനും ജിഹാദ് എന്ന് പറയും.സാങ്കേതികമായി ജിഹാദ് ധർമ്മസമരമാണ്. ജിഹാദുൽ അക്ബർ, ജിഹാദുൽ അസ്ഗർ എന്നിങ്ങനെ ജിഹാദ് രണ്ടുണ്ടെന്നും ഹദീസ് കൊണ്ട് മനസ്സിലാകും. സ്വന്തം ശരീരത്തിന്റെ ഇച്ഛകൾക്കും ദുർമ്മോഹങ്ങൾക്കും എതിരായ ആത്മസമരത്തെ 'ജിഹാദുൽ അക്ബർ'– ഏറ്റവും വലിയ യുദ്ധം – എന്ന് നബി (സ) വിശേഷിപ്പിച്ചത് കാണാം. ആത്മരക്ഷയ്ക്കും ഇസ്ലാമിക സമൂഹത്തിന്റെയും ആദർശത്തിന്റെയും നിലനിൽപ്പിന് വേണ്ടി നടത്തേണ്ടതായി വരുന്ന ശരീരം കൊണ്ടുള്ള ധർമ്മസമരമാണ് ജിഹാദുൽ അസ്ഗർ. ഇതാണ് വ്യാപകമായി തെറ്റിദ്ധരിക്കപ്പെട്ട ജിഹാദ്.

*മതപ്രചാരണത്തിനും സാമ്രാജ്യത്വ വികസനത്തിനും ജിഹാദ് നടത്തി എന്നാക്ഷേപമുണ്ടല്ലോ ?*

ഈ ആക്ഷേപം കെട്ടിച്ചമച്ചതാണ്. ശരിയായ ചരിത്രത്തിൽ നിന്ന് വസ്തുതകൾ പഠിക്കാതെ പോയതാണ് ഈ ആക്ഷേപത്തിന് അടിസ്ഥാനം. ഇസ്ലാമിക ചരിത്രത്തിലെ ജിഹാദുകൾ ഒരിക്കലും മതപ്രചാരണത്തിന് വേണ്ടി ആയിരുന്നില്ല. സാമ്രാജ്യത്വ വികസനവും ലക്ഷ്യമായിരുന്നില്ല. പ്രതിരോധത്തിനും സമാധാനത്തിനും വേണ്ടി ആയിരുന്നു ഇസ്ലാമിക ചരിത്രത്തിലെ ജിഹാദുകൾ.

"മതത്തിൽ നിർബന്ധം ചെലുത്തലേ ഇല്ല". എന്ന് വിശുദ്ധ ഖുർആൻ രണ്ടാം അദ്ധ്യായം 256 –ാം സൂക്തത്തിൽ പറയുന്നു.അതിനുള്ള കാരണവും ഈ സൂക്തത്തിലുണ്ട്. "ദുർമാർഗ്ഗത്തിൽ നിന്ന് നേർമാർഗ്ഗം (വേർതിരിഞ്ഞ്) വ്യക്തമായിക്കഴിഞ്ഞു. സത്യാസത്യങ്ങൾ വേർതിരിഞ്ഞ് കഴിഞ്ഞാൽ വിവേകിയായ മനുഷ്യനെ സത്യം സ്വീകരിക്കാൻ നിർബ

ന്ധിക്കേണ്ടതില്ലെന്നാണ് ഖുർആൻ മുന്നോട്ട് വയ്ക്കുന്ന ന്യായം. നിന്റെ റബ്ബ് ഉദ്ദേശിച്ചിരുന്നെങ്കിൽ ഭൂമുഖത്തുള്ളവരെ മുഴുവൻ മുസ്‌ലിംകൾ ആക്കുമായിരുന്നു. എന്നിരിക്കെ, മനുഷ്യർ സത്യവിശ്വാസികളായിത്തീരുവാൻ നീ അവരെ നിർബന്ധിക്കുകയോ?- എന്ന് ചോദിച്ച് കൊണ്ട് സൂറഃ യൂനുസ് 99-ാം വാക്യം നിർബന്ധ മതപരിവർത്തനം എന്ന ആശയത്തെ നിരാകരിക്കുകയാണ് ചെയ്യുന്നത്"ഉദ്ദേശിക്കുന്നവർ വിശ്വസിക്കട്ടെ ; ഉദ്ദേശിക്കുന്നവർ അവിശ്വസിക്കുകയും ചെയ്ത് കൊള്ളട്ടെ."എന്ന് സൂറത്തുൽ കഹ്ഫിൽ പറയുന്നുണ്ട്. മതം ആരുടെയും മേൽ അടിച്ചേൽപ്പിക്കേണ്ടതല്ലെന്ന് തന്നെയാണ് ഇസ്‌ലാമിക പ്രമാണങ്ങളെല്ലാം പറയുന്നത്. ചരിത്രം ശരിയായ വിധം മനസ്സിലാക്കിയാൽ ഗ്രഹിക്കാവുന്നതും ഇതാണ്.

ഓറിയന്റലിസ്റ്റുകൾ പടച്ചു വിട്ട തെറ്റായ ചരിത്രമാണ് വ്യാപകമായി അവലംബമാക്കപ്പെടുന്നത്. ഇബ്നു ഹിശാമിന്റെയും ഇബ്നു ഇസ്ഹാഖിന്റെയും ചരിത്ര പഠനങ്ങൾ ദുർവ്യാഖ്യാനം ചെയ്യപ്പെട്ടിട്ടുണ്ട്. വഴി തെറ്റിക്കാൻ ഇടയാക്കിയിട്ടുമുണ്ട്. ചരിത്രം അതിന്റെ ശരിയായ അവകാശികളിൽ നിന്ന് സ്വീകരിക്കാൻ അമാന്തം കാണിച്ചു. കുഴപ്പങ്ങൾ ഉണ്ടാക്കാൻ ആഗ്രഹിക്കുന്നവർക്ക് ഇത് ആവശ്യമാകാം.

**മുസ്‌ലിം ഭരണാധികാരികൾ നടത്തിയ പടയോട്ടങ്ങൾ ഇസ്‌ലാമിക സ്വഭാവമുള്ള ജിഹാദുകളായിരുന്നോ?**

=നാല് ഖലീഫമാർ ഏകദേശം 30 വർഷക്കാലം നടത്തിയ ഇസ്‌ലാമിക ഭരണത്തെ മാത്രമേ ഇസ്‌ലാമിന്റെ കണക്കിൽ പെടുത്താനാവൂ. ഈ ഖലീഫമാർ നടത്തിയത് ഇസ്‌ലാമിക ജിഹാദായിരുന്നു. മത പ്രചരണമോ സാമ്രാജ്യവികസനമോ സാമ്പത്തിക നേട്ടമോ ഈ കാലത്തെ ജിഹാദിന്റെ ലക്ഷ്യമായിരുന്നില്ല. പ്രതിരോധം തന്നെയായിരുന്നു മുഖ്യം. ഖുറൈശികൾ തനിച്ചും മറ്റ് അറബ് ഗോത്രങ്ങളുമായി കൂട്ട് ചേർന്നും മുസ്‌ലിംകളെ നശിപ്പിക്കാൻ ശ്രമിച്ചു. പിന്നീട് ഈ ശ്രമം പേർഷ്യൻ, റോമൻ ശക്തികൾ ഏറ്റെടുത്തു.

നാല് ഖലീഫമാർക്കുശേഷം മുസ്‌ലിം രാജാക്കന്മാരും

സുൽത്താൻമാരും നടത്തിയ യുദ്ധങ്ങൾ ഇസ്‌ലാമിന്റെ കണക്കിൽ വരവുവെക്കാനാവില്ല. ഈ ഭരണകൂടങ്ങളുടെ പലതിന്റെയും അടിത്തറ തന്നെ കിടമത്സരങ്ങളിൽ നിന്നും വിദ്വേഷത്തിൽ നിന്നും ആധിപത്യ ത്വരയിൽ നിന്നും ഉത്ഭവിച്ചതാണ്. അന്നും ഇന്നും നടക്കുന്ന പല രാജ്യങ്ങളിലെയും ഭരണം ഇസ്‌ലാമിക ഭരണമല്ല. മുസ്‌ലിംകൾ നടത്തുന്ന ഭരണമാണ്. ഇവിടെ പൂർണ്ണമായും ഇസ്‌ലാമിക ശരീഅത്തല്ല ഭരണമാനദണ്ഡം. സമ്പത്തിന് വേണ്ടിയും സാമ്രാജ്യത്വ വികസനത്തിനുവേണ്ടിയും മുസ്‌ലിം രാജാക്കന്മാരും സുൽത്താന്മാരും നടത്തിയ പടയോട്ടങ്ങളും യുദ്ധങ്ങളും ഇസ്‌ലാം സിദ്ധാന്തിക്കുന്ന ജിഹാദിന്റെ പരിധിയിൽ വരുന്നതല്ല. ചില മുസ്‌ലിം ഭരണാധികാരികൾ തങ്ങളുടെ അതിക്രമങ്ങൾക്ക് ഇസ്‌ലാമിന്റെ പേര് ഉപയോഗിച്ചിരിക്കാം. അക്കാലത്തെ കൊട്ടാരം ചരിത്രകാരന്മാർ രാജാക്കന്മാരുടെ പ്രീതി നേടാൻ എല്ലാ അതിക്രമങ്ങളും ജിഹാദായി എഴുതിയെന്നുമിരിക്കാം. തെറ്റായ ഈ ചരിത്രത്തെ ആശ്രയിച്ചാണ് ഇപ്പോഴത്തെ എന്നല്ല, എല്ലാ കാലത്തെയും വിമർശകർക്ക് പറ്റിയ അബദ്ധം.

**ഇസ്‌ലാമിക ജിഹാദിന്റെ ചരിത്ര പാശ്ചാത്തലം.?**

= ഇസ്‌ലാമിക ജിഹാദിന് കർശനമായ നിയന്ത്രണങ്ങളും നിബന്ധനകളുമുണ്ട്. 15 വർഷത്തെ കഠിനമായ ത്യാഗത്തിനും സഹനത്തിനും ശേഷമാണ് പ്രവാചകന് വിശുദ്ധ യുദ്ധത്തിനുള്ള അനുമതി ലഭിക്കുന്നത്.

"ഇങ്ങോട്ട് യുദ്ധത്തിന് ഇരയായവർക്ക് അവർ ആക്രമിക്കപ്പെട്ടിരിക്കുന്നു എന്ന കാരണത്താൽ, അങ്ങോട്ടും യുദ്ധം ചെയ്തുകൊള്ളാൻ അനുവാദം നൽകപ്പെട്ടിരിക്കുന്നു. നിശ്ചയം അല്ലാഹു അവരെ സഹായിക്കുന്നതിന് കഴിവുള്ളവനത്രെ. ഞങ്ങളുടെ നാഥൻ അല്ലാഹുവാണ് എന്ന് പറഞ്ഞതല്ലാതെ മറ്റു യാതൊരു ന്യായവും കൂടാതെ സ്വഭവനങ്ങളിൽ നിന്ന് പുറത്താക്കപ്പെട്ടവരത്രെ അക്രമത്തിന് വിധേയരായവർ. മനുഷ്യരിൽ ചിലരെ മറ്റ് ചിലരെ കൊണ്ട് അല്ലാഹു പ്രതിരോധിച്ചില്ലായിരുന്നുവെങ്കിൽ സന്യാസി മഠങ്ങളും ചർച്ചുകളും സിനഗോഗുകളും അല്ലാഹുവിന്റെ നാമം ധാരാളമായി സ്മരിക്കപ്പെടുന്ന മസ്ജിദുകളും തകർക്കപ്പെടുമാ

യിരുന്നു".(വി:ഖു:22/39,0)

ധർമ്മസമരം അനുവദിച്ചുകൊണ്ട് ആദ്യം അവതരിച്ച രണ്ടു സൂക്തങ്ങളുടെ ആശയമാണിത്. ഈ ഖുർആൻ വചനത്തിൽ യുദ്ധം ചെയ്യാനുള്ള കൽപ്പനയല്ല, അനുമതിയാണ് നൽകിയിരിക്കുന്നത്. നിസ്കാരത്തിനും സകാതിനും നോമ്പനുഷ്ഠിക്കാനും കൽപിക്കുമ്പോൾ യുദ്ധത്തിന് അനുമതി നൽകുകയാണ് ചെയ്തിരിക്കുന്നത് ! ഇതിനു മുമ്പ് എഴുപതിൽപരം സൂക്തങ്ങളിൽ യുദ്ധം തടയുകയും നിരുത്സാഹപ്പെടുത്തുകയുമാണ് ഖുർആൻ ചെയ്തത്. ക്ഷമിക്കാനും സഹിക്കാനുമായിരുന്നു ശാസന. ഇസ്ലാം അനുവദിക്കുന്ന യുദ്ധം പ്രതിരോധത്തിനു വേണ്ടിയാണെന്ന് ഈ ആയത്തിൽ നിന്നു മനസ്സിലാക്കാം. ഇങ്ങോട്ട് ആക്രമിക്കപ്പെട്ടവർക്കാണ് അങ്ങോട്ട് തിരിച്ചാക്രമിക്കാൻ അനുമതി. ജിഹാദ് സമാധാനത്തിന് വേണ്ടിയാണെന്നും ഈ സൂക്തം വെളിപ്പെടുത്തുന്നു. പ്രതിരോധ തന്ത്രമെന്ന നിലയ്ക്ക് യുദ്ധത്തിൽ ഏർപ്പെട്ടില്ലെങ്കിൽ ദൈവിക ജീവിതവും ആരാധനാ കേന്ദ്രങ്ങളും ശിഥിലമാകുമെന്നാണ് സൂക്തത്തിന് ഒടുവിൽ പറയുന്നത്. അതായത് ഇസ്ലാമിലെ യുദ്ധാനുമതി പ്രതിരോധത്തിനും സമാധാനത്തിനും വേണ്ടിയാണ്.

?ഉദാഹരണത്തിന് ?

=പ്രവാചക ചരിത്രത്തിലെ ആദ്യത്തെ യുദ്ധമായ 'ബദർ' തന്നെ നല്ല ഉദാഹരണമാണല്ലോ. നബിയും ഏതാനും അനുചരൻമാരും ബദറിലേക്ക് പോയത് യുദ്ധത്തിനല്ല. നിരന്തര ശല്യക്കാരായ മക്കാ മുശ്രിക്കുകളുടെ സാമ്പത്തിക സ്രോതസ്സിന് ഉപരോധം ഏർപ്പെടുത്താൻ വേണ്ടിയാണ്.. മുഹാജിറുകളായ മുസ്ലിംകളുടെ സമ്പത്ത് കൈയ്യടക്കി അതുമായി ശാമിൽ വരുന്ന ഖുറൈശി കച്ചവട സംഘത്തെ തടയുക എന്ന ലക്ഷ്യമേ ഉണ്ടായിരുന്നുള്ളൂ. കച്ചവടസംഘം രക്ഷപ്പെട്ട് മക്കയിൽ തിരിച്ചെത്തിയറിഞ്ഞിട്ടും വൻ യുദ്ധസന്നാഹത്തോടെ നബി(സ)യെ എതിരിടാൻ വന്ന ഖുറൈശിപ്പട പിന്തിരിഞ്ഞില്ല. നിർബന്ധിത സാഹചര്യത്തിൽ ബദറിൽ മുസ്ലികൾക്ക് ഏറ്റുമുട്ടേണ്ടതായി വന്നു. മദീന ആക്രമിക്കാൻ വന്നപ്പോഴാണ് 'അഹ്സാബ്' (ഖൻദക്) യുദ്ധമുണ്ടായത്. അങ്ങോട്ടുപോയതല്ല.

ഉഹ്ദിലെ ശത്രുക്കൾ ഇങ്ങോട്ട് വന്നതാണ്. ശത്രുക്കളുടെ യുദ്ധനീക്കങ്ങൾ മണത്തറിഞ്ഞു അങ്ങോട്ടു ചെന്നു ആക്രമിക്കേണ്ട സാഹചര്യവും ഉണ്ടായിട്ടുണ്ട്.

**? 'ജിഹാദ്' സംബന്ധിച്ച ഖുർആൻ പരാമർശങ്ങൾ മക്കയിലെ പ്രത്യേക സാഹചര്യത്തിനു മാത്രം ബാധകമാണെന്നു പറയാമോ?**

= 'ജിഹാദ്' സംബന്ധിച്ച ഖുർആൻ പരാമർശങ്ങൾ മിക്കതും മക്കയിലെ ഖുറൈശി ഭീകരരെയും മദീനയിലെ കപ്പടവിശ്വാസികളെയും നേരിടാൻ വേണ്ടി അവതരിച്ചതാണ്. പൂർവ്വിക ഖുർആൻ വ്യാഖ്യാതാക്കൾ ഇത് നന്നായി വിശദീകരിച്ചതു കാണാം. മലയാളത്തിലും ഇംഗ്ലീഷിലും ഇറങ്ങുന്ന ഖുർആൻ വ്യാഖ്യാനങ്ങളിൽ വിശദീകരണക്കുറവ് കൊണ്ടാകണം ഇത് കാണാറില്ല. ഖുറൈശി ഭീകരതക്കെതിരെ വന്നു എന്നത്കൊണ്ട് ഈ സൂക്തങ്ങൾ അതിനുമാത്രം വേണ്ടിമാത്രം എന്നു പറഞ്ഞുകൂടാ. സമാന സാഹചര്യങ്ങൾ ഉണ്ടായാൽ എപ്പോഴും പ്രസക്തമാണ്.

**? സമാന സാഹചര്യം കൊണ്ട് ഉദ്ദേശിക്കുന്നത് ?**

= സമാധാന ഭംഗം ഉണ്ടായാൽ എന്നർത്ഥം. ഇസ്‌ലാമിക ഭരണം നിലനിൽക്കുന്ന രാജ്യത്തെ ഭരണാധികാരിക്കു മാത്രമേ അനുകൂല സാഹചര്യത്തിലും 'ജിഹാദ്' പ്രഖ്യാപിക്കാൻ അധികാരമുള്ളൂ. അതിന് മതപരമായ കാരണങ്ങൾ സംജാതമായിരിക്കണം. വ്യക്തികൾക്കോ സംഘടനകൾക്കോ രാജക്കന്മാർക്കോ ജിഹാദിന് അവകാശമില്ല. മുസ്‌ലിം ഭരണാധികാരിക്ക് തന്നെ സമാധാന മേഖലയിൽ യുദ്ധം അടിച്ചേൽപ്പിക്കാനാവില്ല. മദീന ജീവിതത്തിന്റെ ആദ്യ വർഷങ്ങളിൽ തന്നെ ഒരിസ്‌ലാമിക സ്റ്റേറ്റിന്റെ രൂപവൽക്കരണം നടന്നിട്ടുണ്ട്. എന്നാൽ, മദീനയിലെ ഇതര മത വിഭാഗങ്ങളോട് യുദ്ധത്തിന് റസൂൽ(സ) മുതിരുന്നില്ല. പകരം ജൂതൻമാരുമായും ക്രിസ്ത്യാനികളുമായും പരിസരത്തെ അറബ് ഗോത്രങ്ങളുമായും സമാധാന കരാറിൽ ഏർപ്പെടുകയാണ് ചെയ്തത്.

**? 'ദാറുൽ ഇസ്‌ലാമും' ' ദാറുൽ ഹർബും' വിശദീകരിക്കാമോ ?**

='ദാറുൽ ഇസ്‌ലാം' എന്നാൽ മുസ്‌ലിം രാജ്യമെന്നല്ല. മുസ്‌ലികൾ

ഇതര സമുദായങ്ങളുമായും മതവിഭാഗങ്ങളുമായും സൗഹൃദത്തിൽ കഴിയുന്ന പ്രദേശം എന്നാണ്. ഈ അർത്ഥത്തിൽ ഇന്ത്യ ദാറുൽ ഇസ്ലാമാണ്. ഇവിടെ മുസ്ലിംകൾക്ക് അവരുടെ മതവിശ്വാസത്തിനും ആരാധനകൾക്കും സ്വത്തിനും അഭിമാനത്തിനും ഭരണഘടനാപരമായ സുരക്ഷിതത്വമുണ്ട്. ഈ സുരക്ഷിതത്വമില്ലാത്ത നാട് 'ദാറുൽ ഹർബാ'ണ്.

? ഗുജറാത്ത് വംശഹത്യയുടെ പശ്ചാത്തലത്തിൽ ഇങ്ങിനെ പറയാനാകുമോ?

= ഗുജറാത്ത് സംഭവങ്ങൾ വേദനാജനകവും അങ്ങേയറ്റം പ്രതിഷേധാർഹവുമാണ്. രാജ്യത്തിന്റെ മതനിരപേക്ഷതക്കും ജനാധിപത്യമൂല്യങ്ങൾക്കും തീരാകളങ്കമാണ് അവിടെ സംഭവിച്ചത്. ചെങ്കിസ്ഖാന്റെ ആക്രമണങ്ങളിലും കുരിശ് യുദ്ധ ചരിത്രത്തിലും വരെ പറഞ്ഞു കേൾക്കാത്ത കൊടുംക്രൂരതയാണ് ഗുജറാത്തിൽ നടന്നത്. ചരിത്രത്തിൽ ഇതിനു തുല്യതയില്ല. അഭയാർത്ഥി ക്യാമ്പുകളിൽ നിന്നു നിരാലംബരെ ആട്ടിയോടിക്കുന്ന കാടത്തം ലോകത്തെവിടെയും കേട്ടിട്ടില്ല; മോഡി ഭരണത്തിലല്ലാതെ. ഇസ്ലാമിക ചരിത്രത്തിൽ ഇത്തരം അതിക്രമങ്ങളുടെ സൂചനപോലും കാണില്ല. യുദ്ധസാഹചര്യത്തിലായാൽപോലും സ്ത്രീകളേയും കുട്ടികളേയും വൃദ്ധന്മാരെയും ആക്രമിക്കരുതെന്നും ആരാധനയിൽ മുഴുകിയവരെ ശല്യം ചെയ്യരുതെന്നും വിളനാശം ഉണ്ടാക്കരുതെന്നും ജലസ്രോതസ്സുകൾ മലിനമാക്കരുതെന്നുമുള്ള നിർദേശം കാണാം. ഗുജറാത്തിലെ ആക്രമത്തിന് പിന്നിൽ ഭൂരിപക്ഷത്തിനിടയിലെ ന്യൂനപക്ഷമേയുള്ളൂ. പൊതുസമൂഹത്തോടൊപ്പം നിന്ന് മുസ്ലിംകൾ ഈ ഭീഷണിയെ ചെറുക്കണം. ഈ സാഹചര്യം എന്നും അവിടെ നിലനിൽക്കണമെന്നില്ല. ഇപ്പോൾ ഭരിക്കുന്ന പാർട്ടിയുടെ നിലപാടുകളാണ് കുഴപ്പം സൃഷ്ടിച്ചത്. ഭരണകൂടം മാറുമ്പോൾ നയവും സാഹചര്യവും മാറും. അത്കൊണ്ട് ഗുജറാത്ത് പ്രശ്നത്തിന്റെ പേരിൽ ഇന്ത്യയെ 'ദാറുൽ അർബാ'യി കാണാൻ ആകില്ല. രാജ്യത്തിന്റെ ഏതെങ്കിലും പ്രദേശങ്ങൾ അടർത്തിയെടുത്ത് വിധിപറയാനും പറ്റില്ല. ഗുജറാത്തിൽ നടക്കുന്നത് ആഭ്യന്തര കലഹമാണ്; യുദ്ധമല്ല.

?ഒരു വിധത്തിലുള്ള പ്രതിരോധത്തിനും അവസരമില്ലെന്നാണോ ഉദ്ദേശിക്കുന്നത് ?

= പ്രതിരോധത്തിനുള്ള അവകാശവും 'ജിഹാദും' രണ്ടാണ്. എല്ലാ പ്രതിരോധവും യുദ്ധമല്ല. ഒരു വ്യക്തിക്ക് ആത്മരക്ഷക്കുള്ള പ്രതിരോധത്തിന് അവകാശമുണ്ട്. അത് ജിഹാദല്ല. വന്യമൃഗങ്ങൾ ആക്രമിക്കാൻ വന്നാൽ പ്രതിരോധിക്കാൻ നിയമം തിരയേണ്ടതില്ല. ആക്രമിക്കാൻ വരുന്നത് മനുഷ്യനായാലും നിയമത്തിൽ മാറ്റമില്ല. ഫലസ്തീൻ ജനത നടത്തുന്ന ചെറുത്തുനിൽപ് ആത്മ രക്ഷക്ക് വേണ്ടിയുള്ളതാണ്. ഒരു നിയമത്തിനും അത് വിലക്കാനാകില്ല.

?യുദ്ധം 'ഫർള് കിഫായ' ആണെന്ന അഭിപ്രായത്തെക്കുറിച്ച് ?

=ഇപ്പറഞ്ഞത് ഇസ്‌ലാമിക ഭരണമുള്ള സ്റ്റേറ്റിലെ ഭരണാധികാരിക്ക് മാത്രം ബാധകമായതാണ്. യുദ്ധം അനിവാര്യമാകും വിധം അരക്ഷിതത്വം ഉണ്ടാകുമ്പോൾ ഉത്തരവ് കൊടുക്കാം. വ്യക്തിക്കോ സംഘടനകൾക്കോ യുദ്ധപ്രഖ്യാപനത്തിന് അധികാരമില്ല. എന്നാൽ വ്യക്തികൾ നടത്തുന്ന ആത്മരക്ഷക്ക് വേണ്ടിയുള്ള ചെറുത്തുനിൽപ്പുകളെ ജിഹാദായി വ്യാഖ്യാനിക്കാനും പാടില്ല.

?സെപ്തംബർ 11ന്റെ അമേരിക്കയിലെ ഭീകര ആക്രമണത്തെ 'യുദ്ധ സമാനമായ സാഹചര്യം' എന്നാണല്ലോ അമേരിക്കൻ പ്രസിഡണ്ട് വിശേഷിപ്പിച്ചത് ?

=ഏതു മാനദണ്ഡം വെച്ചാണ് ഈ വിശേഷണം എന്നദ്ദേഹം പറയുന്നില്ല. അമേരിക്കക്കു നേരെ നടന്ന ആക്രമണം ശരിയാണെന്ന് പറയാനാകില്ല. എന്നാൽ, ആ രാജ്യത്തിന്റെ നയങ്ങളാണ് ഇത്തരമൊരു സാഹചര്യമുണ്ടാക്കിയത്. 'അൽഖാഇദ' പോലുള്ള സംഘടനകൾ ഊർജ്ജം നേടിയത് തെറ്റായ അമേരിക്കൻ നിലപാടിൽ നിന്നാണ്. ഫലസ്തീൻ പ്രശ്നത്തിൽ ഇത് വ്യക്തമാണ്. ശത്രുക്കളെ ഒതുക്കാൻ യുദ്ധം നയിക്കുന്നതിന് പകരം അമേരിക്ക അതിന്റെ വികല നയങ്ങൾ തിരുത്തുകയാണ് ചെയ്യേണ്ടത്. ഒരു ജനത ആത്മഹുതിയുടെ വഴി സ്വീകരിക്കുന്നെങ്കിൽ അത് ക്ഷമയുടെയും സഹനത്തിന്റെയും അങ്ങേയറ്റമാണെന്ന് മന

സ്സിലാക്കാനുള്ള വിവേകം ഭരണാധികാരികൾക്കുണ്ടാകണം.

?മക്കാമുശ്രിക്കുകളോടും മദീനയിലെ മുനാഫിക്കുകളോടും 'യുദ്ധം' അനുവദിക്കുന്നുണ്ടല്ലോ? ഇത് രണ്ടും ഒരേ അർത്ഥത്തിലാണോ?

=അല്ല.'ജിഹാദ്' ധർമസമരമാണ്. ഇത് പൊതുവായ ഒരാശയമാണ്. സ്വന്തം ശരീരത്തോടും പിശാചിനോടും 'ജിഹാദ്' ചെയ്യാൻ പറയുന്നുണ്ട്. നാവുകൊണ്ടും തൂലിക കൊണ്ടും ജിഹാദുണ്ട്. ശരീരം കൊണ്ടുള്ള ജിഹാദ് ഈ ആശയത്തിന്റെ മൂർത്തരൂപമാണ്. അത് സായുധ സമരമാണ്. മുനാഫിക്കുകളുമായുള്ള ജിഹാദ് ന്യായവാദമുന്നയിച്ചും നിയമനടപടികൾ സ്വീകരിച്ചുമാണ്. നബി(സ) കപടവിശ്വാസികളെ ഇങ്ങനെയാണ് നേരിട്ടത്.

മുശ് രിക്കുകളെ സംബന്ധിച്ച് അവരുടെ ശത്രുത നിരന്തരമായപ്പോൾ ഉപരോധം എന്ന നിലയിൽ ആയുധപ്രയോഗം നടത്തേണ്ടിവന്നു. യുദ്ധസമയത്തെ പ്രത്യേക നിർദ്ദേശങ്ങളെ ദുർവ്യാഖ്യാനം ചെയ്യാനും പാടില്ല.

(രിസാല-2002)

# ആചാരങ്ങൾ
# വിവാഹ കർമ്മത്തിൽ

വിവാഹ കർമ്മം ഒരു കുടുംബ കരാറാണ് ഇസ്‌ലാമിക ശരീഅത്ത് വളരെ പ്രാധാന്യമാണ് പ്രസ്തുത വ്യവഹാരത്തിന് നൽകിയിട്ടുള്ളത്. അതുകൊണ്ടത്രെ പ്രസ്തുത കർമ്മത്തിന്റെ പ്രധാന ഉത്തരവാദിത്വം കുടുംബ തലവനായ പിതാവ്, പ്രപിതാവ്, സഹോദരന്മാർ എന്നീ പ്രകാരമുള്ള പുരുഷന്മാരിൽ അർപ്പിതമായത്. അവർ അനുയോജ്യത പരിഗണിച്ചായിരിക്കണം വരനെ തെരഞ്ഞെടുക്കേണ്ടത്.

ഒരു സ്ത്രീയെ സംബന്ധിച്ച് അനുയോജ്യത പരിഗണിക്കാൻ വിവാഹത്തിലേർപ്പെടുന്ന സ്ത്രീക്കും അവളുടെ രക്ഷാധികാരിക്കും അവസരം നൽകുകയും  അത് ഏതെങ്കിലുമൊരു വിഭാഗം (സ്ത്രീയോ രക്ഷിതാവോ) പരിഗണിച്ചില്ലെങ്കിൽ മറുകക്ഷിക്ക് തടസ്സം നിൽക്കാൻ സ്വാതന്ത്ര്യം നൽകുകയുമാണ് ഇസ്‌ലാം മതം ചെയ്തത്. സ്ഥായിയായ പ്രസ്തുത കരാറിന് ധാരാളം ഉപാധികളും സുസ്ഥിരതക്കാവശ്യമായ നിർദ്ദേശങ്ങളും ഇസ്‌ലാം നൽകിയതായി കാണാം.

ദർശനം വിരോധിക്കപ്പെട്ട വനിതയെ വിവാഹന്വേഷണ സമയം കാണൽ സുന്നത്താണെന്ന് റസൂൽ (സ) നിർദ്ദേശിച്ചു. വിവാഹന്വേഷണത്തിനെക്കുറിച്ച് അഭിപ്രായം ആരായുന്നവർക്ക് മറ്റു സമയങ്ങളിൽ പറയാൻ അനുവദനീയമല്ലാത്ത കുറവുകൾ ചൂണ്ടിക്കാണിക്കൽ നിർബന്ധമാണെന്ന് ഇസ്‌ലാം കൽപ്പിച്ചു. നിങ്ങളുടെ ഇന്ദ്രിയ തുള്ളിക്ക് അർഹമായ സ്ഥാനം തെരഞ്ഞെടുക്കണമെന്നും അത് അനുയോജ്യമല്ലാത്ത

വനിതയിൽ നിക്ഷേപിക്കാൻ ഇടവരാതെ സൂക്ഷിക്കണമെന്നും റസൂൽകരീം (സ) നിർദ്ദേശിച്ചു. രക്ഷാകർത്താവില്ലാത്ത വിവാഹം സാധു വല്ലെന്ന് അവിടുന്ന് പ്രഖ്യാപിച്ചതിന്റെ പ്രധാന തത്വവും പ്രസ്തുത അനുയോജ്യതയെ കുറിച്ച് അർഹമായ അന്വേഷണത്തിനർഹൻ അദ്ദേ ഹമായതുകൊണ്ടത്രെ.

എന്നാൽ സ്ത്രീക്ക് സ്വതന്ത്രമായി വിവാഹത്തിലേർപ്പെടാൻ സ്വാതന്ത്ര്യം നൽകുന്ന ഒരു 'ഫിഖ്ഹ് കൗൺസിലി'ന്റെ പ്രഖ്യാപനവും തുടർന്ന് പത്ര കോളങ്ങളിൽ വരുന്ന വിവാദങ്ങളും ഇസ്‌ലാമിക ദൃഷ്ട്യാ വിലയുള്ളതല്ല. ഹനഫി മദ്ഹബിന്റെ പേരിലാണ് ചിലർ അത് ന്യായീക രിച്ച് കാണുന്നത്. എന്നാൽ അത്തരമൊരു അഭിപ്രായമുന്നയിച്ച ഹനഫി മദ്ഹബുകാരിൽ ചിലർ തന്നെ, അവൾ തെരഞ്ഞെടുക്കുന്നത് അനുയോ ജ്യനല്ലെങ്കിൽ രക്ഷിതാവിന് തടയാൻ അവകാശമുണ്ടെന്ന് രേഖപ്പെടു ത്തിയത് ഇത്തരക്കാർ വിസ്മരിക്കുകയാണ് അത് കൊണ്ടത്രെ ഈയിടെ ബാംഗ്ലൂരിൽ സമ്മേളിച്ച അഖിലേന്ത്യാ സുന്നി ജംഇയ്യത്തുൽ ഉലമാ യോഗം സ്ത്രീക്ക് സ്വതന്ത്രമായി വിവാഹത്തിനധികാരമില്ലെന്ന് പ്രഖ്യാ പിച്ചത്. പ്രസ്തുത സംഗമത്തിലെ ഭൂരിപക്ഷം പണ്ഡിതന്മാരും ഹന ഫികളായിരുന്നുവെന്നത് ശ്രദ്ധേയമത്രെ.

### അനാചാരങ്ങൾ :

പുണ്യം കൂടുതൽ ലഭിക്കുന്ന വിവാഹം ലഘുവായ ചിലവോട് കൂടിയുള്ളതാണെന്നും റസൂൽ (സ) നിർദ്ദേശം നൽകി. അതായിരുന്നു സ്വഹാബത്തിന്റേയും പൂർവ്വസൂരികളായ മഹാന്മാരുടേയും നടപടിക്ര മവും. എന്നാൽ കാലത്തിന് മാറ്റം വന്നു. നമ്മുടെ കേരളക്കരയിലും ഇന്ത്യയുടെ മറ്റ് ഭാഗങ്ങളിലും പുരുഷന് വിലപേശുകയും സ്ത്രീധനം മുതലായ ആചാരങ്ങളും അതിനനുസൃതമായ മാമൂലുകളും ആഢ്യ ത്വത്തിന്റെ പേരിലുള്ള പാഴ്ചിലവുകളും വർദ്ധിച്ച് കൊണ്ടിരിക്കുകയും ചെയ്യുന്നു. പ്രസ്തുത പാശ്ചാത്തലത്തിലാണ് ഗവൺമെന്റിന് തന്നെ സ്ത്രീധന നിരോധന ബില്ല് കൊണ്ടുവരേണ്ടി വന്നത്.

അതേ സമയം അറബ് നാടുകളിൽ സ്ത്രീക്ക് വിലപേശി, മഹർ

നൽകാൻ വഴിയില്ലാതെ കഷ്ടപ്പെടുകയും പുരുഷന്മാർക്ക് വിവാഹസഹായം നൽകാൻ സേവന സന്നദ്ധമായ കമ്മിറ്റികളും ചില ഗവൺമെന്റുകളും മുന്നോട്ട് വരികയും ചെയ്യുന്നു. പ്രശ്നത്തിന്റെ ഒരു വശം മാത്രം ചർച്ചാവിഷയമാക്കുകയും സ്ത്രീധന വിരുദ്ധ ചർച്ചയ്ക്ക് നേതൃത്വം നൽകുന്നവർ തന്നെ രഹസ്യമായി അതിന് വഴികാണുകയും ചെയ്യുന്ന വൈരുദ്ധ്യം രസാവഹമായി തോന്നുന്നു. പ്രശസ്തിക്ക് വേണ്ടി ചർച്ചാവേദിയും പത്രകോളങ്ങളും ഉപയോഗപ്പെടുത്തുന്നവർ വിഷയത്തിന്റെ നാനാ മുഖങ്ങളിലേക്കും തിരിഞ്ഞു നോക്കാതെ കണ്ണടക്കുകയാണ്.

വിവാഹന്വേഷണം മുതൽ കല്ല്യാണപ്പന്തൽ ഒരുക്കുന്നത് വരെയുള്ള പാഴ്ചിലവുകളും ധിക്കാരേഷനുവേണ്ടിയും പ്രശസ്തിക്കുമായി ചിലവഴിക്കുന്ന സംഖ്യകളും മാമൂലുകളും ഒഴിവാക്കേണ്ടതാണ്. സ്ത്രീധനം വാങ്ങുന്നതിന് രഹസ്യമായി വേണ്ടതെല്ലാം ചെയ്തശേഷം സമൂഹ വിവാഹമെന്ന ഓമനപ്പേരിൽ വേദി പങ്കിടുന്നത് പരിഹാസ്യവും വിരോധാഭാസവുമാണ്. സമുദായത്തിൽ നടമാടുന്ന മാമൂലുകളും പാഴ്ചെലവുകളും മഹല്ലടിസ്ഥാനത്തിൽ ചർച്ച ചെയ്തു ഇസ്ലാമിക ആചാര പ്രകാരം എന്തൊക്കെയാവാം, അല്ലെങ്കിൽ അരുത് എന്ന് തീരുമാനിക്കണം.

അവനവന്റെ സ്ഥിതി അനുസരിച്ച് സദ്യ നൽകുന്നതോ സാധുക്കൾക്കു കൂടി ഉപകരിക്കുന്ന വിരുന്നുകളോ അല്ല പരാമർശം. അവയിൽ ഉൾക്കൊള്ളുന്ന പാഴ്ചെലവുകളും ആഡംബര പ്രക്രിയകളുമാണ് ചർച്ച ചെയ്യേണ്ടത്. മഹല്ലടിസ്ഥാനമെന്ന് പറയുന്നത് ഓരോ പ്രദേശത്തും ഓരോ വിധത്തിലാണ് മാമൂലുകളും ആചാരങ്ങളും നടമാടുന്നത്. അവയിൽ നല്ലതു മാത്രം തെരഞ്ഞെടുക്കുകയും അനാവശ്യം ഒഴിവാക്കുകയുമാണ് വേണ്ടത്. അത് കൂട്ടായ യജ്ഞത്തിൽ കൂടിയല്ലാതെ പരിഹാരം കാണാൻ കഴിയുന്നതല്ല.

ഇനി സ്ത്രീധനത്തിന്റെ ഇരുവശങ്ങളും നമുക്കൽപം പരിചിന്തനം ചെയ്യാം.

എന്താണ് സ്ത്രീധനം ? അതിന്റെ ഇസ്ലാമിക മാനം എന്ത് ? ഇവ ഹ്രസ്വമായി വിശകലനം ചെയ്യുന്നത് സാന്ദർഭികമായിരിക്കുമല്ലോ ?

"സ്ത്രീക്ക് ഇഷ്ടം പോലെ കൈകാര്യം ചെയ്യാൻ തക്കവിധം കിട്ടുന്ന ദ്രവ്യം, വധുവിന്റെ ഉപയോഗത്തിനായി വരനു ശ്വശുരൻ നൽകുന്ന ധനം" (ശബ്ദതാരാവലി - 1741) എന്നീ അർത്ഥങ്ങളാണ് സ്ത്രീധനത്തിന് മലയാള ഭാഷാ പണ്ഡിതർ നൽകുന്നത്.

സ്ത്രീക്കാണ് സ്ത്രീധനത്തിന്റെ അവകാശവും ഉപയോഗസ്വാതന്ത്ര്യവും എന്ന് ഇതിൽ നിന്നും മനസ്സിലാക്കാം. ഈ അർത്ഥത്തിൽ വിവാഹിതയുടെ പിതാവോ സഹോദരനോ മറ്റാരെങ്കിലുമോ അവളുടെ ഭാവിജീവിതത്തിലുപകരിക്കും വിധത്തിലുള്ള സമ്പത്തോ സ്വർണ്ണമോ മറ്റുള്ളവയോ സ്വമേധയാ നൽകുന്നതിനെ എതിർക്കാവതല്ല. ഇസ്ലാമിക ചരിത്രത്തിലും അതിന് രേഖകളുണ്ട്.

പ്രവാചക പുത്രി ഫാത്വിമ (റ) യുടെ വിവാഹ വേളയിൽ നബി (സ) അവർക്കു വേണ്ടി വീട്ടുസാമഗ്രികളും മറ്റും നൽകാൻ കൽപ്പിച്ചതും പ്രവാചക പത്നി ഖദീജ (റ) പുത്രി സൈനബ (റ) ക്ക് മാല സമ്മാനിച്ചതും ചരിത്രയാഥാർത്ഥ്യമായിരിക്കെ സ്ത്രീധനം നിരുപാധികം അനിസ്ലാമികമാണെന്ന് ഒരു ഭാഗത്ത് പ്രചരിപ്പിക്കുന്നതോടൊപ്പം മറ്റൊരു ഭാഗത്തു നിന്ന് അതിന് വേണ്ടി വിലപേശുന്നത് സാംസ്കാരിക വിരുദ്ധമാണ്.

ഇന്ന് സ്ത്രീധനത്തിന്റെ പേരിൽ നടക്കുന്ന ഒച്ചപ്പാടുകൾ മുഴുവൻ ചില നാട്ടിലെ സമ്പ്രദായവും അതൊരു നിർബന്ധദാനമായി വാശിപിടിച്ചതുകൊണ്ടും മാത്രമാണ്. അത് ആക്ഷേപാർഹവുമാണ്. സ്ത്രീധനം കൊടുക്കാൻ സാധിക്കാത്തതിന്റെ പേരിൽ പാവപ്പെട്ട പെൺകുട്ടികളുടെ പാതിവ്രത്യത്തിനു മങ്ങലേൽപ്പിക്കപ്പെടുന്നതും അവർ കണ്ണീർ കുടിക്കാൻ ഇടവരുന്നതും ചിലപ്പോൾ മതം മാറ്റത്തിന് പോലും പ്രചോദിതയാകാൻ കാരണമാവുന്നതും അനുവദിച്ചുകൂടാ. അതിനെതിരെ ബോധവത്ക്കരണം അത്യാവശ്യം തന്നെ. പക്ഷേ അതിന് ഇസ്ലാമിൽ ഇല്ലാത്ത ഒരു നിയമം നിർമ്മിച്ചുകൊണ്ടാവരുതെന്ന് മാത്രം.

ചുരുക്കത്തിൽ സ്ത്രീധനം ആപൽക്കരവും ദോഷകരവുമാകുന്നത്, അതിന്റെ പേരിൽ നടക്കുന്ന ദുർവാശിയും, കടുംപിടുത്തവും കൊണ്ടാണ് അത് നിരുത്സാഹപ്പെടുത്തേണ്ടതും ആക്ഷേപാർഹവുമാണെന്നതിൽ

സംശയമില്ല.

കഴിവുള്ളവരെ നൽകാൻ അനുവദിച്ചു കൊണ്ട് തന്നെ സമൂഹത്തിൽ ശാപമായി മാറിക്കൊണ്ടിരിക്കുന്ന സ്ത്രീധന സമ്പ്രദായം വഴി സ്ത്രീധനം നൽകാനില്ലാത്തതിന്റെ പേരിൽ നിർധനരായ യുവതികൾ നിരാലംബരാവുകയും ചിലപ്പോൾ മതപരിത്യാഗത്തിനുവരെ കാരണമാവുകയും ചെയ്യുന്ന യാഥാർത്ഥ്യങ്ങൾ ഉൾക്കൊണ്ട് യുവാക്കൾ അതിൽ നിന്ന് സ്വയം ഒഴിഞ്ഞ് നിൽക്കുകയും സാമൂഹ്യ പ്രവർത്തകർ ഇത് നിർമ്മാർജ്ജനം ചെയ്യാൻ യത്നിക്കുകയും ചെയ്യേണ്ടത് അനിവാര്യമാണ്. ചില മഹല്ലുകളെങ്കിലും ഈ വിഷയത്തിൽ മാതൃകയാണെന്ന കാര്യം ശുഭോദർക്കമാണ്.

സ്ത്രീധനം മാത്രമല്ല വിവാഹ വേളയിൽ നടന്നുവരുന്ന ധൂർത്തും മാമൂലുകളും സമുദായത്തിന്റെ സമ്പത്തും സംസ്കാരവും കാർന്നു തിന്നുന്ന കാഴ്ച ഖേദകരമത്രെ. സാമൂഹ്യസാംസ്കാരിക പ്രവർത്തകർ അത്തരം അനാവശ്യവും ആഢംബരവും ഒഴിവാക്കാൻ തീവ്ര യത്നം നടത്തേണ്ടിയിരിക്കുന്നു. എസ്.വൈ.എസ്., എസ്.എസ്.എഫ് പോലുള്ള ,സാമൂഹ്യ സംഘടനകളുടെ ശ്രദ്ധ ഇക്കാര്യത്തിൽ പതിയേണ്ടത് ആവശ്യമാണ്. മാമൂൽ നടപടികളും ആഢംബര ചെലവുകളും നിർത്താതെ സ്ത്രീധനത്തിന്റെ വേര് നശിപ്പിക്കാൻ മുതിരുന്നത് അപ്രായോഗികമായിരിക്കും. ചർച്ചകൾക്ക് പകരം പ്രായോഗിക പ്രവർത്തനമാണ് ഇന്നാവശ്യം . അതാവട്ടെ നമ്മുടെ ലക്ഷ്യം.

ചുരുക്കത്തിൽ സ്വഹാബത്തിന്റെ ചരിത്രത്തിൽ നിന്ന് പാഠമുൾക്കൊണ്ട് യുവാക്കൾ മഹറിനുള്ള സംഖ്യയും പ്രഥമ രാത്രിയിലേക്ക് വധുവിനുള്ള വസ്ത്രം, ചിലവ് മുതലായവയും തയ്യാറാക്കി വിവാഹത്തിലേർപ്പെടാൻ തയ്യാറാവുകയും അവരവരുടെ പരിധിക്കനുസൃതവും സുന്നത്ത് നിർവ്വഹിക്കുന്ന വിധവും സൽക്കാരം നൽകുകയും ചെയ്യട്ടെ. ഒരാടിനെ അറുത്തെങ്കിലും കല്ല്യാണ സദ്യ നൽകാൻ റസൂൽ (സ) നിർദ്ദേശിച്ചതുമാണ്.അതേ സമയം വധുവിന്റെ പിച്ച തേടുന്ന സമ്പ്രദായം ആൺകുട്ടികൾ സ്വയം ഉപേക്ഷിക്കുകയാണ് വേണ്ടത്.

കഴിവുള്ളവർ അവരുടെ പുത്രിമാരെ, അല്ലെങ്കിൽ സഹോദരിമാരെ ഭർത്താവിന്റെ കൂടെ പറഞ്ഞയക്കുമ്പോൾ അവരോടനുയോജ്യമായത് അവൾക്ക് പാരിതോഷികമായി നൽകുന്നത് അനിസ്ലാമികമെന്ന് പറയാവതല്ല. അതേസമയം ഇതൊരു നിർബന്ധ ആചാരമായി ആരും ധരിക്കാതിരിക്കാൻ മുതിർന്നാൽ മതി. അല്ലാതെ ഹലാൽ ഹറാമാക്കാൻ ഉതകുന്ന വാചകം കൂട്ടായ ശബ്ദമായി അവതരിപ്പിക്കുന്നതോ മറ്റ് ധൂർത്തുകളും പാഴ്ചിലവുകളും തുടരാൻ അനുവദിച്ച് കൊണ്ട് സ്ത്രീധന നിരോധം എന്നു മുദ്രാവാക്യം മുഴക്കുന്നതോ പ്രശ്നപരിഹാരമല്ലെന്ന് വിലയിരുത്തുകയും രോഗം കണ്ടറിഞ്ഞ് ചികിത്സിക്കുകയുമാണാവശ്യം. അതിനായി കൂട്ടായ ശ്രമം തുടരട്ടെ. അനുഗ്രഹത്തിനായി പ്രാർത്ഥിക്കാം.

*(രിസാല 1999)*

# ലോട്ടറി, ബാങ്കിംഗ് , ഇൻഷൂറൻസ്

"സത്യവിശ്വാസികളെ ! സംതൃപ്തിയോടുകൂടിയുള്ള വ്യാപാരം വഴിയായിട്ടല്ലാതെ നിങ്ങളുടെ സമ്പത്തുകൾ കപട മാർഗ്ഗത്തിൽ നിങ്ങൾ അന്യോന്യം ഭക്ഷിക്കരുത്. നിങ്ങളുടെ ശരീരത്തെ നിങ്ങൾ വധിക്കുകയുമരുത്. അല്ലാഹു നിങ്ങളോട് വളരെ കാരുണ്യമുള്ളവനാകുന്നു". (വി : ഖു : 29 –4)

മാനവ സമൂഹത്തെ പ്രപഞ്ചസൃഷ്ടാവായ അല്ലാഹു (ത) സൃഷ്ടിച്ചത് വിശിഷ്ടമായ ആകൃതിയിലും സ്വഭാവത്തിലുമാണ്. ആ സൃഷ്ടി വിശേഷം തനതായ രൂപത്തിൽ നിലനിർത്താനുതകുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പ്രവാചകന്മാർക്ക് അവൻ കനിഞ്ഞേകുകയും ചെയ്തു. പ്രവാചക സൗധത്തിന്റെ പരിസമാപ്തി കുറിച്ച് കൊണ്ട് പ്രസ്തുത മാർഗ്ഗ നിർദ്ദേശങ്ങൾ ലോകാനുഗ്രഹിയായ മുഹമ്മദ് മുസ്തഫാ (സ) ക്ക് സമ്പൂർണ്ണമാക്കുകയുണ്ടായി. പ്രസ്തുത മാർഗ്ഗ നിർദ്ദേശങ്ങളിൽ ഇതര ജീവജാലങ്ങളുമായി മനുഷ്യൻ എങ്ങനെ ഇടപഴകണമെന്ന് വ്യക്തമായും സമഗ്രമായും പഠിപ്പിച്ചിട്ടുണ്ട്. പിന്നെ ആദം സന്തതികളന്യോന്യം ആചരിക്കേണ്ട മര്യാദകൾ അവയിൽ നിന്ന് ഒഴിവാകുമെന്ന് ആഗ്രഹിക്കുന്നത് തന്നെ അജ്ഞതയും കൃതഘ്നതയുമായേ ഗണിക്കാൻ നിവൃത്തിയുള്ളൂ.

മാനവ സന്തതികൾ അന്യോന്യം ബന്ധപ്പെടുന്ന പ്രധാന മണ്ഡലങ്ങളിലൊന്നാണ് സാമ്പത്തിക രംഗം. അത്കൊണ്ടാണ് വിശുദ്ധ ഖുർആൻ അതി ശക്തമായ ഭാഷയിൽ ഉപരിസൂചിത താക്കീതുനൽകിയത്.

സംതൃപ്തിയോടു കൂടിയുള്ളതും ചതിക്കും വഞ്ചനക്കും ഇടയില്ലാത്തതുമായ ദായക്രമം വഴിയല്ലാതെ കപടമാർഗ്ഗങ്ങളിലൂടെയുള്ള എല്ലാ സാമ്പത്തിക കൈമാറ്റങ്ങളും നിഷിദ്ധമാണെന്ന് വിശുദ്ധ ഖുർആൻ അറിയിക്കുന്നു. അക്രമപരമായ സാമ്പത്തിക കൈമാറ്റം പലവിധത്തിലും ഇന്ന് നടമാടുന്നുണ്ട്. ഇന്ന് ആഗോളവ്യാപകമായ മൂന്ന് സാമ്പത്തിക വ്യവസ്ഥിതിയെക്കുറിച്ചാണ് ഇവിടെ പ്രതിപാദിക്കുന്നത്. നമ്മുടെ പൂർവ്വികന്മാരായ ഇമാമുകൾ അവരുടെ ഗ്രന്ഥത്തിൽ ഇത് മൂന്നിന്റെയും നാമവും വശങ്ങളും എടുത്ത് ഉദ്ധരിച്ചതായി കാണാൻ കഴിയുകയില്ല. അക്കാരണത്താൽ തന്നെ അവയെക്കുറിച്ച് പലരും സംശയാലുക്കളാണ്. ബഹുജനങ്ങൾ അവയുടെ ശറഇയ്യായ വശത്തെക്കുറിച്ച് അശ്രദ്ധരും ഒരുവേള അജ്ഞരുമാണ്. പരസ്യക്കാരുടേയും ഏജന്റുമാരുടേയും മധുരവാക്കുകൾ കേട്ടും പരലോക ചിന്തയെ വിസ്മരിച്ചും പലരും അവയിലകപ്പെടുന്നു.

## ലോട്ടറി

ഈ പദം ശ്രവിക്കുന്നമാത്രയിൽ സാധാരണക്കാരന്റെ ഹൃദയം 'ഭാഗ്യ പരീക്ഷണം' എന്ന ആശയത്തിലേക്ക് കടന്ന് ചെല്ലുന്നു. അന്തരീക്ഷം ഭേദിക്കുന്ന പ്രചരണങ്ങളിൽ മുഴങ്ങിക്കേൾക്കുന്നതും അതു തന്നെയാണ്. അതിൽ ഭാഗവാക്കാവാനുള്ള മുഖ്യപ്രേരണയും ഈ ഭാഗ്യ പരീക്ഷണം തന്നെ. പ്രസ്തുത മൂല്യം ഇസ്‌ലാമിൽ അനുവദിക്കപ്പെടുന്നില്ലെന്ന വസ്തുത അധികമാരും ചിന്തിക്കാറില്ല. വിശുദ്ധ ഖുർആൻ പറയുന്നു : "സത്യവിശ്വാസികളെ ! മദ്യവും, മൈസിറും (ഭാഗ്യപരീക്ഷണാർത്ഥം സംഖ്യവെച്ചുള്ള കളി) അൻസാബും (മൃഗങ്ങളെ ബലികഴിക്കാൻ കഅ്ബയുടെ ചുറ്റും നാട്ടി വെച്ച കല്ലുകളും) പ്രശ്നത്തിനുപയോഗിച്ച അമ്പുകളും അശുദ്ധവും പിശാചിന്റെ നടപടികളിൽ പെട്ടതുമത്രേ. വിജയം പ്രാപിക്കാനായി അവയെല്ലാം വിട്ടൊഴിയുവിൻ" (ഖു: 5-90) ഭാഗ്യപരീക്ഷണ രൂപത്തിലുള്ള 'മൈസിറും' 'ഖിമാറും', (ചൂതു കളി) ശറഇൽ നിഷിദ്ധമാക്കിയതും ജാഹിലീ നടപടികളുടെ അവശിഷ്ടവുമാണ്. ഈ വസ്തുത മേൽ ആയത്തു നമ്മെ ബോധ്യപ്പെടുത്തുന്നു.

ഭാഗ്യം ലഭിക്കുമെന്ന കള്ള വാഗ്ദാനത്തിലൂടെ ലക്ഷക്കണക്കിനാളുകളുടെ സംഖ്യകൾ തട്ടിയെടുത്ത് ഒരു നറുക്കെടുപ്പിലൂടെ കുറച്ചാളുകൾക്ക്

ഭാഗിച്ച് കൊടുക്കുന്നതിനാണല്ലോ ലോട്ടറി എന്ന് പറയുന്നത്. സാധനങ്ങളും മറ്റുമായി നൽകുന്ന മറ്റ് പല കുറി സമ്പ്രദായവും ഉണ്ട്. അവയെല്ലാം ഭാഗ്യപരീക്ഷയെന്ന ഓമനപ്പേരിലിലുള്ളതാണ്. കുറെയാളുകളുടെ മുതൽ സംഭരിച്ച് ചുരുങ്ങിയ നറുക്കെടുത്ത് അത് നേടുന്നവരെസമ്പന്നരും ലക്ഷസമ്പന്ന പ്രഭുക്കളുമാക്കുകയെന്ന ആശയം തന്നെ യഥാർത്ഥ സോഷ്യലിസത്തിന് നിരക്കാത്തതാണെന്ന വസ്തുത സോഷ്യലിസത്തിന്റെ വക്താക്കൾ വിസ്മരിക്കുന്നത് ഏറെ രസാവഹമത്രേ. ചൂതുകത്തിൽ അവിവാഹിതമായ മാർഗ്ഗത്തിലൂടെ കുറച്ചാളുകളെ സമ്പന്നരാക്കി കൂത്താടാനുള്ള മാർഗ്ഗം തെളിയിക്കുന്ന ഈ സമ്പ്രദായം ശര ഇന്നും ആധുനിക സോഷ്യലിസ്റ്റ് തത്വശാസ്ത്രത്തിനും നിരക്കാത്തതാണ്. ഒരു വിഭാഗത്തെ അദ്ധ്വാനിക്കാത്തവരും അലസരുമാക്കിത്തീർക്കുകയാണ് ഫലത്തിൽ ഇതു കൊണ്ടുണ്ടാകുന്നത്.തൃപ്തികരമായ വ്യാപാരം വഴിയോ ദായക്രമം വഴിയോ ലഭിക്കുന്ന സമ്പത്തിന്റെ ഇനത്തിൽ അതിനെ ഉൾപ്പെടുത്താൻ നിർവ്വാഹമില്ലാത്തതുമാണ്.

## ബാങ്കിംഗ്

ബാങ്കിംഗ് എന്നത് കൊണ്ട് ഉദ്ദേശിക്കപ്പെടുന്നതും സർവ്വ സാധാരണമായി നടപ്പിലുള്ളതുമായ രീതി ഇതാണ്. പൊതുജനങ്ങളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും നിശ്ചിത പലിശയ്ക്ക് നിക്ഷേപങ്ങൾ സ്വീകരിക്കുകയും ആവശ്യക്കാർക്ക് സ്വീകാര്യമായ ഉറപ്പിന്മേൽ പലിശവാങ്ങി കടം നൽകുകയും നാണയ വിനിമയവും നാണയകൈമാറ്റവും നടത്തുകയും ചെയ്യുക. കൂട്ടത്തിൽ പൊതു സഹായകമായ മറ്റു പ്രവർത്തനങ്ങളും നടത്തപ്പെടുന്നു.സഹകരണ ബാങ്കുകളെക്കുറിച്ചാണ് ഇത്രയും പറഞ്ഞത്. ഭാരതത്തിൽ ആദ്യകാലങ്ങളിലും മുതലാളിത്തം അവസാനിക്കാത്ത രാഷ്ട്രങ്ങളിൽ ഇപ്പോഴും പലിശ വർദ്ധനവ് മാത്രം ആധാരമാക്കി സമ്പന്ന വിഭാഗം ബാങ്കുകൾ സ്ഥാപിച്ചിരുന്നു. അവർ ബാങ്കർമാർ എന്ന ഓമനപ്പേരിൽ അറിയപ്പെട്ടു. അത്തരം ബാങ്കുകളും മുതലിറക്കുന്നത് പലിശക്കുവേണ്ടി തന്നെയാണ് നിലവിലുള്ള സഹകരണ ബാങ്കുകളാണ് ജനഹൃദയങ്ങളെ കൂടുതൽ ആകർഷിക്കുന്നത്. ഇന്ന് ഏതെങ്കിലും വിധേന ഒരു കോ - ഓപ്പറേറ്റീവ് ബാങ്കുമായി ബന്ധപ്പെടാതെ ജീവിതം ദുഷ്കര

മായിത്തീരുന്ന പരുവത്തിലേക്കാണ് ജനത എത്തിച്ചേർന്നിട്ടുള്ളത്. ഏതു നിലക്കായാലും ബാങ്കിൽ മെമ്പർഷിപ്പ് എടുക്കുകയും ഉദ്യോഗം വഹിക്കുകയും ചെയ്യുന്നത് പലിശ ഇടപാടിൽ നേർക്കു നേരെ ഭാഗവാക്കാകലാണെന്ന കാര്യം അർത്ഥ ശങ്കക്കിടമില്ലാത്ത യാഥാർത്ഥ്യമത്രെ.

അറിഞ്ഞോ അറിയാതെയോ ഈ വ്യാധി മുസ്ലിം സമുദായത്തിലും യാതൊരു അറപ്പുമില്ലാതെ നടമാടുകയാണ്. പലിശ ഇടപാടിനെക്കുറിച്ച് എത്രമാത്രം ഗൗരവപൂർവ്വമാണ് വിശുദ്ധ ഖുർആൻ താക്കീത് ചെയ്തതെന്ന കാര്യം സമുദായം വിസ്മരിച്ചിരിക്കയാണ്. ഒന്ന് രണ്ട് വാചകം മാത്രം ഇവിടെ പകർത്താം. "പലിശവാങ്ങിത്തിന്നുന്നവർ പിശാചിന്റെ സ്പർശനം മൂലം ബോധരഹിതനായ വീഴ്ത്തപ്പെട്ടവൻ നിൽക്കുമ്പോലെയല്ലാതെ നിൽക്കുകയില്ല". (മഹ്ശറയിൽ) വി :ഖു : 2-275) "സത്യവിശ്വാസികളെ, നിങ്ങൾ യഥാർത്ഥ വിശ്വാസികളാണെങ്കിൽ അല്ലാഹുവിനെ സൂക്ഷിക്കുകയും പലിശയിൽ നിന്ന് കിട്ടാൻ ബാക്കിയുള്ളത് ഉപേക്ഷിക്കുകയും ചെയ്യുക. അത് നിങ്ങൾ ചെയ്യുന്നില്ലെങ്കിൽ അപ്പോൾ അല്ലാഹുവിന്റെയും അവന്റെ ദൂതന്റെയും പക്ഷത്തുനിന്നുള്ള വമ്പിച്ച യുദ്ധത്തെ നിങ്ങൾ അറിഞ്ഞിരിക്കുക". (ഖു :2-297)

പലിശയുടെ സ്ഥിതി പ്രസ്തുത ആഴത്തിൽ നിന്നു സുതരാം വ്യക്തമാണ്. പലിശയുടെ അടിസ്ഥാനത്തിൽ സ്ഥാപിതമായ ബാങ്കുകളുടേയും സ്ഥിതി വ്യത്യസ്ഥമല്ല. അല്ലാഹുവിന്റെ നിയമങ്ങളെ അതിലംഘിക്കുന്ന കുറ്റകൃത്യങ്ങൾ ധാരാളമുണ്ട്. എന്നാൽ അവയെക്കുറിച്ചൊന്നും വിശുദ്ധഖുർആൻ യുദ്ധപ്രഖ്യാപനം നടത്തിയില്ല. നേരെ മറിച്ച് പലിശയുടെ പ്രശ്നം എത്രമാത്രം ഗൗരവപ്പെടുത്തിയാണ് അവതരിപ്പിച്ചതെന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു. മനുഷ്യസമൂഹം അനുവദനീയമായ ദായ ക്രമം വഴി കൈമാറി വികസിപ്പിക്കേണ്ട സമ്പത്ത് കുറച്ചാളുകൾ അധീനമാക്കി അവിഹിതമാർഗ്ഗത്തിൽ വികസിപ്പിക്കുകയും സാധാരണക്കാരന്റെ ആവശ്യങ്ങൾ വരുമ്പോൾ അവന് സഹകരണാടിസ്ഥാനത്തിന്റെയും മറ്റും പേർ പറഞ്ഞ് സഹായിച്ചു പകരം പലിശയായി അവന്റെ രക്തം ഊറ്റിയെടുക്കുന്ന ഈ സമ്പ്രദായം സമരം ചെയ്ത് നിർത്താൻ മാത്രം കുറ്റകരമാണെന്നാണ് ഖുർആൻ പ്രഖ്യാപിച്ചത് . ധാരാളം ഹദീസുകളും നിഷിദ്ധ

മായ പലിശാ സമ്പ്രദായത്തെപ്പറ്റി താക്കീതു നൽകുന്നത് കാണാം. ഹ:ജാബിർ (റ) നിവേദനം ചെയ്യുന്നു. നബി (സ) "പലിശ തിന്നുന്നവനെയും അത് തീറ്റുന്നവനെയും അതിന്റെ രണ്ട് സാക്ഷികളെയും ശപിച്ചിരിക്കുന്നു". അവരെല്ലാം കുറ്റത്തിൽ സമമാണെന്നും നബി (സ) പറഞ്ഞു. (മുസ്ലിം) ○

സ്വാർത്ഥം, ലുബ്ധത, കുടില മനസ്കത, ഹൃദയകാഠിന്യം,ദുരാഗ്രഹം എന്നിവയടക്കം പലദുശ്ശീലങ്ങളിൽ നിന്നും രൂപമെടുക്കുന്ന ദുർഗുണമാണ് പലിശ വാങ്ങാനുള്ള വാസന . പ്രസ്തുത ദുർഗുണങ്ങളെ അത് വളർത്തി വിടുകയും ചെയ്യുന്നു. ചിലപലിശയിടപാടുകാർ പലിശയെ വ്യാപാരത്തോടുപമിച്ച് ലഘൂകരിക്കാൻ ശ്രമിച്ചിരുന്നു.വിശുദ്ധ ഖുർആൻ അത് എടുത്ത് പറയുകയും അവർക്ക് തക്കതായ മറുപടി നൽകുകയും ചെയ്തു. "വ്യാപാരം പലിശപോലെത്തന്നെയാണെന്ന് അവർവാദിച്ചതുകൊണ്ടാണത്. എന്നാൽ അല്ലാഹു കച്ചവടം അനുവദിക്കുകയും പലിശ ഹറാമാക്കുകയും ചെയ്തിരിക്കുന്നു". (ഖു:2.275)

ഇക്കാലത്തുള്ള പലിശയിടപാടുകാരും വ്യക്തമായോ വ്യംഗ്യമായോ പ്രസ്തുത വാദം ഉന്നയിക്കുന്നതു കാണാം. യാഥാർത്ഥ്യത്തിനു നേരെ കണ്ണടക്കുകയാണവർ. കാരണം ലോകത്ത് നടക്കുന്ന ഏതൊരിടപാടും അത് കച്ചവടമോ, വ്യവസായമോ എന്തായാലും അദ്ധ്വാനം മാത്രം വിനിയോഗിക്കുന്നതായാലും, അദ്ധ്വാനവും മുതൽമുടക്കും കൂടിയുള്ളതായാലും, നഷ്ടസംഭവ്യതയുള്ളവയാണ്. ഒരു നിശ്ചിത ലാഭം തീർച്ചയായും ലഭിക്കുമെന്ന് അവയൊന്നും ഉറപ്പ് നൽകുന്നില്ല.ധാരാളമായി നഷ്ടം സംഭവിച്ച് കൊണ്ടിരിക്കുന്ന അനുഭവങ്ങളാണ് ദൈനംദിനം ഉണ്ടായിക്കൊണ്ടിരിക്കുന്നത്. എന്നിരിക്കെ അത്തരം നഷ്ടസാധ്യതകൾ ഇല്ലാത്തതും ലാഭം മാത്രം വാഗ്ദാനം ചെയ്യുന്നതുമായ പലിശാ സമ്പ്രദായത്തെ അടിസ്ഥാനമായി സ്വീകരിച്ച ബാങ്കിംഗ് എങ്ങനെ വ്യാപാരത്തോടുപമിക്കാൻ സാധിക്കും? അത് ഒരിക്കലും ന്യായീകരിക്കാവതല്ലതന്നെ.

## ഇൻഷ്വുറൻസ്

ബാങ്കിംഗ് പോലെ തന്നെ ജനഹൃദയങ്ങളെ വളരെയധികം

ആകർഷിച്ചു കൊണ്ടിരിക്കുന്ന ഒരു പദ്ധതിയാണ് ഇൻഷുറൻസ്. സുരക്ഷിതത്വം മനുഷ്യന്റെ ഉൽക്കടമായ അഭിവാഞ്ഛകളിൽപ്പെട്ടതാണ്. ഏതെങ്കിലും അപകടത്തിൽപ്പെട്ട് സമ്പത്ത് മുഴുവനും നശിക്കുക അല്ലെങ്കിൽ താനോ സമ്പത്തോ നശിച്ചതിനാൽ കുടുംബം അഗതികളും, അശരണരും നിരാലംബരുമായിത്തീരുക ഇവ മനുഷ്യനെ വേദനിപ്പിക്കുന്ന വസ്തുതകളാണ്. മനുഷ്യന്റെ ഈ മനോ ദുഃഖത്തിൽ നിന്നും മുതലെടുക്കാൻ കണ്ടുപിടിച്ച ഒരു പദ്ധതിയാണ് വാസ്തവത്തിൽ ഇൻഷുറൻസ് എന്ന് ചിന്തിച്ചാൽവ്യക്തമാവും.

ഉദാഹരണത്തിന് ഏതെങ്കിലും ഏജന്റ് ലൈഫ് ഇൻഷുറൻസിന്റെ മഹിമയുമായി സാധാരണക്കാരനെ സമീപിച്ചു. ഇനി അത്യാഹിതങ്ങളുടെയും പെട്ടെന്നുള്ള മരണത്തിന്റെയും ജൈത്രയാത്രയാണ് . അത്തരം ഘട്ടങ്ങളിൽ താങ്കൾക്ക് അല്ലെങ്കിൽ താങ്കൾക്കു ശേഷം കുടുംബത്തിന് സുരക്ഷിതത്വം, വാഗ്ദത്തം ചെയ്യുന്ന ഒരു പദ്ധതിയാണ് ലൈഫ് ഇൻഷുറൻസ് എന്ന മുഖവുരയോടെയാണ് സാധാരണക്കാരനെ ആകർഷിക്കുന്നത് തുടർന്നദ്ദേഹം വിവരിക്കുന്നു. താങ്കൾ 10000 രൂപയുടെ കരാറിൽ പോളിസി ആരംഭിക്കുക. 500 രൂപ പ്രീമിയം അടച്ചതിന് ശേഷം വല്ല അത്യാഹിതവും സംഭവിച്ചാൽ 500 കൂട്ടണം. 9500 സമം 10000 രൂപ. അതെ, താങ്കൾക്ക് അല്ലെങ്കിൽ നിരാലംബരായ കുടുംബത്തിന് അന്ന് ലഭിക്കുന്നത് 9500 രൂപ കൂടിയ പതിനായിരമായിരിക്കും. മറിച്ച് ഒന്നും സംഭവിച്ചില്ലെങ്കിലും അത്തരം സംഖ്യ ഗണ്യമായ ലാഭത്തോടെ ലഭിക്കുന്നത് ഒരു വലിയ അനുഗ്രഹം കമ്മീഷൻ കഴിച്ചാൽ ബാക്കി സംഖ്യ കമ്പനിയിൽ പലിശ ഏർപ്പാടിന് വിനിയോഗിക്കപ്പെടുന്നുവെന്നതാണ്. മറ്റൊ വശം. അപ്പോൾ പ്രസ്തുത പദ്ധതിയും പലിശയുടെമേൽ പടുത്തുയർത്തപ്പെടുന്നതുതന്നെ.

എന്നാൽ അദ്ധ്വാനിക്കാതെ ലഭിക്കുന്ന ഉപരി സൂചിത 9500 രൂപ ഏതിനത്തിലാണ് ഹലാലായദായ ക്രമത്തിലുൾപ്പെടുന്നതെന്ന് ദായകൻ ശ്രദ്ധിക്കുന്നില്ല. അവിടെ സുരക്ഷിതത്വമെന്ന മധുരവാക്കിൽ ലയിച്ച് അവൻ ശരിഅത്തിനെ വിസ്മരിക്കുന്നു. എന്നാൽ ഉപരിസൂചിത ആകർഷകവാ

ഗ്ദാനം എത്രപേർക്ക് ഉപകരിക്കുമെന്ന മറ്റൊരു വശവുമുണ്ട്. ധാരാളം വിദഗ്ധ നിയന്ത്രണങ്ങൾ കമ്പനി ആദ്യമേ തന്നെ തീരുമാനിച്ച് വെച്ചിരിക്കും. സ്ഥിതിവിവരണം, അനുഭവ പരീക്ഷണങ്ങൾ എന്നിവയ്ക്കുപുറമെ ഓരോ പ്രദേശത്തിന്റേയും ഭൂപ്രകൃതി, കാലാവസ്ഥ, കുടുംബാംഗങ്ങളുടെ ആരോഗ്യസ്ഥിതി, അവരുടെ ശരാശരി അഭിപ്രായം, ഹോൾഡറുടെ പ്രകൃതി ആരോഗ്യനില മുതലായവയെല്ലാം കണക്കിലെടുത്ത് കമ്പനിയുടെ സുരക്ഷിതത്വം ഉറപ്പുവരുത്തിയ ശേഷം മാത്രമേ അവർ അന്തിമമായ ഈ ഏർപ്പാട് നടത്തുന്നുള്ളൂ. കമ്പനിയുടെ സുരക്ഷിതത്വം അതോടെ ഉറപ്പാവുകയും അനായാസേന നഷ്ടത്തുക ലാഭത്തിനെ അപേക്ഷിച്ച് വളരെ തുച്ഛമായിത്തീരുകയും ചെയ്യുന്നു.

ഇതിലെ ഇസ്‌ലാമികമായ വശം ചുരുക്കത്തിൽ നമുക്ക് പരിശോധിക്കാം. നിശ്ചിത കാലാവധി എത്തുന്നതിന് മുമ്പായി അത്യാഹിതം സംഭവിച്ചാൽ ഭീമമായ ഒരു തുക കരാറുകാരന് അല്ലെങ്കിൽ അവകാശിക്ക് ലഭിക്കുന്നു. ഇത് ചൂതാട്ടത്തിന്റെ ഒരു രൂപഭേദമല്ലാതെ മറ്റെന്താണ് ? ഓഹരി അടച്ച് കഴിഞ്ഞ ശേഷം ആദായത്തോടുകൂടി കരാർ സംഖ്യ ലഭിക്കുന്നതിനാൽ അത് തനി പലിശ ഉൾക്കൊള്ളുന്നതുമായി . മറ്റൊരു പാകത കരാറുകാരൻ മരിച്ച് പോയാൽ പ്രസ്തുത സംഖ്യ അവൻ നാമനിർദ്ദേശം ചെയ്തവർക്ക് മാത്രം ലഭിക്കുന്നു. മറ്റൊരവകാശികൾക്കതിൽ പങ്കില്ല. ഇസ്‌ലാമിന്റെ അനന്തരാവകാശനിയമത്തിന്റെ അതിലംഘനം കൂടിയാണത്. പ്രസ്തുത സംഖ്യ കൊണ്ട് കമ്പനി കൈകാര്യം ചെയ്യുന്നതാണെങ്കിൽ സാക്ഷാൽ പലിശ ഇടപാടുകളുമാണ്. അത് ഒരിക്കലും ശറഇൽ അനുവദനീയമായിത്തീരുകയില്ല. ചുരുക്കത്തിൽ ഇത്തരം അനിസ്‌ലാമിക വശങ്ങൾ ദൂരീകരിച്ചുള്ള വിനിമയ സാധ്യത മാത്രമുണ്ടാക്കുന്ന ബാങ്കുകളും അനുവദനീയ മാർഗ്ഗത്തിൽ മാത്രം ഒതുങ്ങി നിൽക്കുന്ന ഇൻഷൂറൻസ് പദ്ധതിയും മുസ്‌ലിം ചിന്തകന്മാരും പണ്ഡിതന്മാരും ഒത്ത് ചേർന്ന് കണ്ടുപിടിക്കുകയാണെങ്കിൽ അത് ഉപകാരപ്രദമായിരിക്കും. അല്ലാതെ നിലവിലുള്ള സമ്പ്രദായം ഇസ്‌ലാമികവൽക്കരിക്കാനുള്ള ശ്രമം പാഴ്‌വേല മാത്രമായിരിക്കും.

(അൽമുനീർ-വാർഷികപ്പതിപ്പ് 1982)

# ഗോളാന്തര പ്രയാണം ഇസ്‌ലാമിക വീക്ഷണത്തിൽ

(1971-ലെ ലേഖനം)

അനന്തവിസ്തൃതമായ പ്രപഞ്ചത്തിന്റെ ആഴമോ പരപ്പോ ഒരു ശാസ്ത്രജ്ഞനും ഇന്നേവരെ നിർവ്വചിക്കാൻ കഴിഞ്ഞിട്ടില്ല. സൂര്യനും ഗ്രഹങ്ങളും മാത്രമല്ല ലക്ഷക്കണക്കിനു പ്രകാശവത്സരങ്ങൾക്കപ്പുറത്തുള്ള കോടാനുകോടി ജ്യോതിർ മണ്ഡലങ്ങൾ ഈ വ്യോമകടാഹത്തിൽ ഉൾപ്പെടുന്നുവെന്നാണ് ശാസ്ത്രം സിദ്ധാന്തിക്കുന്നത്. അതിൽ പലയിടങ്ങളിലായി തങ്ങിനിൽക്കുന്ന ഒട്ടേറെ നക്ഷത്ര പ്രപഞ്ചങ്ങൾ ശാസ്ത്രജ്ഞൻമാർ കണ്ടുപിടിച്ചുകഴിഞ്ഞുവെന്ന് വാദിക്കുന്നു. ഈ ഓരോ നക്ഷത്രപ്രപഞ്ചത്തിലും അയ്യായിരം മുതൽ പതിനായിരംവരെ അത്യുജ്ജ്വലങ്ങളായ നക്ഷത്രങ്ങളും എണ്ണമറ്റ അൻപപ്രഭങ്ങളായ താരങ്ങളും ഉൾപ്പെടുന്നു. അത്തരം താരക പ്രപഞ്ചങ്ങളിൽ ഒന്നിൽ സ്ഥിതി ചെയ്യുന്ന ഒരു കൊച്ചു നക്ഷത്രം മാത്രമാണ് സൂര്യൻ.

ബില്യൻ കണക്കിൽ നക്ഷത്രങ്ങളുള്ള ആകാശ ഗംഗയിൽ ദശലക്ഷക്കണക്കിന് സൗരയൂഥങ്ങൾ ഉണ്ടാകുമെന്ന് കരുതപ്പെടുന്നതായി ശാസ്ത്രജ്ഞൻ പറയുന്നു. മദ്ധ്യത്തിൽ സൂര്യനും അതിനു ചുറ്റും ഏകദേശവൃത്തം മുതൽ ദീർഘായതവൃത്തം വരെ വിവിധാകൃതിയിലുള്ള മാർഗ്ഗങ്ങളിൽ സഞ്ചരിക്കുന്ന ഗ്രഹങ്ങളും ഉപഗ്രഹങ്ങളും ഛിന്നഗ്രഹങ്ങളും ഉൾക്കകളും അടങ്ങിയതാണ് സൗരയൂഥമെന്നാണ് ശാസ്ത്ര

ഞ്ഞൻ പറയുന്നു. ബുധൻ, ശുക്രൻ, ഭൂമി, ചൊവ്വ, വ്യാഴം, ശനി, യുറാനസ്, നെപ്റ്റ്യൂൺ, പ്ലൂട്ടോ എന്നിങ്ങനെ സൂര്യനെ പ്രദക്ഷിണംവെക്കുന്ന ഒമ്പത് ഗ്രഹങ്ങൾ ഇതിനകം കണ്ടുപിടിച്ചിട്ടുണ്ടത്രെ. സൂര്യനുമായി ഏറ്റവും അടുത്തുനിൽക്കുന്ന ബുധനും സൂര്യനുമിടയിൽ പത്താമതൊരു ഗ്രഹംകൂടിയുണ്ടെന്നും ചില ശാസ്ത്രജ്ഞന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ടെങ്കിലും അത് കണ്ടുപിടിക്കപ്പെട്ടിട്ടില്ല. ഭൂമിയുടെ വ്യാസത്തെക്കാൾ 109 മടങ്ങു വലുതായ സൂര്യൻ ഭൂമിയിൽ നിന്നു ശരാശരി 93,000,000 മൈൽ അകലെയാണത്രെ സ്ഥിതിചെയ്യുന്നത്. ഭൂമിയുടെ ഒരു ഉപഗ്രഹമായി ഗണിക്കപ്പെടുന്ന ചന്ദ്രനിലേക്കുള്ള ശരാശരിദൂരം ഭൂമിയിൽനിന്നു 288,857 മൈലാണത്രെ. അത്യാധുനിക ജ്യോതിശാസ്ത്രത്തിന്റെ ശകലം വിവരണങ്ങളാണ് നാമിപ്പോൾ വായിച്ചു കഴിഞ്ഞത്.

## സൗരയൂഥത്തിന്റെ നിഗമനം

സൗരയൂഥം എന്നപേരിലറിയപ്പെടുന്ന സിദ്ധാന്തത്തിന്റെ വളർച്ചയുടെ ഏകദേശരൂപം നാം ഗ്രഹിച്ചുകഴിഞ്ഞുവല്ലോ. ഇതിൽനിന്നും ശാസ്ത്രവിജ്ഞാനം സമ്പൂർണ്ണമോ സുസ്ഥിരമോ അല്ലെന്നും ഗ്രഹിക്കാൻ പ്രയാസമുണ്ടാവില്ല. ശാസ്ത്രം ഇന്നു അഗാധഗവേഷണത്തിലേർപ്പെട്ടിട്ടുള്ള നമ്മുടെ ഗാലക്സിയിലെ സൂര്യന്റെ തീജ്വാലക്ക് പത്തുലക്ഷത്തിൽ അധികം നാഴിക ഉയരമുണ്ടത്രെ. സൂര്യന്റെ വ്യാസം 865,000 മൈലാണെന്നും കണക്കാക്കപ്പെടുന്നു. ഭൂമിയടക്കമുള്ള ഗ്രഹങ്ങളും സൂര്യനെ ചുറ്റി പ്രദക്ഷിണം ചെയ്യുമ്പോൾ ശൂന്യാകാശത്തിലെ ഒരു നിശ്ചിത പാതയിലൂടെ സൂര്യനും പ്രയാണം ചെയ്യുന്നു. ഇരുപത്തിയഞ്ചു ദിവസം കൊണ്ടു സൂര്യന്റെ ധ്രുവപ്രദേശം ഒരുവട്ടം തിരിയുന്നു. മദ്ധ്യഭാഗം കറങ്ങിവരാൻ ഏതാണ്ട് മുപ്പത്തിഒന്ന് ദിവസം വേണ്ടിവരുമത്രെ. സൂര്യന്റെ 27,000,000,000 മടങ്ങു വലിപ്പമുണ്ടത്രെ നമ്മുടെ ഗാലക്സിയിലെ 'ഡിസ്റ്റാർഎപ്സിലോൺ' എന്ന നക്ഷത്രത്തിന്.

ചുരുക്കത്തിൽ ചില മുൻവിവരങ്ങളുടെയും നിഗമനങ്ങളുടെയും അടിസ്ഥാനത്തിൽ നടത്തപ്പെടുന്ന ഗവേഷണങ്ങളെയാണ് ശാസ്ത്രീയ വിജ്ഞാനമെന്നറിയപ്പെടുന്നത്. അവയിൽ ചിലതെല്ലാം വിജയിക്കുകയും

ചെയ്യുന്നു.കുറെഭാഗം തെറ്റാണെന്നും പിന്നീട് തെളിയക്കപ്പെടുന്നു. " നിങ്ങൾക്കു വിജ്ഞാനത്തിൽ അൽപ്പമല്ലാതെ നൽകപ്പെട്ടിട്ടില്ല" എന്ന വി.ശുദ്ധ ഖുർആനിന്റെ പ്രഖ്യാപനം അതുവഴി സുസ്ഥിരമാവുകയും ചെയ്യുന്നു.

സൗരയൂഥ സിദ്ധാന്തത്തിന്റെ അടിസ്ഥാനംപാകിയതു ബി.സി. 6-ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ഗ്രീക്ക് ശാസ്ത്രാചാര്യനായ 'ഫൈസി ശുറസ്' (പൈതഗോറസ്) ആണെന്ന് ചരിത്രം ഘോഷിക്കുന്നു. അദ്ദേഹവും അനു യായികളും സ്ഥാപിച്ച ഈ സിദ്ധാന്തത്തെ ബി.സി.260ൽ ജീവിച്ചിരുന്ന 'അരിസ്റ്റാർക്കസ്' കൂടുതൽ വിശദീകരിക്കുകയുണ്ടായി. പൈതഗോറസ് സിദ്ധാന്തപ്രകാരം പത്ത് ഗോളങ്ങളാണ് പ്രപഞ്ചത്തിലുള്ളതെന്നാണ് ഗണിക്കപ്പെട്ടിരുന്നത്. എന്നാൽ ഗ്രഹനക്ഷത്രാധികൾ സ്ഫടികതുല്യമായ ഗോളങ്ങളിൽ പതിപ്പിക്കപ്പെട്ടതാണെന്നു ഇവർ വാദിച്ചിരുന്നില്ല. പ്രപഞ്ച ത്തിന്റെ അതിപ്രധാന മർഹിക്കുന്നഭാഗം ഒന്നു കേന്ദ്രവും മറ്റൊന്നു പരി ധിയുമാണെന്നും അതുകൊണ്ട് അഗ്നി, വായു, വെള്ളം, ഭൂമി എന്നിനാലു ധാതുക്കളിൽ ശ്രേഷ്ടമായ അഗ്നികേന്ദ്രത്തിലും മറ്റുള്ളവ പരിധിയിലും സ്ഥിതിചെയ്യുന്നുവെന്നും സൂര്യനടക്കമുള്ള ഗോളങ്ങളെല്ലാം ഈ അഗ്നി കേന്ദ്രത്തെ പ്രദിക്ഷണം ചെയ്യുന്നുവെന്നും അവർ സിദ്ധാന്തിക്കുന്നു.

ആധുനിക ഗോളശാസ്ത്രമായി ഇന്നംഗീകരിക്കപ്പെട്ട 'കോപ്പർ നിക്ക സിന്റെ (എ.ഡി.1473-1543) സിദ്ധാന്തം പൈതഗോറസ് സിദ്ധാന്തവുമായി കടപ്പെട്ടിരിക്കുന്നു. പ്രപഞ്ചത്തിന്റെ നടുവിൽ സൂര്യനാണെന്ന സിദ്ധാന്തം ആവിഷ്കരിച്ചിരിക്കുന്നത് കോപ്പർനിക്കസ്സായിരുന്നു. അദ്ദേഹത്തിന്റെ തിയ റിയെ പരിപോഷിപ്പിച്ചിരുന്നു പിൻകാല ശാസ്ത്രജ്ഞരിൽ പ്രസിദ്ധരായ ബ്രൂണോ (1548-1600), ഗലീലിയോ(1564-1642), കെപ്ലർ(1571-1665), ന്യൂട്ടൻ(1642-1727) എന്നിവർ ആ പ്രതിഭാശാലിയുടെ പലഅറ്റകുറ്റങ്ങളും ചൂണ്ടിക്കാട്ടുന്നു. ഗുരുത്വാകർഷം (ഗ്രാവിറ്റേഷൻ) ഒരു പ്രപഞ്ച നിയമ മാണ് എന്നു പ്രസ്താവിച്ച വിശ്വവിഖ്യാതനായ ന്യൂട്ടന്റെ തിയറികളിലും പല അറ്റകുറ്റങ്ങളും പിൻകാലത്തു തെളിയിക്കപ്പെട്ടിട്ടുണ്ട്.

ഇരുപതാം നൂറ്റാണ്ടിലെ ആപേക്ഷികവാദവും, 'ക്വാന്റം' തിയറിയും

'റേഡിയോ ആക്റ്റിവിറ്റി'യും ന്യൂട്ടന്റെ മെക്കാനിക്സിനെ ചാടിക്കടന്നിരിക്കയാണ്. ന്യൂട്ടനു അറിയാത്ത അതിശകതങ്ങളായ പല തത്വങ്ങളും പിന്നീടുവെളിവാവുകയും അദ്ദേഹം കരുതിയതുപോലെയല്ല പ്രപഞ്ചം ചലിക്കുന്നതെന്നു തെളിയുകയും ചെയ്തിരിക്കുന്നു. എങ്കിലും ന്യൂട്ടന്റെ തത്വം പൊതുവെ സ്വീകാര്യവും സൗരയൂഥത്തിന്റെ സിദ്ധാന്തം പൊതുവെ അംഗീകൃതമാണെന്നു അനുഭവം തെളിയിച്ചുകൊണ്ടിരിക്കുകയാണ്. 21-7-69ൽ അമേരിക്കയുടെ അപ്പോളോ 11ലെ യാത്രക്കാരായിരുന്ന നീൽആംസ്ട്രോങ്ങും ആൽഡ്രിനും ചന്ദ്രനിൽ ഇറങ്ങി തിരിച്ചുവന്നത് അതിനെ സ്ഥിരീകരിക്കുകയും അത്യത്ഭുത ശാസ്ത്രരേഖയായി അവശേഷിക്കുകയും ചെയ്യുന്നു. അതോടെ സൗരയൂഥവാദം ഒരു യാഥാർത്ഥ്യമായിത്തീർന്നുവെങ്കിലും നിഗമനങ്ങളും പരീക്ഷണങ്ങളും ഇനിയും തുടർന്നുകൊണ്ടിരിക്കുകയാണ്.

ഭൂമിയിൽ നിന്നു 10 കോടി കിലോമീറ്ററാണത്രെ ബുധനിലേക്കുള്ള ദൂരം. നിഗമനങ്ങളുടെയും പരീക്ഷണങ്ങളുടെയും പരമ്പര അങ്ങിനെ തുടർന്നുകൊണ്ടെയിരിക്കും. എന്നാൽ, പ്രപഞ്ചത്തിന്റെ അഗാധവ്യവസ്ഥമോ വസ്തുതകളുടെ യഥാർത്ഥ വിജ്ഞാനമോ സമ്പൂർണ്ണമാവുന്ന ഒരു ദശ മർത്ത്യവിഭാഗത്തിന്നു പ്രതീക്ഷിതമല്ല. അതു പ്രപഞ്ച വിധാതാവായ അല്ലാഹുവിൽമാത്രം നിക്ഷിപ്തമത്രെ.

## ടോളമി സിദ്ധാന്തം

എ.ഡി.160ൽ കാലഗതിയടഞ്ഞ ടോളമി(ബത്ലൈമൂസ്)യുടെ സിദ്ധാന്ത ചന്ദ്രൻ, ബുധൻ, ശുക്രൻ, സൂര്യൻ, ചൊവ്വ, വ്യാഴം, ശനി എന്നി സപ്തഗ്രഹങ്ങൾ സ്ഫടികതുല്യമായ എന്തോ പദാർത്ഥങ്ങളാൽ ഉണ്ടാക്കപ്പെട്ടതും ഭൂമിയെ ചുറ്റിനിൽക്കുന്നതുമായ ഏഴുഗോളാകൃതിയിലുള്ള " ഫലകങ്ങളിൽ" തറക്കപ്പെട്ടതെന്നാണ്. പ്രസ്തുത ഫലകങ്ങൾ കട്ടിയുള്ളതും പൊട്ടിക്കുവാനും പിളരുവാനും സാധിക്കാത്തവിധവും ഉള്ളി ച്ചുളികളെപ്പോലെ ഒന്നു മറ്റൊന്നിനകത്തായും സ്ഥിതിചെയ്യുന്നുവെന്നും അദ്ദേഹം സിദ്ധാന്തിക്കുകയുണ്ടായി. പ്രപഞ്ചത്തിന്റെ കേന്ദ്രം ഭൂമിയാണെന്നു അദ്ദേഹം സമർത്ഥിക്കുന്നു.

ഭൂമിയുടെ മുക്കാൽഭാഗവും വെള്ളവും ബാക്കി കരയും ഭൂമിക്കു ചുറ്റും വായുമണ്ഡലം അതിന്നുമീതെ അഗ്നിമണ്ഡലം അതിന്നുംമീതെ സംപ്ത ഗ്രഹങ്ങളുടെ ഗോളങ്ങൾ അവക്ക് മീതെ ബാക്കി നക്ഷത്രങ്ങളെല്ലാം ആവരണം ചെയ്തിട്ടുള്ള എട്ടാമത് ഗോളവുമാണെന്നദ്ദേഹം പറയുന്നു. എല്ലാറ്റിനും മീതെ ' ഫലക്കൽ അഫ്‌ലാക്ക്' എന്ന ഒമ്പതാം ഗോളം സ്ഥിതി ചെയ്യുന്നുവത്രെ. ഫലക്കുകൾ എല്ലാംകൂടി നിശ്ചലമായി നിൽക്കുന്ന ഭൂമിയെ കേന്ദ്രമാക്കിക്കൊണ്ട് കിഴക്ക് നിന്നു പടിഞ്ഞാറോട്ട് 24മണിക്കൂറുകൊണ്ടു ഒരു തവണ തിരിയുന്നതും അതുകൊണ്ടു രാവും പകലും അനുഭവപ്പെടുന്നുവെന്നും അദ്ദേഹം സിദ്ധാന്തിക്കുന്നു.

ഗോളശാസ്ത്ര സംബന്ധമായ അദ്ദേഹത്തിന്റെ വാദങ്ങളെല്ലാം ഉൾക്കൊള്ളുന്ന 'മുജസ്തി' എന്ന ഗ്രന്ഥം ആദ്യം അറബിയിലേക്കും പിന്നീടു ലാറ്റിൻ ഭാഷയിലേക്കും ഭാഷാന്തരപ്പെടുത്തിയിട്ടുണ്ട്. പിന്നീടതിനെ വിവിധ കലാശാലകളിലും ഭാഷകളിലും പ്രചരിപ്പിക്കപ്പെടുകയും ചെയ്തിരുന്നു. മദ്ധ്യകാല ലോകത്തിൽ വിശിഷ്യ ഹിജ്റാബ്ദം 200നു ശേഷം ഖലീഫാ മൻസൂറിന്റെ(833-786) ഭരണകാലത്ത് ടോളമിയുടെ പ്രസ്തുത ശാസ്ത്രസിദ്ധാന്തം മുസ്‌ലിംകൾ ആവേശപൂർവ്വം ആശ്ലേഷിക്കുകയും വികസിപ്പിക്കുകയും പ്രചരിപ്പിക്കുകയുമുണ്ടായി. അതിന്റെ ഫലമായി പ്രസ്തുത ഏഴു ഗോളങ്ങൾ ഏഴ് ആകാശങ്ങളും എട്ടും ഒമ്പതും ഗോളങ്ങൾ (ഏഴ് ആകാശങ്ങളും എട്ടും ഒമ്പതും ഗോളങ്ങൾ (ഫലക്കുകൾ) അർശും കുർസിയ്യും ആണെന്നും സങ്കൽപിക്കപ്പെട്ടു.

ഈ സങ്കൽപംവഴി ചന്ദ്രൻ, സൂര്യൻ തുടങ്ങിയ ഗ്രഹങ്ങളെല്ലാം ഓരോ ആകാശങ്ങളിലാണെന്ന ധാരണ പരക്കുകയും ചെയ്തു അനന്തരം എഴുതപ്പെട്ട മതഗ്രന്ഥങ്ങളിലും ജനങ്ങളിൽ പടർന്നുപിടിച്ച ഈ ധാരണയുടെ അടിസ്ഥാനത്തിലുള്ള പ്രതിപാദനം സുലഭമാണ്. അവർ ജീവിച്ചിരുന്ന കാലഘട്ടത്തിലെ ശാസ്ത്ര വിജ്ഞാനം പകർത്തിയെന്നല്ലാതെ മുസ്ലിം പണ്ഡിതന്മാർ അതുസത്യമാണെന്നു സമർത്ഥിക്കുകയോ തെളിവുദ്ധരിക്കയോ ചെയ്തിട്ടില്ലെന്നതാണ് പരമാർത്ഥം. മാത്രമല്ല, കോർപ്പർനിക്സിന്റെ സിദ്ധാന്തത്തോടുയോജിക്കുന്ന പരാമർശം അദ്ദേഹം ജനിക്കുന്നതിന്നുമുമ്പുള്ള ഇസ്‌ലാമിക ഗ്രന്ഥങ്ങളിൽ കാണപ്പെടുന്നുണ്ടെന്നതും

ടോളമിയുടെ സിദ്ധാന്തം ഇസ്‌ലാമിൽ സ്ഥിരപ്രതിഷ്ഠലഭിച്ച ഒരഭിപ്രായമല്ലെന്നതിന്നു തെളിവാണ്. കോപ്പർനിക്കസിന്നു ഒരു നൂറ്റാണ്ടുമുമ്പു പരലോകം പ്രാപിച്ച അള്ളുദുദ്ദീൻ അബ്ദുറഹ്മാനിൽഐജി(മരണം എ.ഡി1355) ഇസ്‌ലാമിന്റെ പ്രത്യയ ശാസ്ത്രഗ്രന്ഥങ്ങളിൽ പ്രാമണ്യം കരസ്ഥമാക്കിട്ടുള്ള 'മവാഖിഫ്' എന്ന ഗ്രന്ഥത്തിൽ പറയുന്നു: "ഭൂമി സ്വയം അതിന്റെ അച്ചുതണ്ടിൽ പടിഞ്ഞാറുനിന്നു കിഴക്കോട്ടുതിരിയുന്നു. അതുകൊണ്ടാണ് ദിനരാത്രികളുണ്ടാവുന്നത്. പക്ഷെ, കപ്പൽ യാത്രക്കാരന്നു കപ്പൽ നിശ്ചലമായും കരയിലുള്ള വസ്തുക്കളെല്ലാം ചലിക്കുന്നതായും അനുഭവപ്പെടുന്നത് പോലെ നമുക്ക് ഭൂമിനിശ്ചലമായും മറ്റു സൂര്യനക്ഷത്ര ഗ്രഹാദികൾ തിരിയുന്നതായും തോന്നുന്നുവെന്നു മാത്രം".

ഗോളശാസ്ത്ര സംബന്ധമായി പ്രചാരത്തിലുണ്ടായ രണ്ടുപ്രധാന സിദ്ധാന്തങ്ങളുടെ ചുരുക്കവും അവയിൽ അനുഭവത്തിൽ ശരിയാണെന്ന് ലോകംകണ്ട തിയറിയും നാം ഇപ്പോൾ മനസ്സിലാക്കിക്കഴിഞ്ഞു. ഇതിൽ ഏതെങ്കിലും ഒന്നിനെ ഇസ്‌ലാമിന്റേതായി അംഗീകരിക്കേണ്ട ആവശ്യകതയോ അതിന്റെ തെളിവോ നമ്മുടെ മുമ്പിലില്ലെന്നും അത് വിശ്വാസത്തെ ബാധിക്കുന്ന വിഷയമല്ലെന്നും കൂട്ടത്തിൽ പ്രസ്താവിച്ചുകൊള്ളുന്നു.

എന്നാൽ ടോളമിയുടെ സിദ്ധാന്തമനുസരിച്ചു എഴുതപ്പെട്ട ചില ഗ്രന്ഥങ്ങൾ ഇനിയും നമ്മുടെ കരിക്കുലകളിൽ നിലനിർത്തുകയും അവക്കായി നാം സമയം വിനിയോഗിക്കുകയും ചെയ്യുന്നുണ്ടെന്നതിനെ നിഷേധിക്കാൻ നിവൃത്തിയില്ല. നമുക്കത്യാവശ്യമായ ദേശകാല നിർണ്ണയവും ദിക്ക് നിർണ്ണയവുമെല്ലാം (ഇൽമുൽമീഖാത്തും ഖിബ് ലസ്യത്രവും) പഠിക്കാനുതകുംവിധം അനുഭവ സാക്ഷ്യം ലഭിച്ച ശാസ്ത്രസിദ്ധാന്തവുമായി പൊരുത്തപ്പെടുന്ന രീതിയിൽ കൈകാര്യം ചെയ്യാനുള്ള മാർഗം കണ്ടെത്തുകയും അത് നടപ്പിലാക്കുകയും ചെയ്യേണ്ടത് കാലഘട്ടത്തിന്റെ ഒരു ആവശ്യമത്രെ.

ചരിത്രത്തിലും ആധുനിക ഗോള-ഭൂമിശാസ്ത്രത്തിലും നാം തുടരുന്ന അവഗണനയെക്കുറിച്ച് ചിന്തിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു.

## ഖുർആനും ശാസ്ത്രവും

ഖുർആൻ ഒരു ശാസ്ത്രഗ്രന്ഥമല്ല. മനുഷ്യജീവിതത്തിന്റെ മാർഗ്ഗദർശനത്തിനുള്ള ഒരു തത്വസംഹിതയാണത്. എന്നാൽ പ്രപഞ്ചത്തിന്റെ സൃഷ്ടാവും വിധാതാവുമായ അല്ലാഹുവിന്റെ വചനമായിരക്കയാൽ ശാസ്ത്ര നിഗമനങ്ങൾ പിഴക്കുകയല്ലാതെ ശാസ്ത്ര സത്യങ്ങളെക്കുറിച്ചു ഖുർആൻ സൂചിപ്പിച്ച പരാമർശങ്ങൾ ഒരിക്കലും തെറ്റാവുകയില്ല. ഖുർആനിനെ ശാസ്ത്ര സത്യങ്ങളോടു യോജിപ്പിച്ചു വ്യാഖ്യാനിക്കാൻ മുതിരുന്നതും ആപൽക്കരമാണ്. എന്തുകൊണ്ടെന്നാൽ ശാസ്ത്രീയ ഗവേഷണങ്ങൾ മാറ്റത്തിരുത്തലുകൾക്ക് വിധേയമാണെന്ന് അനുഭവത്തിലൂടെ നാം കണ്ടുകഴിഞ്ഞതാണ്.

അഗാധമായ ഗവേഷണങ്ങൾ വഴി ഏതെങ്കിലും തിയറി മാറ്റി എഴുതപ്പെടുമ്പോൾ ഖുർആൻ വ്യാഖ്യാനം മാറ്റി എഴുതാൻ ഇടവരുത്തുന്നത് ക്ഷന്തവ്യമല്ല. ഖുർആന്റെ ബാഹ്യാർത്ഥത്തോടു യോജിക്കുന്ന ശാസ്ത്ര സത്യങ്ങൾ അംഗീകരിക്കുകയും അല്ലാത്തതിന്റെ യാഥാർത്ഥ്യം ഭാവി ശാസ്ത്രജ്ഞന്റെ അന്വേഷണ തിഷ്ണക്ക് വിട്ട്കൊടുക്കുകയുമാണ് ബുദ്ധിപൂർവ്വകമായത്.

ഒരു കാര്യം കൂടികണക്കിലെടുക്കേണ്ടതുണ്ട്, 6-ാം നൂറ്റാണ്ടിലെ ശാസ്ത്രീയ വിജ്ഞാനവുമായി ബന്ധപ്പെടാത്ത ഒരു ജനവിഭാഗത്തിലാണ് ഖുർആന്റെ അവതരണമെന്നും അവരുടെ മനശാസ്ത്രപരമായ അധ്യയന രീതി ഒരളവോളം അതിൽ കണക്കിലെടുക്കപ്പെട്ടിട്ടുണ്ടെന്ന വസ്തുതയും വിസ്മരിക്കാവതല്ല. ഭൂമിശാസ്ത്രമെന്താണെന്നോ ഗോളശാസ്ത്രത്തിന്റെ 'എ.ബി.സി.ഡി' യോ അറിയാത്ത ഒരു വിഭാഗത്തോട് ഭൂമി ഗോളാകൃതിയിലാണെന്നോ ആകാശ ഗംഗയുടെ അത്ഭുത പ്രതിഭാസങ്ങളോ വിശദമാക്കുന്നത് പാഴ്‌വേലയായിരിക്കും.

എന്നാൽ ശാസ്ത്ര സൂചനകൾ അഗാധമായി ചിന്തിക്കുന്ന ശാസ്ത്രജ്ഞന് വിശുദ്ധ ഖുർആനിൽ സുലഭമാണ് താനും. 'ഭൂമിയെ പരത്തി' എന്ന അർത്ഥം വരുന്ന ചില ഖുർആൻ വചനങ്ങളും മറ്റും ചൂണ്ടിക്കാണിച്ച് ഖുർആൻ അശാസ്ത്രീയമെന്ന് മുദ്രയടിക്കാൻ മുതിരുന്ന ക്ഷുദ്രജീവി

കളുടെ അപശബ്ദങ്ങളെ ശാസ്ത്രത്തിന്റെ ഭാഷയിൽ തന്നെ തകർക്കാൻ ഖുർആനിൽ സൂചനയുണ്ട്.

എന്നാൽ ഭൂമിയുടെ ഓരോ അംശവും ഗോളാകൃതിയാണ് സമർത്ഥിക്കുവാൻ ആർക്കാണ് സാധിക്കുക? സാധാരണക്കാരന്റെ ദൃഷ്ടിയിൽ പരന്ന് വിശാലമായ ഭൂമിയെ അല്ലാഹു സൃഷ്ടിച്ചു എന്നാണ് പ്രസ്തുത വാക്യത്തിന്റെ അർത്ഥമെന്ന് ഗ്രഹിക്കാൻ നിഷ്പക്ഷ ബുദ്ധിയുള്ളവർക്ക പ്രയാസമില്ല.

എന്നാൽ വിശുദ്ധ ഖുർആനിൽതന്നെ ഭൂമി ഗോളാകൃതിയാലാണെന്ന് സൂചിപ്പിക്കുന്ന വാചകം നമുക്ക് കാണാൻകഴിയും. രാപ്പകലിനെക്കുറിച്ച് പരാമർശിച്ചുകൊണ്ട് ഒരിടത്ത് ഇങ്ങനെ പറയുന്നു: " രാവിനെ പകലി'ൽ മേലും പകലിനെ രാവിൻമേലിലും അവൻ ചുറ്റിക്കുന്നു" (5-39) 'കാറ' എന്ന പ്രയോഗം ഗോളാകൃതിയിലും വൃത്താകൃതിയിലുമുള്ള സാധനത്തിൻമേൽ എന്തെങ്കിലും ചുറ്റുന്നതിന് പറയാമെന്ന് ഭാഷ ഗ്രന്ഥങ്ങളിലെല്ലാം പറഞ്ഞിട്ടുള്ളതാണ്. പ്രസ്തുത പദത്തിനെ ബാഹ്യാർത്ഥത്തിൽ ഉപയോഗിച്ചാൽ രാപ്പകലിനെ ഗോളാകൃതിയുടെ ഭൂമിയുടെമേൽ ചുറ്റിക്കുന്നുവെന്ന് നിഷ്പ്രയാസം ഗ്രഹിക്കാവുന്നതാണ്.

ഈ വസ്തുതയിലേക്ക് തഫ്സീർ ബൈളാവിയിലും മറ്റും വെളിച്ചം നൽകിയതായി കാണാം. ശാസ്ത്രം കേൾക്കുമ്പോൾ അമ്പരപ്പുളവാക്കുന്ന അൽപബുദ്ധികളുടെ തെറ്റിദ്ധാരണ നീക്കാനുതകുന്ന ഇത്തരം യാഥാർത്ഥ്യങ്ങൾ പ്രചരിപ്പിക്കേണ്ടത് മതപ്രചരണരംഗത്ത് അത്യന്താപേക്ഷിതമായിരിക്കയാൽ അതിലേക്ക് അൽപം വിരൽചൂണ്ടിയതാണ്. ഇനി നമ്മുടെ വിഷയത്തിലേക്ക് മടങ്ങാം.

## ഗോളാന്തരപ്രയാണം

അത്യാധുനിക ശാസ്ത്രീയ സിദ്ധാന്തപ്രകാരം ബഹിരാകാശയാത്രയും സൗരയൂഥത്തിലെ മറ്റു നവഗ്രഹങ്ങളിലേക്കുള്ള പ്രയാണവും അതാത് മണ്ഡലങ്ങളിലെ പ്രകൃതിക്കനുസൃതമായ വിശേഷങ്ങളെ അതിജീവിക്കാനുള്ള ഉപകരണങ്ങളോടുകൂടി സാധിതമാണെന്നത് അനുഭവം തെളിയിച്ചിരിക്കുകയാണ്. അങ്ങിനെ ടോളമിയുടെ തെറ്റായ നിഗമനം

തെറ്റാണെന്നും പ്രസ്തുത നിഗമനത്തിന്റെ അടിസ്ഥാനത്തിൽ ഒരു കാലത്ത് ശാസ്ത്രത്തെ അന്ധമായി ആരാധിച്ചവർ ടോളമിയെ അനുകരിച്ചു നബി(സ)യുടെ വാനാരോഹണം (മിഅ്റാജ്) പോലും നിഷേധിച്ചത് അബദ്ധമാണെന്നും ആധുനിക ശാസ്ത്രം തെളിവ് നൽകുന്നുണ്ട്.

ചന്ദ്രൻ പിളർന്ന് രണ്ട് കഷ്ണമായി കാണപ്പെട്ട അത്ഭുത സംഭവവും ആധുനിക ശാസ്ത്രത്തിന്റെ അടിസ്ഥാനത്തിൽ വിശ്വസനീയമാണെന്ന് കൂടുതൽ വ്യക്തമായിരിക്കുകയാണ്. ചന്ദ്രനിൽനിന്നും കരകരതമാക്കിയ പദാർത്ഥം ലോകരാഷ്ട്രങ്ങളിൽ ഇന്ന് ശാസ്ത്രീയ വിദഗ്ധൻമാരുടെ ഗവേഷണത്തിന് വിധേയമായിരിക്കയാൽ പിളരുകയും കൂടുകയും ചെയ്യുന്നത് അസംഭവ്യമെന്ന് ഇനി അന്തമായ ശാസ്ത്രീയാനുകരണക്കാർക്ക്പോലും വാദിക്കാൻ ഒക്കുകയില്ലല്ലോ.

ഇസ്ലാമിന്റെ വീക്ഷണത്തിൽ ആരോഹണം അസംഭവ്യമല്ലെന്ന് തങ്കലിപികളിൽ രേഖപ്പെടുത്തിയ പ്രസ്തുത രണ്ട് സംഭവങ്ങൾ തന്നെ വ്യക്തമാകുന്നു. എന്നാൽ നബി(സ) ഗോളാന്തരയാത്രമാത്രമല്ല ഏഴു ആകാശങ്ങളും ഉപരിമണ്ഡലങ്ങളിൽ അല്ലാഹു (ത) നിശ്ചയിച്ച മറ്റ് സ്ഥലങ്ങളുമെല്ലാം സശരീരത്തോടു കൂടി സഞ്ചരിച്ചു മടങ്ങിയിരിക്കുന്നുവെന്നാണ് നാം വിശ്വസിക്കുന്നത്. അപ്പോൾ ആകാശമെന്നത് ഏഴുജഡപദാർത്ഥങ്ങളാണെന്ന് വ്യക്തമാകുന്നു.

പ്രസ്തുത ഹദീസ് ബുഖാരി നിവേദനം ചെയ്തിട്ടുള്ളതാണ്. "നിങ്ങൾ കാണുന്ന, തൂണുകളില്ലാതെ അല്ലാഹു ആകാശങ്ങളെ ഉയർത്തി."(2-13) തട്ടുകളായി (മേൽക്കുമേലെയായി) ഏഴു ആകാശങ്ങളെ അവൻ സൃഷ്ടിച്ചു(3-67) എന്നിപ്രകാരം വിശുദ്ധ ഖുർആനിലും കാണാം. ഹ: ഈസാ (അ) ആകാശത്തിൽ താമസിക്കുകയാണെന്നും അന്ത്യദിനമടുക്കുമ്പോൾ ഇറങ്ങിവന്നു ദജ്ജാലിനെ വധിക്കുമെന്നും മറ്റും ഹദീസുകളിൽ തെളിഞ്ഞതാണ്. ഇത്തരം തെളിവുകളുടെ അടിസ്ഥാനത്തിൽ ആകാശം ഉണ്ടെന്നും അത് തടിയുള്ള സാധനമാണെന്നുമാണ് ഇസ്ലാമിന്റെ വിശ്വാസം ദശലക്ഷക്കണക്കിന് സൗരയൂഥങ്ങളുണ്ടാവാമെന്ന് സമർത്ഥിക്കുന്ന ശാസ്ത്ര വിശ്വാസികങ്ങൾക്കെങ്ങിനെ അതിനെ

നിഷേധിക്കാൻ സാധിക്കും?

നവ ഗ്രഹങ്ങൾ ഈ ആകാശത്തിലാണോ എന്നതാണ് മർമ്മ പ്രശ്നം. ടോളമിയുടെ വാന ശാസ്ത്രവുമായി സംയോജിപ്പിച്ചുകൊണ്ട് ചന്ദ്രൻ ഒന്നാം ആകാശത്തിലും സൂര്യൻ നാലാം ആകാശത്തിലുമാണെന്ന് ചില തഫ്സീറുകളിൽ പരാമർശിക്കപ്പെട്ടതായി കാണാം. ഇസ്ലാമിന്റെ അംഗീകൃതവും സുദൃഢവുമായ ഒരു തത്വമെന്ന നിലക്കല്ല പ്രസ്തുത പ്രതിപാദനമെന്ന് ഗ്രഹിക്കേണ്ടതാണ്.

തഫ്സീർ ഗ്രന്ഥങ്ങളിൽ പ്രാബല്യവും ഖ്യാതിയും ലഭിച്ചിട്ടുള്ള ബൈളാവിയുടെ തഫ്സീറിൽ ഇങ്ങനെ കാണാം. " ഒന്നാം ആകാശത്തെ നാം അലങ്കാരംകൊണ്ട് -അതായത് നക്ഷത്രങ്ങളെകൊണ്ട്-ഭംഗിയാക്കി" (6-37) എന്ന വാക്യത്തിന്റെ വ്യാഖ്യാനത്തിൽ പറയുന്നു നക്ഷത്രങ്ങൾ എട്ടാമത്തെ ഫലക്കിലും ചന്ദ്രനല്ലാത്ത മറ്റു ഗ്രഹങ്ങൾ മദ്ധ്യത്തിലുള്ള ആറു ഫലക്കുകളിലും തറപ്പിക്കപ്പെട്ടവയാണെന്ന കാര്യം സ്ഥിരപ്പെടുകയാണെങ്കിൽ തന്നെ (സ്ഫടികരൂപത്തിലായിരിക്കയാൽ) അവ മുഴുവനും ഒന്നാം ആകാശത്തിൽ ഭൂമിനിവാസികൾക്ക് ദൃശ്യമാവുന്നതാണ്'.

സംശയാസ്പദ വിഷയത്തിന് ഉപയോഗിക്കുന്ന 'ഇൻ' എന്ന അവ്യയമാണ് 'അത് സ്ഥിരപ്പെടുകയാണെങ്കിൽ' എന്ന് പറഞ്ഞേടത്ത് ഇമാം ബൈളാവി ഉപയോഗിച്ചത്. ആകയാൽ ഇമാം ബൈളാവിയെപോലുള്ള മുഫസ്സിറുകൾ പ്രസ്തുത ടോളമി വാദം സ്ഥിരപ്പെട്ടതല്ലെന്ന് പറയുന്നുവെന്നർത്ഥം. കൂടാതെ ' സമാഅ്' എന്നപദം മേൽഭാഗം എന്ന അർത്ഥത്തിന് ഉപയോഗിക്കുമെന്ന് ബൈളാവിയടക്കം പല മുഫസ്സിരീങ്ങളും പറയുന്നുണ്ട്.

ഏഴു ആകാശങ്ങളിൽ ഒന്നാമത്തേതിന്റെ താഴെയാണ് സൂര്യചന്ദ്രനക്ഷത്രാദി ഗോളങ്ങൾ സ്ഥിതിചെയ്യുന്നതെന്ന ഹ: ഇബ്നു അബ്ബാസി (റ)ൽ നിന്ന് പരമ്പരയായി ലഭിച്ച റിപ്പോർട്ട് 'താരീഖുൽ ഉമമിലും ഇബ്നുസൈദിൽ നിന്നുള്ള റിപ്പോർട്ട് 'ജാമിഉൽ ബയാനിലും' ഇബ്നുജരീർ ത്വബ്രി രേഖപ്പെടുത്തിട്ടുണ്ട്. ഫലക് (ഗ്രഹപഥം) ബുർജ് (രാശി) എന്നീ ഉപയോഗങ്ങളെല്ലാം ആകാശത്തിന്റെയും ഭൂമിയുടെയും ഇടക്കുള്ള ഗ്രഹ

ങ്ങളുടെ സഞ്ചാരപഥത്തിനെക്കുറിച്ചു പറയുന്നതാണെന്നുകൂടി അബൂ സൈദ് അഭിപ്രായപ്പെടുന്നു.

ഫലക് എന്നത് ഒരു ജിസ്മു (ജഢപദാർത്ഥം) അല്ല, നക്ഷത്രങ്ങളുടെ സഞ്ചാരപഥത്തിനു പറയുന്നതാണെന്ന് ളഹാക്കിൽനിന്ന് ഉദ്ധരിച്ചുകൊണ്ട് ഇമാം റാസിയുടെ തഫ്സീറിലും രേഖപ്പെടുത്തിട്ടുണ്ട്. സൂര്യചന്ദ്രാദികളുടെ മുഖം എന്നും ആകാശത്തിലേക്ക് തിരിഞ്ഞാണ് സ്ഥിതി ചെയ്യുന്നതെന്നും ഹ: ഇബ്നുഉമറും, ഇബ്നു അബ്ബാസും (റ) പറഞ്ഞതായി ഇമാം നസഫി 'മദാരിക്കി' ലും ഇബ്നുജരീർ ത്വബ്രി 'ജാമിഉൽബയാനിലും ഉദ്ധരിച്ചിട്ടുണ്ട്.

പള്ളികളിൽ കിന്ദീലുകൾ തൂക്കിയിട്ടതുപോലെ അവയെല്ലാം ആകാശത്തിനു താഴെ സ്ഥിതി ചെയ്യുന്നുവെന്ന് സൽമാനുൽ ഫാരിസി (റ) പ്രസ്താവിച്ചതായി ഇബ്നു ഹജർ അസ്ഖലാനി (റ) ഫത്ഹുൽ ബാരിയിലും പറഞ്ഞിട്ടുണ്ട്. ടോളമിയുടെ വാനലോക തിയറി സമുദായത്തിൽ പ്രചരിപ്പിക്കുന്നതിന് മുമ്പ് സഹാബികളും താബിഈങ്ങളും രേഖപ്പെടുത്തിയ ചില ഉദാഹരണങ്ങളാണിത്രയും പ്രസ്താവിച്ചത്. ആകയാൽ സൂര്യചന്ദ്രാദി ഗ്രഹങ്ങളുമെല്ലാം ഖുർആനിൽ പറഞ്ഞ ആകാശത്തിന്റെ താഴെ സ്ഥിതി ചെയ്യുന്നുവെന്ന് ലഭ്യമായ തെളിവുകളുടെ അടിസ്ഥാനത്തിൽ ഗ്രഹിക്കാൻ കഴിയുന്നു. അപ്പോൾ ആകാശത്തിന്റെ താഴെ സ്ഥിതി ചെയ്യുന്ന നവഗ്രഹങ്ങളിലേതെങ്കിലും ശാസ്ത്രീയമായ ആധുനിക യന്ത്രങ്ങൾ ഉപയോഗിച്ചു യാത്ര ചെയ്യുന്നത് ഇസ്ലാമിക വീക്ഷണത്തിൽ അസംഭവ്യമോ അത്ഭുതകരമോ അല്ലെന്ന് നിഷ്പ്രയാസം ഗ്രഹിക്കാവുന്നതാണ്. "ആകാശ ഭൂമികളെയും അവക്കിടയിലുള്ളതിനെയും നിഷ്ഫലമായി നാം സൃഷ്ടിച്ചിട്ടില്ല" എന്ന് ഒന്നിലധികം സ്ഥലങ്ങളിൽ വിശുദ്ധ ഖുർആൻ പ്രസ്താവിച്ചിട്ടുള്ളതും ശ്രദ്ധേയമത്രെ. എന്നാൽ ഏഴ് ആകാശങ്ങളും വിട്ട്കടന്നുകൊണ്ടുള്ള നബി(സ)യുടെ വാനാരോഹണവും ആകാശത്തിൽ ഇന്നും ജീവനോടെ സ്ഥിതി ചെയ്യുന്ന ഹ: ഈസാ(അ)ന്റെ ആരോഹണവും അമാനുഷികവും അത്യത്ഭുതകരവുമായ അനിഷേധ്യയാഥാർത്ഥ്യങ്ങളത്രെ.

*(അൽ മുനീർ – വാർഷികപ്പതിപ്പ്–1971)*

# സൂഫികളുടെ മാർഗ്ഗം

മഹാന്മാരായ സൂഫികളുടെ മുറകളും അവരിൽ നിന്ന് ഉദ്ധരിക്കപ്പെട്ടതും സാധാരണക്കാർക്ക് ദുർഗ്രാഹ്യവുമായ വാചകങ്ങളും ചിലർക്കിന്ന് അലർജിയാണ്. ഇന്ന് തുടങ്ങിയതല്ല ഏതാണ്ട് ഇസ്ലാമിന്റെ ആവിർഭാവ കാലം മുതൽക്കെ അത് തുടരുന്നതാണ്. പ്രമേഹരോഗി പഞ്ചസാര വർജ്ജിക്കുന്നത് പോലെ സൂഫിയാക്കളുടെ സാങ്കേതിക പദങ്ങളും മുറകളും ഉപേക്ഷിക്കണമെന്ന് ജമാഅത്തെ ഇസ്‌ലാമി സ്ഥാപകനും, അതെല്ലാം അനിസ്‌ലാമികമാണെന്ന് മുജാഹിദ് നേതാക്കളും പ്രചരിപ്പിക്കുന്നത് പ്രസ്തുത പരമ്പരയുടെ വർത്തമാനകാല തുടർച്ച മാത്രമാണ്.

മഹാനായ ജുനൈദുൽ ബഗ്ദാദി (റ) യാണ് ഇസ്‌ലാമിലെ സൂഫികളുടെ മാർഗ്ഗം തെളിയിച്ച് റിക്കാർഡ് ചെയ്ത നേതാവ്. അദ്ദേഹത്തിന്റെ മാർഗ്ഗം അവലംബിക്കുന്നവരാണ് ഇസ്‌ലാമിലെ സൂഫികൾ. അദ്ദേഹം തസ്വവ്വുഫിനെ പരിചയപ്പെടുത്തിയത് പ്രകാരമാണ്. "നമ്മുടെ ഈ വിജ്ഞാനം ഖുർആനും തിരുസുന്നത്തും കൊണ്ട് പടുത്തുയർത്തപ്പെട്ടതാണ്". ഇജ്മാഉം ഖിയാസും സ്വീകാര്യമല്ലെന്ന അർത്ഥത്തിലല്ല, അവ രണ്ടും സ്വീകരിക്കണമെങ്കിൽ കിതാബിന്റെയും സുന്നത്തിന്റെയും നിയമത്തോട് യോജിക്കണം എന്ന അർത്ഥത്തിലാണ് (യവാഖീത് 2/93) മഹാനായ അബ്ദുൽ വഹാബ് അൽശഅ്റാനി പറയുന്നു. സൂഫിയുടെ യാഥാർത്ഥ്യം വിജ്ഞാനമനുസരിച്ച് പ്രവർത്തിക്കുന്ന ഒരു ഫഖീഹ് എന്നാണ്. അദ്ദേഹത്തിന്റെ വിജ്ഞാനം വഴി ശരീഅത്തിന്റെ കുർമ്മമായ അറിവും അതിന്റെ രഹസ്യവും വ്യക്തമായി അറിയുകയും അതിന്റെ

ആന്തരിയ വിജ്ഞാനത്തിലും സത്പന്ഥാവിലും അത് വഴി അദ്ദേഹം മുജ്തഹിദായിത്തീരുകയും ചെയ്യുന്നു. ((Ibid 2/93)

അല്ലാഹുമായി സുന്നത്തായ ഇബാദത്തുക്കൾ വഴി സാമീപ്യം കരസ്ഥമാക്കുകയാണ് അതിന്റെ മാർഗ്ഗം. അതു വഴി അല്ലാഹു അവന്റെ കരവും കാലും കാതും നേത്രവുമെല്ലാമായിത്തീരുമെന്ന് ബുഖാരി റിപ്പോർട്ട് ചെയ്ത ഹദീസിൽ കാണാം.അവർ അതുവഴി ആന്തരിയ വിജ്ഞാനത്തിലും സ്ഥിതികളിലും പുരോഗമിച്ചുപോയിക്കൊണ്ടിരിക്കുന്നു അത്തരക്കാരെ അല്ലാഹു സഹായിക്കുകയും അവന്റെ 'വലിയ്' എന്ന് നാമകരണം ചെയ്യുകയും ചെയ്യുന്നു.

എല്ലാ ഔലിയാക്കളും സത്യപാന്ഥാവിൽ മാത്രം ചലിക്കുന്നവരാണ്. പ്രവാചകന്മാരുടെ അനന്തരാവകാശികൾ എന്ന നിലയ്ക്ക് ഓരോ പ്രവാചകന്റെ വിശിഷ്ട സ്വഭാവം അവരിൽ രൂഢമൂലമായിത്തീരുന്നു. അല്ലാഹുവിൻരെ ഔലിയാക്കളായ സൂഫികൾ പലതരക്കാരാണ്. അവരുടെ സാങ്കേതിക പദങ്ങളും പദവികളും ഗ്രഹിച്ചവർക്കേ അവരുടെ സ്ഥാനവും വചനങ്ങളും മനസ്സിലാക്കാൻ സാധിക്കുകയുള്ളൂ. അതറിയാത്തവർ ഇതര ജീവികളുടെ ശബ്ദം കേൾക്കുന്നതുപോലെയല്ലാതെ അതിനെ വീക്ഷിക്കാൻ നിവൃത്തിയില്ല.അതുകൊണ്ടാണ് ഔലിയാക്കളെപ്പറ്റി പലരും തെറ്റിദ്ധരിക്കുകയും ദുഷ്പ്രചരണവും ദുരഭിപ്രായവുമായി കഴിയുകയും ചെയ്യുന്നത്. അത്തരക്കാർ ലോകനാഥനോട് സമരം പ്രഖ്യാപിച്ചവരാണ് എന്നോർക്കാതെ ലാഘവ ബുദ്ധിയോടെ വീക്ഷിക്കുന്നതാണ് ഏറെ ഖേദകരം. അത് അത്തരക്കാരുടെ ദൗർഭാഗ്യത്തിന്റെ ലക്ഷണമായല്ലാതെ പരിഗണിക്കാൻ നിർവ്വാഹമില്ല.

ഔലിയാക്കളുടെ 'ശഥ്ഹാത്തു'കളെ പലരും നിരൂപണം ചെയ്തിട്ടുണ്ട്. അവയുടെ ഉദ്ദേശ്യം അറിയാത്തതാണ് പലരെയും അതിന് പ്രേരിതമാക്കുന്നത്. എന്നാൽ ചിലർ അതിന്റെ ബാഹ്യാർത്ഥം ഗ്രഹിച്ച് പിഴച്ചുപോകാനിടയാകുമെന്ന നിലയ്ക്ക് എതിർത്തവരുണ്ട്. പൂർവ്വികരായ ചില പണ്ഡിതന്മാർ അത്തരക്കാരിൽപ്പെടുന്നു. അവരുടെ സ്ഥാനം രേഖപ്പെടുത്തിയ മഹാന്മാർ തന്നെ അത്തരക്കാരുടെ സാങ്കേതിക ഉപയോഗങ്ങൾ

അറിയാത്തവർക്ക് അവരുടെ ഗ്രന്ഥം പാരായണം ചെയ്യുന്നത് നിഷിദ്ധമാണെന്ന് രേഖപ്പെടുത്തിയത് ഇതിന് തെളിവത്രെ.

മഹാന്മാരായ മുഹ്യുദ്ധീൻ ഇബ്നു അറബി , അബുയസീദൽ ബിസ്താമി, ഇബ്നുൽ ഫാരിള് തുടങ്ങിയ ധാരാളം മഹാന്മാരുടെ വചനങ്ങളും ഗ്രന്ഥങ്ങളും ഈ ഇനത്തിൽ പെട്ടതാണ്. മഹാനായ 'ഇബ്നു ഹജരിൽ ഹൈതമി' തുടങ്ങിയ മഹാന്മാർ അവർ ഉന്നതരായ മുജ്തഹിദുകളും ഔലിയാക്കളുമാണെന്ന് രേഖപ്പെടുത്തിയതിയതോടൊപ്പം തന്നെ അവരുടെ സാങ്കേതിക പദങ്ങൾ അറിയാത്തവർക്ക് അവരുടെ ഗ്രന്ഥങ്ങൾ പാരായണം ചെയ്യുന്നത് നിഷിദ്ധമാണെന്ന് പറഞ്ഞിട്ടുണ്ട്. അതിന്റെ ഉദ്ദേശ്യം ഗ്രഹിക്കാതെ തെറ്റിദ്ധാരണയിൽ കുടുങ്ങുകയും അതു വഴി വിശ്വാസം ദുഷിച്ചുപോകുകയും ചെയ്യുന്നതാണതിന്റെ കാരണം. അല്ലാതെ അവർ പിഴച്ചുപോയതുകൊണ്ടല്ല. അവർ പിഴച്ച് പോയി എന്ന് പറയുന്നവർ മത്തക്കണ്ണട വെച്ച് സ്വയം പിഴക്കുകയും നശിക്കുകയും ചെയ്യുന്നവരത്രെ.

എന്നാൽ അവർ പറയുന്ന അവ്യക്തമായ വചനങ്ങളെ എങ്ങനെ മനസ്സിലാക്കണമെന്നതിന് കുറിച്ച് മഹാന്മമാർ ഉദ്ധരിച്ചതിന്റെ രത്നച്ചുരുക്കം ഇവിടെ കുറിക്കാം. അവരെ ആക്ഷേപിച്ചു മാരക വിഷം രക്തത്തിൽ കലരാതിരിക്കാൻ പ്രതിരോധചികിത്സയായിരിക്കും അതെന്ന് ധരിക്കേണ്ടതാണ്. അല്ലാതെ ശ്രീ നാരായണന്റെ 'അദ്വൈത' വാദക്കാരാണവർ എന്ന് കുത്തിക്കുറിക്കുകയും അവർ ഹൃദയത്തിൽ ഊഹിക്കാത്ത ആരോപണം അവരുടെ മേൽ ചുമത്തുകയും ചെയ്യുന്നതു തന്നെ ചുരുങ്ങിയാൽ ധിക്കാരമത്രെ.

ഒന്നാമത്തെ അഭിപ്രായം: മഹാനായ 'അബൂയസീദ്', 'സുബ്ഹാനി' എന്നും 'ഹല്ലാജ്', 'അന അല്ലാഹു' എന്നും പറഞ്ഞത് പോലുള്ള വാചകങ്ങൾ അല്ലാഹുവിന്റെ പരിശുദ്ധ വാചകം എടുത്തുദ്ധരിച്ചതാണെന്നാണ് മഹാനായ ശിഹാബുദ്ധീൻ സുഹ്റവർദിയെ പോലുള്ളവർ പ്രസ്താവിച്ചിട്ടുള്ളത്. അല്ലാഹുവിന്റെ വചനം എടുത്തുദ്ധരിക്കുന്നത് ഒരിക്കലും അദ്വൈതമല്ലല്ലോ.

രണ്ടാമത്തെ അഭിപ്രായം: അല്ലാഹുവിന്റെ മഹബ്ബത്തിൽ ലയിച്ച് ചേരുകയും പ്രസ്തുത ലഹരിയിൽ മുങ്ങിക്കുളിച്ച് ബോധമറ്റ നിലയിൽ പറഞ്ഞതാണ്. അല്ലാഹുവിനോടും റസൂലിനോടുമുള്ള അതിരറ്റ പ്രേമം ആക്ഷേപാർഹമല്ലല്ലോ. അനുവദനീയമായ മാർഗ്ഗത്തിൽ ബുദ്ധിഭ്രമം വന്ന് പോകുന്നത് കുറ്റകരമല്ല. ആകയാൽ സ്വബോധം നഷ്ടപ്പെട്ട നിലയിൽ 'മജ്ദൂബു'കളായി അപ്രകാരം സംസാരിച്ച് പോകുന്നതത്രെ. ബുദ്ധിഭ്രമം വന്ന് പോകുന്നവരുടെ പ്രവർത്തനം ചോദ്യം ചെയ്യപ്പെടാൻ നിർവ്വാഹമില്ലാത്തതാണല്ലോ. തക്‌ലീഫില്ലാത്തവരുടെ പ്രവർത്തി വിലയിരുത്തി തീരുമാനം എടുക്കുന്നതും ബുദ്ധിഹീനതയാണ്.

എന്നാൽ അവർ അല്ലാഹുമായി അടുത്ത് അവന്റെ മഹബ്ബത്തിൽ ലയിച്ചതിനാലുണ്ടായ ബുദ്ധിഭ്രമത്തിലെത്തിയതിനാൽ സാധാരണ ഭ്രാന്തന്മാരെപ്പോലെ കരുതി നിന്ദിക്കാൻ നിവൃത്തിയില്ല. അല്ലാഹുവിന്റെ സാമീപ്യത്തിലുള്ളവരെന്ന നിലയ്ക്ക് ബഹുമാനാർഹരാണ്. ശരീഅത്തിന് എതിരായി അവരിൽ നിന്ന് ഉണ്ടാകുന്ന വാക്കുകളോ പ്രവൃത്തികളോ അനുകരിക്കാൻ പാടില്ലാത്തതാണെന്ന് മാത്രം. മേൽപ്പറഞ്ഞ അഭിപ്രായം മഹാനായ ഗൗസുൽഅഅ്ളം അബ്ദുൽഖാദിർ ജീലാനി മുതലായവരിൽ നിന്ന് ഉദ്ധരിക്കപ്പെട്ടതാണ്.

ഹല്ലാജിന്റെ വാക്കുകൾ കാരണം അന്നുള്ള പണ്ഡിതന്മാർ ബാഹ്യാർത്ഥം കൽപ്പിച്ച് വധിക്കാൻ വിധിച്ചുവെങ്കിലും ഗൗസുൽ അഅ്ളമിന്ന് പുറമെ അബ്ദുൽ ഖാസിം നസ്റാബാദി, അബുൽ അബ്ബാസ് ഇബ്നു അഥാഅ്, അബ്ദുല്ലാഹിബ്നു ഹനീഫ് തുടങ്ങിയവരും മേൽപ്പറഞ്ഞ അഭിപ്രായം രേഖപ്പെടുത്തുകയും ഹല്ലാജിനെ വാഴ്ത്തുകയും ചെയ്തവരിൽ ഉൾപ്പെടുന്നു.

മൂന്നാമത്തെ അഭിപ്രായം : വിവരമില്ലാത്തവരെ അറിയിക്കാനോ അല്ലാഹുവിന് നന്ദി പ്രകാശിപ്പിച്ചുകൊണ്ട് അവന്റെ അനുഗ്രഹം എടുത്ത് പറയാനോ ആയിരിക്കും അവർ അപ്രകാരം പറഞ്ഞിരിക്കുക. മഹാനായ അബ്ദുൽ ഖാദിർ ജീലാനി സദുപദേശം ചെയ്ത് കൊണ്ടിരിക്കെ സദസ്സിൽ നിന്ന് പൊടുന്നനെ ഇപ്രകാരം പറഞ്ഞത് അതിനുദാഹരണമായി

രേഖപ്പെടുത്തിയിരിക്കുന്നു. "എന്റെ ഈ പാദം എല്ലാ ഔലിയാക്കളുടെയും പിരടിന്മേലാണ്". പ്രസ്തുത സമയം ലോകത്തുണ്ടായ എല്ലാ ഔലിയാക്കളും അതിന് വഴങ്ങുകയും എല്ലാവരും തല താഴ്ത്തി സമ്മതിക്കുകയുമുണ്ടായി.അബു നജീബ് സുഹ്റവർദി , അഹ്മദുൽകബിറുൽരിഫാഈ തുടങ്ങിയ അഖ്താബുകൾ അതിൽ ഉൾപ്പെടുന്നു. പല ഔലിയാക്കളുടെയും സദസ്സുകളിൽ അവർ ഏറ്റുപറഞ്ഞ സമയം ശ്രോതാക്കൾ കുറിച്ച് വെക്കുകയും അതേ സമയം ബാഗ്ദാദിൽ വെച്ച് ശൈഖവർകൾ പറഞ്ഞ സമയവുമായി യോജിക്കുകയും അത് രേഖപ്പെടുത്തി വെക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഇസ്ബഹാനിലുണ്ടായ ഒരാൾ അതിന് വിസമ്മതിക്കുകയും അത് കാരണം അദ്ദേഹത്തന്റെ സ്ഥാനം (വിലായത്ത്) നഷ്ടപ്പെടുകയും ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. ധിക്കാര ബുദ്ധിയുടെ അന്ത്യമതായിരിക്കുന്നതാണ്.

മഹാനായ ശൈഖ് ജീലാനിയുടെ സമകലക്കാരനും ശാഫിഈ പണ്ഡിതരിൽ അഗ്രഗണ്യനായ 'അബ്ദുല്ല ഹിബ്നു അബി ഇസ്റൂനി'ൽ നിന്ന് രേഖപ്പെടുത്തിയ ഒരു സംഭവത്തിന്റെ ചുരുക്കം അതിനുദാഹരണമാണ് അദ്ദേഹം പറയുന്നു: "ഒരു മത വിദ്യാർത്ഥിയായി ഞാൻ ബഗ്ദാദിലെ നിസാമിയ്യാ കോളേജിൽ ചേർന്നു. സഹ വിദ്യാർത്ഥികളുടെ കൂട്ടത്തിൽ 'ഇബ്നുസ്സഖാ' എന്ന ഒരാളും 'അബ്ദുൽഖാദിർ ജീലാനി'യുമുണ്ടായിരുന്നു. ബഗ്ദാദിൽ ചില സമയങ്ങളിൽ മാത്രം പ്രത്യക്ഷപ്പെടാറുള്ള ഒരു ഗൗസുള്ളതായി ഞങ്ങൾ അറിഞ്ഞു.

സ്വാലിഹീങ്ങളെ സന്ദർശിക്കാൻ പോകുന്ന പതിവനുസരിച്ച് ഞങ്ങൾ മൂന്ന് പേരും പ്രസ്തുത മഹാനെ സന്ദർശിക്കാൻ പുറപ്പെട്ടു.വഴിൽ വെച്ച് 'ഇബ്നുസ്സഖാ' പറഞ്ഞു. അദ്ദേഹത്തിന് ഉത്തരം കിട്ടാത്ത ഒരു ചോദ്യം ഞാൻ ഉന്നയിക്കും. ഞാൻ പറഞ്ഞു: "എനിക്ക് ഒരു ചോദ്യം ചോദിക്കാനുണ്ട്. സത്യാന്വേഷണ ബുദ്ധിയോടെ അതിന്റെ മറുപടി ഞാൻ കേൾക്കും". മഹാനായ അബ്ദുൽഖാദിർ ജീലാനി പറഞ്ഞു: "ഞാനതിനൊന്നും തയ്യാറില്ല. അദ്ദേഹത്തെ കണ്ട് ബർക്കത്ത് പ്രതീക്ഷിക്കുക മാത്രമാണ് എന്റെ ലക്ഷ്യം".

അങ്ങനെ ഞങ്ങൾ അവിടെ ചെന്ന് ഇബ്നുസ്സഖയെ നോക്കി. അന്നേരം കുപിതനായി ആ മഹാൻ പറഞ്ഞു: "നീ ഉത്തരം കിട്ടാത്ത ചോദ്യം ചോദിക്കാനായി വന്നതാണല്ലേ! നിന്റെ ചോദ്യവും അതിന്റെ മറുപടിയും ഇന്നതാണ്. കുഫ്റിന്റെ അഗ്നി നിന്നിൽ കത്തിജ്വലിക്കുന്നതായി ഞാൻ കാണുന്നു". അനന്തരം എന്നെ അഭിമുഖീകരിച്ച് പറഞ്ഞു: "നീ ചോദിക്കുകയും മറുപടി പ്രതീക്ഷിച്ച് പരിശോധിക്കുകയുമാണല്ലോ ! നിന്റെ ചോദ്യവും മറുപടിയുമിതാ ! നിന്റെ മര്യാദകേട് കാരണം ഭൗതിക സമ്പത്ത് നിന്റെ തുണി ചെവിവരെ ഉതിർന്ന് വീഴുന്നതായി കാണുന്നു".

അനന്തരം ശൈഖ് ജീലാനിയെ ബഹുമാനിക്കുകയും തലോടുകയും ചെയ്ത് പറഞ്ഞു: "അബ്ദുൽഖാദിർ താങ്കൾ മര്യാദയും സത്സ്വഭാവവും കാരണം അല്ലാഹുവിനെയും റസൂലിനെയും തൃപ്തിപ്പെടുത്തിയിരിക്കുകയാണ്. താങ്കൾ ബാഗ്ദാദിൽ പ്രസംഗ പീഠത്തിൽ ഇരുന്ന് സദസ്സിനെ അഭിമുഖീകരിക്കവെ എന്റെ പാദം ഔലിയാക്കളുടെയും പിരടിയിലാണെന്ന് പ്രഖ്യാപിക്കുകയും തത്സമയത്തുള്ള എല്ലാ ഔലിയാക്കളും താങ്കൾക്ക് തല താഴ്ത്തിത്തരികയും ചെയ്യുന്നതായി ഞാൻ കാണുന്നു". ഇതും പറഞ്ഞ് ആ മഹാൻ സ്ഥലം വിട്ട് കളഞ്ഞു.

മഹാനായ ഗൗസുൽഅഅ്സം അബ്ദുൽഖാദിർ ജീലാനിയുടെ സംഭവം ലോക പ്രസിദ്ധമായിത്തീർന്നു. ഇബ്നുസ്സഖാ എല്ലാ വിഷയത്തിലും ഉന്നത പണ്ഡിതനായി വിലസി. പ്രസിദ്ധ പ്രാസംഗികനും ആരോടും വാദപ്രതിവാദം നടത്തി ഉത്തരം മുട്ടിക്കാൻ കഴിവുറ്റ വിജ്ഞാന സാഗരവുമായിത്തീർന്നു ഖലീഫ: ഉന്നത സ്ഥാനം നൽകുകയും റോം രാജാവിന്റെ അടുത്തേക്ക് ദൂതനായി അയക്കുകയുമുണ്ടായി. അദ്ദേഹത്തിന്റെ വാചാലമായ കഴിവ് കണ്ടറിഞ്ഞ രാജാവ് പാതിരിമാരെയും കൃസ്തീയ പുരോഹിതന്മാരെയും സമ്മേളിപ്പിച്ച് വിവാദം നടത്തി. അവരെല്ലാം തറപ്പറ്റുകയുണ്ടായി. അത് കൊണ്ട് രാജാവിന്റെ അടുത്ത് ഉന്നത സ്ഥാനീയാവാൻ അദ്ദേഹത്തിന് സാധിച്ചു.

അധികം താമസിച്ചില്ല രാജാവിന്റെ പുത്രിയെ കണ്ടാകർഷിച്ച ഇബ്നുസ്സഖാ അവളെ വിവാഹം ചെയ്തു തരാൻ രാജാവിനോട് ആവശ്യപ്പെടാൻ

കാരണമായി. മകളെ വിവാഹം ചെയ്യണമെങ്കിൽ ക്രിസ്തുമതം സ്വീകരിക്കാതെ നിവൃത്തില്ല എന്നായിരുന്നു രാജാവിന്റെ ഓഫർ. യാതൊരു കൂസലുമില്ലാതെ അദ്ദേഹം അതിന് ഒരുമ്പെട്ടു ക്രിസ്ത്യാനിയായി മാറി. കാലം നീണ്ടുനിന്നില്ല. അദ്ദേഹം രോഗബാധിതനായി. അവർ കയ്യൊഴിയുകയും ബസാറിൽ ഭക്ഷണത്തിന് യാചിച്ച് കഴിയാൻ അദ്ദേഹം തള്ളിനീക്കപ്പെടുകയുമുണ്ടായി. ശരീര മാസകലം കറുപ്പ് ബാധിച്ച് നിറം മങ്ങിയ കുഷ്ഠ വ്യാധിയിൽപ്പെട്ട രോഗമായിരുന്നു.

വഴിയിൽ വീണ് കിടക്കുന്നത് കണ്ട പരിചയക്കാരിൽ ഒരാൾ വിശുദ്ധ ഖുർആൻ വല്ലതും മനഃപാഠമുണ്ടോയെന്നന്വേഷിച്ചതിനദ്ദേഹത്തിന്റെ മറുപടി "അവിശ്വാസികൾ ചിലപ്പോൾ മുസ്ലിമായെങ്കിൽ എന്ന് ആശിക്കുന്നതാണ്". എന്നർത്ഥം വരുന്ന വാക്യം മാത്രം അറിയുമെന്നായിരുന്നു. പിന്നീട് ശരീരമാസകാലം പൊള്ളലേറ്റ് മരണാസന്നനായാണ് അദ്ദേഹം കാണപ്പെട്ടത്. ഖിബ്‌ലയുടെ നേരെ മുഖം തിരിച്ച് കിടത്തിയാൽ കിഴക്കോട്ട് മുഖം തിരിക്കുമായിരുന്നു. അപ്രകാരം തന്നെ അദ്ദേഹം അന്ത്യശ്വാസം വലിക്കുകയും ചെയ്തു. ഇബ്നുഇസ്സുൻ ഈജിപ്തിലെ ഔഖാഫിന്റെ തലവനായി നിയോഗിക്കപ്പെടുകയും ഭൗതികതയിൽ ലയിക്കുകയുമുണ്ടായി. മഹാനായ ഗൗസിന്റെ വചനങ്ങളിലെ ദീർഘ ദർശനവും ഔലിയാക്കളെ നിന്ദിച്ചതിന്റെ അന്ത്യഫലവുമാണ് നാമിവിടെ കണ്ടത്.

നാലാമത്തെ അഭിപ്രായം : അവരെ കൊണ്ട് ജനങ്ങൾക്ക് ഉപകാരമുണ്ടാക്കാൻ ഉദ്ദേശിച്ചു. അല്ലാഹു 'ഇൽഹാം' വഴി അവർക്ക് ചില വാചകങ്ങൾ വെളിപ്പെടുത്തിക്കൊടുക്കുകയും അവർ സംസാരിക്കുകയും ചെയ്തതായിരിക്കും. യമനിൽ സുപ്രസിദ്ധനായ ഫഖീഹും സൂഫിയുമായ 'ഇസ്മാഈൽ ഹള്റമി'യുടെ പ്രസിദ്ധമായ ചരിത്രം ഈ ഇനത്തിൽ പെടുന്നു. അദ്ദേഹം പറയുകയുണ്ടായി എന്റെ പാദം ചുംബിച്ചവൻ സ്വർഗ്ഗാവകാശിയാണ്. വലിയ വലിയ സ്ഥാനത്തുള്ള മഹാന്മാർ പോലും അദ്ദേഹത്തിന്റെ കാൽ ചുംബിക്കുമായിരുന്നു. പ്രസ്തുത മഹാൻ സൂര്യാസ്തമന സമയത്ത് അസ്തമനം താമസിപ്പിക്കാൻ പ്രാർത്ഥിക്കുകയും താമസിപ്പിക്കുകയും ചെയ്തതടക്കം നിരവധി കറാമത്തുകളുടെ ഉറവിട

മായിരുന്നു.

അഞ്ചാമത്തെ അഭിപ്രായം : താൽക്കാലികമായി ഉദ്ദേശ്യം വ്യക്തമല്ലെങ്കിലും പദത്തിന്റെ ബാഹ്യാർത്ഥം തന്നെ ഉദ്ദേശിച്ച് പറയുന്നതായിരിക്കും. ശൈഖ് അബ്ദുൽ ഗൈസ് ഇബ്നുജമീൽ ഒരിക്കൽ പറഞ്ഞത് ഇതിന്റെ ഉദാഹരണമത്രെ. അദ്ദേഹത്തെ സമീപിച്ച മഹാന്മാരായ ചില പണ്ഡിത കേസരികളോട് "നിങ്ങൾ എന്റെ അടിമയുടെ അടിമകളാണ്" എന്ന് പറയുകയുണ്ടായി. പണ്ഡിതർ നീരസം പ്രകടിപ്പിച്ചു. ശൈഖ് ഇസ്മാഈൽ ഹള്റമിയോട് വിവരം പറയുകയുണ്ടായി. അദ്ദേഹം പറഞ്ഞു അത് ശരിയാണ്. നിങ്ങളെല്ലാം ദേഹേഛയുടെ അടിമകളാണ്. ദേഹേഛ അദ്ദേഹത്തിന്റെ അടിമയും. ഇത്തരം അസംഖ്യം സംഭവങ്ങൾ ചരിത്രത്തിൽ ദൃശ്യമത്രെ.

ആറാമത്തെ അഭിപ്രായം : അല്ലാഹുവിന്റെ ഖലീഫയെന്ന നിലയിൽ അവന്റെ പ്രതിനിധിയായി കൈകാര്യം ചെയ്യാൻ സമ്മതം നൽകപ്പെട്ടിരിക്കുന്നുവെന്ന സൂചനയായിരിക്കും മഹാന്മാരായ ഔലിയാക്കൾ പ്രസ്താവിക്കുന്ന അത്തരം വാക്കുകൾ.

ഏഴാമത്തെ അഭിപ്രായം: അവരെ മനസ്സിലാക്കാൻ ഉദ്ദേശിച്ചതായിരിക്കും.മലാമിതികൾ എന്ന പ്രത്യേക വിഭാഗം തരീഖത്തുകാരുടെ സ്വഭാവമാണിത്. ചിലർ അവരോട് ജനങ്ങൾ നീരസം കാണിക്കുകയും വിഷമിപ്പിക്കാതിരിക്കുകയും ചെയ്യാനായി പ്രഥമ ദൃഷ്ടിയിൽ കുറ്റകരമായ കാര്യം വരെ ചെയ്യാറുണ്ടായിരുന്നു. മഹാനായ ഇബ്റാഹീമുൽ ഖവ്വാസ് (റ) രാജാവിന്റെ പുത്രന്റെ തുണി കുളിപ്പുരയിൽ നിന്ന് എടുത്ത് ധരിച്ച് നടക്കുകയുണ്ടായി. മോഷ്ടിച്ചതാണെന്ന് കരുതി ജനങ്ങൾ ബന്ധപ്പെടാതിരിക്കാനായിരുന്നു പ്രസ്തുത അടവ്. ബാഹികമായി കുറ്റകരമായ ചില സംഗതികൾ ചില മജ്ദൂബിങ്ങളായ മഹാന്മാർ ചെയ്തിട്ടുള്ളത് ഈ ഇനത്തിൽ ഗ്രഹിക്കാവുന്നതത്രെ.

ചുരുക്കത്തിൽ ഔലിയാക്കൾ ഓരോ സമയത്തും പറയാറുള്ള അവ്യക്തമായ വചനങ്ങൾക്ക് അർഹമായ അർത്ഥം ചാർത്തുകയല്ലാതെ അവരുടെ സ്ഥാനത്തെ ചോദ്യം ചെയ്യുന്നതും ആക്ഷേപിച്ച് മതത്തിൽ നിന്ന്

പുറത്ത് നിർത്തുന്നതും ധിക്കാരവും അജ്ഞതയുമത്രെ. ശ്രീ നാരായണന്റെ 'അദ്വൈത' വാദവുമായി യാതൊരു ബന്ധവും പ്രസ്തുത മഹാന്മാരുടെ വചനങ്ങൾക്കില്ല. അവരെല്ലാം അല്ലാഹുവിന്റെ ആസ്തിക്യത്തിലും പരിശുദ്ധിയിലും വിശ്വസിക്കുന്നരത്രെ. അവരുടെ പുണ്യം കൊണ്ട് നമുക്കും പ്രസ്തുത മാർഗ്ഗം സുഗമമാക്കി മഹാന്മാരായ ഔലിയാക്കളുടെയും സൂഫികളുടെയും ലിസ്റ്റിൽ ഉൾപ്പെടുത്തുമാറാകട്ടെ ! ആമീൻ !!

*(അൽഹുദാ - 1988 വാർഷികപ്പതിപ്പ്.)*

# വിശുദ്ധ ഖുർആൻ

# വ്യാഖ്യാനവും വ്യാഖ്യാതാക്കളും

വിശുദ്ധ ഖുർആൻ ലോക സ്രഷ്ടാവിന്റെ വചനമാണ്. അതൊരു പുസ്തകമായി ഒന്നിച്ചു അവതരിപ്പിക്കുകയോ ലിഖിതം ചെയ്യുകയോ ചെയ്തതല്ല. മറിച്ച് ഇരുപത്തി മൂന്ന് വർഷങ്ങൾക്കിടയിൽ ഘട്ടംഘട്ടമായി ഓരോ സന്ദർഭത്തിനനുസരണം റസൂൽ (സ)ക്ക് ഹ:ജിബ്രീൽ (അ) മുഖേന അവതരിപ്പിച്ചതാണ്. അതിന്റെ ക്രമീകരണവും വർഷംതോറും ജിബ്രീൽ(അ) മുഖേന റസൂൽ(സ)ഓതി ഉറപ്പിച്ചതാണ്. സന്ദർഭത്തിനനുസരണം എന്നു പറയുമ്പോൾ തന്നെ ഓരോ പദത്തിനും വാചകത്തിനും സാന്ദർഭികാർത്ഥം ഗ്രഹിക്കുകയും അതിന്റെ വൈശദ്യം മനസ്സിരുത്തുകയും ചെയ്യേണ്ടതാവശ്യമായിത്തീരുന്നു. പ്രസ്തുത വൈശദ്യത്തെ കുറിച്ചാണ് തഫ്സീർ എന്ന് പറയുന്നത്.

മഹാനായ ഇസ്ബഹാനി പറയുന്നു: "തഫ്സീർ എന്നാൽ പണ്ഡിതോപയോഗത്തിൽ ഖുർആനിന്റെ അർത്ഥം വ്യക്തമായി അറിയലും അതിന്റെ ഉദ്ദേശം വിശദമാക്കലുമത്രെ".(ഇത്ഖാൻ 2-173). പ്രസ്തുത വിശദം ആരിൽ നിന്ന് ഗ്രഹിക്കണമെന്നകാര്യം വിശുദ്ധ ഖുർആൻ തന്നെ വ്യക്തമാക്കുകയും ചെയ്തിട്ടുണ്ട്.സൂറ: നഹ്ലിൽ പറയുന്നു: 'ഖുർആൻ താങ്കൾക്ക് അവതരിപ്പിച്ചത് ജനങ്ങൾക്കായി അവതരിപ്പിക്കപ്പെട്ടതിനെ താങ്കൾക്ക് അവർക്ക് വിശദീകരിച്ചുകൊടുക്കാനത്രെ'.(16-44) ജനങ്ങൾക്ക് അവതരിപ്പിക്കപ്പെട്ടതിനെ എന്ന് പറയുന്നേടത്ത് 'നുസ്സില' എന്ന് പദം

ഉപയോഗിക്കുക വഴി ഒന്നിച്ചല്ലാതെ അവതരിപ്പിച്ചു എന്ന സൂചന പ്രത്യേകം നൽകുക വഴി ഉദ്ദേശ്യ ഗ്രാഹ്യത്തിന് അല്ലാഹു പ്രത്യേകം പ്രാധാന്യം നൽകിയതായി കാണാം. സന്ദർഭത്തിനനുസൃതം അവിടുന്ന് ഓതി കേൾപ്പിക്കുകയും വിശദീകരിക്കുകയും ചെയ്തുവെന്ന് പ്രസ്തുത വാചകം തന്നെ ദ്യോതിപ്പിക്കുന്നു. അവ സ്വഹാബികൾ ഗ്രഹിക്കുകയും മന:പാഠമാക്കുകയുമുണ്ടായി.

തഫ്സീർ, തഅ്വീൽ എന്നിവയെക്കുറിച്ചും ഒരു പൊതു ധാരണ ആവശ്യമാണ്. രണ്ടും ചില സ്ഥലങ്ങളിൽ ഒരേ നിലക്ക് ഉപയോഗിച്ച് കാണാമെങ്കിലും രണ്ടിനും രണ്ട് വിവക്ഷ സാങ്കേതികമായി മുൻഗാമികൾ രേഖപ്പെടുത്തിയത് കാണാം. മഹാനായ സുലൈമാൻ അൽജമൽ രേഖപ്പെടുത്തിയതിപ്രകാരമാണ്. 'തഫ്സീർ എന്നാൽ റസൂൽ (സ)വഴി ഉദ്ധരിക്കപ്പെട്ടത് കൊണ്ടല്ലാതെ ലഭിക്കാൻ കഴിയാത്തതാണ്. അവതരണ കാരണം മുതലായവ അതിന് ഉദാഹരണമത്രെ. തഅ്വീൽ എന്നാൽ അറബി നിയമമനുസരിച്ച് ഗ്രഹിക്കാൻ സാധിക്കുന്നതുമത്രെ. അത് കൂടുതൽ ഗവേഷണവുമായി ബന്ധപ്പെട്ടതുമാണ്. നിശ്ചിത നിബന്ധനയനുസരിച്ച് തഅ്വീൽ അനുവദനീയമാണെങ്കിലും തഫ്സീർ പാടില്ലെന്നും പറയാനുള്ള രഹസ്യം തഫ്സീർ, ഇന്ന പദം കൊണ്ടുദ്ദേശം ഇന്നതാണെന്ന് അല്ലാഹുവിന്റെമേൽ ഖണ്ഡിതമായി സാക്ഷ്യം വഹിക്കുന്നത് പോലെയാണ്. അത് അല്ലാഹുവിൽ നിന്നും റസൂൽ (സ)യിൽ നിന്നും നേരിൽ ഗ്രഹിക്കാതെ പാടുള്ളതല്ല.(ഫുതൂഹാത്തുൽ ഇലാഹിയ്യ 1-2) അത് കൊണ്ടത്രെ ഖുർആന് ആരെങ്കിലും സ്വാഭിപ്രായപ്രകാരം തഫ്സീർ പറഞ്ഞാൽ അവൻ നരകത്തിൽ ഇരിപ്പിടം ഉറപ്പിക്കട്ടെ എന്ന് റസൂൽ(അ) പ്രസ്താവിച്ചതായി കാണാം.(തുർമുദി, നസാഈ, അബൂദാവൂദ്)

ഖുർആൻ വ്യാഖ്യാനം ലഭിക്കുന്നതിനുള്ള നാല് പ്രധാന അടിസ്ഥാനങ്ങൾ ഇമാം സുയൂഥി രേഖപ്പെടുത്തിയിട്ടുണ്ട്. (1) റസൂൽ(സ)യിൽ നിന്ന് നേരെ ലഭിക്കുന്ന തഫ്സീറുകളാണ്. (2) സ്വഹാബികളുടെ വാക്കുകൾ സ്വീകരിക്കലാണ്. അത് റസൂൽ (സ)യിൽനിന്ന് നേരിൽ ലഭിക്കുന്നതിന് തുല്യമത്രെ എന്നിപ്രകാരം ഹാകിം മുസ്തദ്റകയിൽ രേഖപ്പെടുത്തിയി

ട്ടുണ്ട്. (3) ശരിയായ അറബി ഭാഷാ ഉപയോഗമാണ്. വിശുദ്ധ ഖുർആൻ അറബിയിലവതരിപ്പിച്ച ഗ്രന്ഥമാണെന്നത്കൊണ്ട് ഭാഷാർത്ഥം കൂടാതെ അത് ഗ്രഹിക്കാൻ സാധ്യമല്ലാത്തതാണ് കാരണം. (4) ശർഇന്റെ പിൻബലത്തോടെ വാചകാർത്ഥത്തിൽ നിന്ന് പിടിച്ചെടുക്കുന്ന വ്യാഖ്യാനമാണ്.

അതിനുവേണ്ടിയാണ് റസൂൽ (സ) മഹാനായ അബ്ദുല്ലാഹിബ്നു അബ്ബാസ്(റ)നായി പ്രാർത്ഥിച്ചത്. ' അല്ലാഹുവേ! നീ അദ്ദേഹത്തെ ദീനിൽ വിജ്ഞാനിയാക്കുകയും ഖുർആൻ വ്യാഖ്യാനം പഠിപ്പിക്കുകയും ചെയ്യണമേ അവിടുന്ന് പ്രാർത്ഥിക്കുകയുണ്ടായി'. (ഇത്ഖാൻ-2-179) ചുരുക്കത്തിൽ റസൂൽ(സ)യിൽനിന്ന് സ്വഹാബികൾ വഴി ലഭിച്ച, അവതരണ കാരണം, ദുർബലമായതും ദുർബലമാക്കിയതും മുതലായ വിജ്ഞാനവും സാക്ഷാൽ സാഹിത്യ ഭാഷാ വിജ്ഞാനവും കൂടാതെ ഖുർആൻ വ്യാഖ്യാനത്തിന് യാതൊരു വിലയും ഉണ്ടായിരിക്കുന്നതല്ലെന്ന് വ്യക്തം. അത്കൊണ്ടത്രെ ഖുർആനിന്റെ തഫ്സീറിനു മുതിരുന്നവർ പതിനഞ്ചു വിജ്ഞാന ശാഖകൾ സമ്പൂർണ്ണമായവർ ആയിരിക്കണമെന്ന് മഹാൻമാർ രേഖപ്പെടുത്താൻ കാരണം. അവ താഴെ വിവരിക്കാം.

(1) അറബി പദങ്ങളുടെ മുഴുവൻ ഭാഷാർത്ഥം ഗ്രഹിച്ചിരിക്കേണ്ടതുണ്ട്. അതിൽ കുറെ ഭാഗം മാത്രം അറിഞ്ഞതുകൊണ്ട് പ്രയോജനമില്ലെന്ന് ഇമാം സുയൂഥി രേഖപ്പെടുത്തുന്നു. കാരണം ചില പദങ്ങൾ ഒന്നിലധികം അർത്ഥത്തിന് ഉപയോഗിച്ചതായി കാണാം. അദ്ദേഹം ഒന്ന് അറിയുകയും ഉദ്ദേശം മറ്റൊന്ന് ആയിരിക്കുകയും ചെയ്യാം. (ഇത്ഖാൻ 2-181).(2) വ്യാകരണ ശാസ്ത്രം. (3) പദോൽപത്തി ശാസ്ത്രം. (4) ശബ്ദ വ്യുൽപത്തി ശാസ്ത്രം. (5-6-7) മആനി, ബയാൻ, ബദീഅ് (സാഹിത്യ ശാസ്ത്രം, ചാതുര്യഭാഷണ ശാസ്ത്രം, അലങ്കാര ശാസ്ത്രം) (8) ഖിറാഅത്തിന്റെ വിജ്ഞാനം. (9) ഉസൂലുദ്ദീൻ (വിശ്വാസ കാര്യങ്ങളുടെ അടിസ്ഥാന രേഖ) (10) ഉസൂലുൽ ഫിഖ്ഹ് (കർമശാസ്ത്രങ്ങളുടെ അടിസ്ഥാന രേഖ) (11) അവതരണ കാരണം (12) ദുർബലമായതും ദുർബലപ്പെടുത്തിയതും. (13) കർമശാസ്ത്രം. (14) മൊത്തമായതിനെയും അവ്യക്തമായതിനെയും വിശദീകരിക്കുന്ന ഹദീസുകൾ. (15) ഇൽമുൽ മൗഹിബ. (സൂക്ഷ്മമായും വിജ്ഞാനമനുസരിച്ചു അമലുകൾ വഴി അല്ലാഹു പാരിതോഷികമായി

നൽകുന്ന വിജ്ഞാനം).

"അറിഞ്ഞതനുസരിച്ചു ആരെങ്കിലും അമൽ ചെയ്താൽ അവന് അറിയാത്തതിനെ അല്ലാഹു അനന്തമായി നൽകും" എന്ന ഹദീസ് വിരൽ ചൂണ്ടുന്നത് അതിലേക്കാണ് എന്ന് മഹാനായ ഇബ്നു അബീദുൻയാ പറയുന്നു. ഉപരിസൂചിത വിജ്ഞാനങ്ങൾ ഖുർആൻ വ്യാഖ്യാതാവിന് ആയുധങ്ങൾ പോലെയാണ്. അവ കരസ്ഥമാക്കാതെ ഒരാളും മുഫസ്സിറാവുകയില്ല. അവയെ കൂടാതെ ആരെങ്കിലും ഖുർആൻ വ്യാഖ്യാനിക്കാൻ മുതിർന്നാൽ ഹദീസിൽ വിരോധിക്കപ്പെട്ട സ്വാഭിപ്രായ പ്രകാരം ഖുർആൻ വ്യാഖ്യാനിക്കുന്നവരിൽ അവൻ ഉൾപ്പെടുന്നതാണ്. അവ മുഴുവൻ കരസ്ഥമാക്കിയാൽ അവൻ പ്രസ്തുത ഇനത്തിൽ പെടുകയില്ല. (ഇത്ഖാൻ 2–182),

എന്നാൽ പ്രസ്തുത പതിനഞ്ചിനങ്ങളിൽ അതിപ്രധാനം അവസാനം പറഞ്ഞ ഇൽമുൽ മൗഹിബത്ത് ആണെന്നും അത് കരസ്ഥമാകണമെങ്കിൽ അതിന് അർഹമാകുന്ന അമലും സുഹ്ദും (പ്രപഞ്ച ത്യാകവും) ആവശ്യമാണെന്ന കാര്യം സുവ്യക്തമത്രെ. അത് കൊണ്ടത്രെ ഇമാം സർകശി അൽ ബുർഹാനിൽ ഇപ്രകാരം രേഖപ്പെടുത്തിയത്. ' വഹ്യിന്റെ അർത്ഥം മനസ്സിലാക്കാനോ അതിന്റെ രഹസ്യങ്ങൾ പ്രകടമായി അറിയാനോ ഹൃദയത്തിൽ ബിദ്അത്ത്, അഹംഭാവം, ദേഹേച്ഛ, ഭൗതീക പ്രേമം, പാപങ്ങളിൽ സ്ഥിരമായി നിൽക്കൽ, വിശ്വാസത്തിൽ ദാർഢ്യക്കുറവ്, അടിയുറപ്പിന്റെ ബലഹീനത, പ്രസ്തുത വിജ്ഞാനങ്ങൾ സംഭരിക്കാതെയോ ബുദ്ധിയെ ആധാരമാക്കിയോ വ്യാഖ്യാനിച്ചവരുടെ വാക്കുകൾ ആസ്പദമാക്കുക മുതലായവ ഉള്ള ആളുകൾക്ക് സാധ്യമല്ല. അവമുഴുവനും വ്യാഖ്യാനത്തിന് മറയും തടസ്സവുമാണ്. ചിലത് മറ്റ് ചിലതിനെക്കാൾ ബലമായിക്കുമെന്ന് മാത്രം. (IBID-182)

ഇത്രയും പ്രസ്താവിച്ചതിൽനിന്ന് ആധുനിക വ്യാഖ്യാനങ്ങളിൽ പലതും ഏത് ഇനത്തിൽ ഉൾപ്പെടുന്നുവെന്ന് വായനക്കാർക്ക് വ്യക്തമാണല്ലോ. സയ്യിദ് ഖുത്ബ്, മൗദൂദി സാഹിബ് മുതലായവരുടെ വ്യഖ്യാനങ്ങളുടെ നിജസ്ഥിതിയും ഇതിൽ നിന്ന് വ്യക്തമത്രെ.

നരകാവകാശികളായി ഹദീസിൽ വന്ന സ്വാഭിപ്രായ തഫ്സീറിന്റെ വകഭേദങ്ങൾ അഞ്ചു വിധമായി മഹാനായ ഇബ്നു നഖീബ് വിശദമാക്കിയിട്ടുണ്ട്. (1) മേൽ പറഞ്ഞ പതിനഞ്ചു വിജ്ഞാനങ്ങൾ കരസ്ഥമാക്കാതെ വ്യാഖ്യാനിക്കുക. (2) അല്ലാഹു അല്ലാതെ അറിയുകയില്ലെന്ന് വന്ന മുതശാഹിബ് (സന്ദേഹാസ്പദമായവ) ബുദ്ധി ഉപയോഗിച്ചു വ്യാഖ്യാനിക്കുക. (3) ദുഷിച്ച മദ്ഹബുകൾ സ്ഥിരപ്പെടുത്താനായി അവക്കൊപ്പിച്ചു വ്യാഖ്യാനിക്കുക. അതായത് തഫ്സീർ മദ്ഹബിനോടനുകരിക്കുന്ന വിധമാക്കിത്തീർക്കുക. (4) തെളിവില്ലാതെ അതാണ് അല്ലാഹുവിന്റെ ഉദ്ദേശമെന്ന് ഖണ്ഡിതമായി പറയുക. (5) ദേഹേഛക്കനുസൃതം നല്ലതല്ലെന്ന് തോന്നുന്ന വ്യാഖ്യാനം. എന്നിവ ഹദീസിന്റെ വരുതിയിൽപെട്ടതത്രെ. (IBID-2-183)

പൂർവ്വ മുഫസ്സിറുകളിലും അപ്രകാരമുള്ളവരെ സൂക്ഷിക്കേണ്ടതുണ്ട്. അവരുടെ വളഞ്ഞ മാർഗം കുത്തിത്തിരുകാൻ ശ്രമിച്ചവരെ ഉദാഹരണത്തിനായി ഇമാം സുയൂഥിയെ പോലുള്ളവർ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഇബ്നു കൈസാൻ, ജുബ്ബാഈ, അബ്ദുൽ ജബ്ബാർ, റുമ്മാനി, സമക്ശരി മുതലായ മുഅ്തസിലുകളെ പ്രസ്തുത ഇനത്തിൽ രേഖപ്പെടുത്തി കാണാം.(IBID- 2-179)

മുഫസ്സിറുകളുടെ പഠനം സുദീർഘമത്രെ. ഹിജ്റാബ്ദം 945ൽ പരലോകം പ്രാപിച്ച 'ഹാഫിള് ശംസുദ്ദീൻ മുഹമ്മദ് ഇബ്നു അലി ഇബ്നു അഹ്മദ് അൽ ദാവൂദി' എന്ന മഹാൻ അക്ഷര ക്രമത്തിൽ രണ്ട് വാല്യങ്ങളായി തയാറാക്കിയ ഗ്രന്ഥത്തിൽ അന്നേ വരെ അദ്ദേഹത്തിന് ലഭിച്ച വിവരമനുസരിച്ചു 704 മുഫസ്സിറുകളുടെ ചരിത്രം രേഖപ്പെടുത്തിക്കാണാം. ഹിജ്റ 141ൽ പരലോകം പ്രാപിച്ച ശീഈ ആദർശക്കാരനായ 'അബാനുബ്നു തഗ്‌ലിബ്' എന്ന ആളെ കൊണ്ടു ആരംഭിച്ചു, 'യൂനുസ് ഇബ്നു മുഹമ്മദിബ്നു ഇബ്രാഹിം അൽ വഫ്റാവന്തി'യിൽ അവസാനിക്കുന്നതായിരുന്നു പ്രസ്തുത പരമ്പര.

സ്വഹാബികളിൽ ഖുലഫാഉറാശിദുകൾക്ക് പുറമെ അബ്ദുല്ലാഹിബ്നു മസ്ഊദ്, അബ്ദില്ലാഹിബ്നു അബ്ബാസ്, ഉബയ്യുബ്നു കഅ്ബ്,

സൈദുബ്നു സാബിത്, അബൂമൂസൽ അശ്അരി, അബ്ദുല്ലാഹിബ്നു സുബൈർ എന്നീ പ്രസിദ്ധ സ്വഹാബികൾ മുഫസ്സിറുകളുടെ പരമ്പരയിൽ പ്രധാനികളാണ്.

ഖുലഫാഉർറാശിദുകളിൽ വളരെ പ്രസിദ്ധിയാർജ്ജിച്ചിരുന്നത് നാലാം ഖലീഫ ഹ: അലിയായിരുന്നു. അബുത്തുഫൈൽ ഇപ്രകാരം പറഞ്ഞതായി മഅ്മറിന്റെ റിപ്പോർട്ടിൽ ഇങ്ങിനെ കാണാം. " ഹ: അലി (റ) പ്രസംഗിക്കവെ ഇപ്രകാരം പറഞ്ഞതിന് ഞാൻ സാക്ഷിയാണ്". "നിങ്ങൾ ചോദിക്കൂ! അല്ലാഹുവിൽ സത്യം, നിങ്ങൾ ചോദിക്കുന്നതിനൊന്നും ഞാൻ മറുപടി നൽകാതിരിക്കില്ല. അല്ലാഹുവിന്റെ കിതാബിനെക്കുറിച്ചു നിങ്ങൾചോദിക്കൂ. എന്തെങ്കിലും ഒരു ആയത്ത് രാത്രിയിൽ അവതരിച്ചതോ അല്ല പകലിലോ പർവ്വതത്തിൽ വെച്ചോ സമനിരപ്പിൽ വെച്ചോ എന്നീ വിശദം ഞാൻ അറിയാതെയില്ല." (ഇത്ഖാൻ 2-187)

ഹ: അബ്ദുല്ലാഹിബ്നു അബ്ബാസ് 'തർജുമാനുൽ ഖുർആൻ' (ഖുർആൻ വ്യാഖ്യാതാവ്) എന്ന സ്ഥാനപ്പേര് നൽകപ്പെട്ട ആളാണ്. ' ഖുർആൻ വ്യാഖ്യാനം അദ്ദേഹത്തിന് നൽകണേ! എന്ന് റസൂൽ(സ) പ്രാർത്ഥിച്ചിരുന്നതാണ് അതിന് കാരണം. മുജാഹിദിന്റെ റിപ്പോർട്ട് പ്രകാരം അദ്ദേഹം തന്നെ ഇപ്രകാരം പ്രസ്താവിച്ചതായി കാണാം. (ഖുർആൻ വ്യാഖ്യാതാക്കളിൽ നീ എത്ര മെച്ചം!) ഈ സമുദായത്തിലെ ഹബ്ർ (മഹാ പണ്ഡിതൻ) എന്ന സ്ഥാനപ്പേരും ആ മഹാന്റെ മുദ്രയായിരുന്നു.

താബിഉകളിൽ മികച്ചു നിൽക്കുന്ന മുഫസ്സിറുകൾ മുജാഹിദ് അത്വാഉബ്നുറബാഹ്, ഇബ്നു അബ്ബാസിന്റെ സ്വതന്ത്ര അടിമ ഇക്രിമ, സഈദുബ്നു ജുബൈർ ത്വാഊസ് മുതലായവരായിരുന്നു. ഇവർ മക്കയുമായി ബന്ധപ്പെട്ടവരും ഹ: ഇബ്നു അബ്ബാസിന്റെ ശിഷ്യന്മാരുമത്രെ. മദീനയിൽ ഇമാം മാലിക്, അബ്ദുർറഹ്മാൻ ഇബ്നു സൈദ് എന്നിവരുടെ ഗുരുവര്യനും അബ്ദുല്ലാഹിബ്നു മസ്ഊദിന്റെ ശിഷ്യനുമായിരുന്ന സൈദ്ബ്നു അസ്‌ലമിനെ പോലുള്ള മഹാൻമാരായിരുന്നു. അദ്ദേഹത്തിന്റെ ശിഷ്യഗണങ്ങൾ തന്നെയാണ് കൂഫയിലും പ്രസിദ്ധരായവർ.

ഹ:ഇബ്നു അബ്ബാസിന്റെ ശിഷ്യഗണങ്ങളിൽ ഏറ്റവും മികച്ചു നിൽക്കു

ന്നത് മുജാഹിദായിരുന്നു. ഇമാം നവവി(റ) ഇപ്രകാരം പറയുമായിരുന്നു. മുജാഹിദിൽ നിന്ന് വല്ല തഫ്സീറും ലഭിച്ചാൽ നീ അത് മുറുകെ പിടിച്ചോളോ (IBID- 2-190) മഹാനായ ഹസൻ ബസരി, അഥാഉബ്നു അബീ സലമ, മുഹമ്മദ്ബ്നു കഅബ്, അബുൽ ആലിയ, ളഹാക്, അഥിയത്തുൽ ഔഫി, ഖതാദത്, മുർറത്തുൽ ഹമദാനി, അബൂമാലിക് എന്നിവരും താബിഉകളിൽ പ്രധാന മുഫസ്സിറുകളത്രെ. റബീഉബ്നു അനസ് അബ്ദുൽ റഹ്മാനുബ്നു സൈദ് എന്നിവർ അവരുടെ പിൻതലമുറക്കാരാണ്. ഈ പരമ്പരയിലുള്ളവരെല്ലാം സ്വഹാബികളിൽ നിന്ന് നേരിട്ടു പഠിച്ചു റിപ്പോർട്ട് ചെയ്തവരത്രെ.

അവർക്ക് ശേഷം സ്വഹാബികളുടെയും താബിഉകളുടെയും വ്യാഖ്യാനങ്ങൾ ഉൾക്കൊള്ളുന്ന തഫ്സീർ ഗ്രന്ഥങ്ങൾ നിർമിതമവാൻ തുടങ്ങി. സുഫ്യാനുബ്നു ഉയൈന, വകീഉബ്നുൽ ജറാഹ്, ശുഅ്ബതുബ്നുൽ ഹജ്ജാജ്, യസീദുബ്നുൽ ഹാറൂൻ, അബ്ദുറസാഖ്, ആദം ഇബ്നു അബീഇയാസ്, ഇസ്ഹാഖ്ബ്നു റൂഹ്ബ്നു ഉബാദ്, അബ്ദുബ്നു ഹമീദ്, സഈദ് അബൂബക്കർ, ഇബ്നു അബീശൈബ മുതലായവർ പ്രസ്തുത ഇനത്തിൽ രേഖപ്പെട്ട ലിസ്റ്റിൽപെടുന്നു. അവർക്ക് ശേഷമാണ് അത്യുന്നത നിലവാരം പുലർത്തുന്ന 'ഇബ്നുജരീർ അൽ തബ്രിയുടെ പ്രസിദ്ധ തഫ്സീർ' വിരചിതമായത്. അനന്തരം ഇബ്നുമാജ, ഇബ്നു അബീഹാതം, ഹാകിം, ഇബ്നു മുർദൈവൈഹി, അബൂശൈഖ് ഇബ്നു ഹിബ്ബാൻ, ഇബ്നുൽ മുൻദിർ മുതലായവരുടെ തഫ്സീർ ഗ്രന്ഥം വിരചിതമായത്.

അവയിലെല്ലാം സ്വഹാബത്തിൽ നിന്നും താബിഉകളിൽ നിന്നും അവരുടെ അനുചരിൽ ലഭിച്ച വാചകങ്ങൾ മാത്രമാണ് ഉൾക്കൊള്ളിച്ചിരുന്നത്. അവരിൽ ഇബ്നു ജരീർ മാത്രമാണ് വാക്കുകൾക്ക് ന്യായീകരണവും മുൻഗണനാർഹമായത് രേഖപ്പെടുത്തലും മറ്റും നടത്തിയത്. അതിന് ശേഷം ഓരോ ചിന്താഗതിക്കാരും അവരുടെ നൈപുണ്യ വിഷയത്തിന് പ്രധാനം നൽകുന്ന വിധമാണ് തഫ്സീർ ഗ്രന്ഥങ്ങൾ പ്രകാശിതമാക്കിവന്നതെന്ന് ഇമാം സുയൂഥി രേഖപ്പെടുത്തി കാണാം. എന്നാൽ ഇമാം റാസിയെപ്പോലുള്ളവർ വളരെ വിശദമായ ചർച്ചയാണ് നടത്തി കാണു

ന്നത്.

ചുരുക്കത്തിൽ തഫ്സീറുകൾ എഴുതുന്നതും അത് വായിച്ചു ഉൾക്കൊള്ളുന്നതും വളരെ സൂക്ഷ്മത പാലിക്കേണ്ട കാര്യമാണ്. 'ഖുർആൻ സ്വാഭിപ്രായ പ്രകാരം ആരെങ്കിലും വ്യാഖ്യാനിച്ചാൽ നരകത്തിൽ പാർപ്പിടം സ്വീകരിച്ചു കൊള്ളട്ടെ.' എന്ന ഹദീസിന്റെ വ്യാപ്തി ഭയാനകരമാണ്. ചിലർ അവരുടെ ബുദ്ധിക്ക് നിരക്കാത്തതിന്റെ പേരിൽ ആധികാരിക മുഫസ്സിറുകളും റിപ്പോർട്ടുകളും മറ്റും ഇസ്രാഈലി റിപ്പോർട്ടെന്ന് മുദ്രകുത്തി ദുരഭിപ്രായം പറയാറുണ്ട്. റിപ്പോർട്ടുകൾ അവരുടെ റിപ്പോർട്ടർമാരുടെ ബലാബലം വഴി മാത്രം സ്വീകരിക്കേണ്ടതാണ്. വിശ്വസ്തരുടെ റിപ്പോർട്ടുകൾ വഴി രേഖപ്പെട്ട കാര്യം യുക്തിയുടെ മുശയിലിട്ടു തള്ളുന്നത് ക്രൂരതയാണ്. അതിനെ സൂക്ഷ്മതയോടെ കയ്യാളി വ്യാഖ്യാനിക്കയാണ് ബുദ്ധിപൂർവ്വം. ഗറാനീത്തിന്റെ ഹദീസ് മുതലായവ അതിനുദാഹരണമത്രെ. റിപ്പോർട്ട് ശരിയല്ലെങ്കിൽ ആ അടിസ്ഥാനത്തിൽ തള്ളണം. ശരിയായ പരമ്പര രേഖപ്പെട്ടിട്ടുണ്ടെങ്കിൽ അനുയോജ്യമായ വ്യാഖ്യാനം നൽകണം. അതെല്ലാം മിക്കവാറും പൂർവ്വികന്മാരായ മഹത്തുക്കൾ ചെയ്തുകഴിഞ്ഞിട്ടുണ്ട്. സത്യം സത്യമായി ഗ്രഹിച്ചു അതിനെ പിൻപറ്റാൻ ലോകനാഥൻ മുസ്‌ലിം സമുദായത്തെ അനുഗ്രഹിക്കട്ടെയെന്ന് നമുക്ക് പ്രാർത്ഥിക്കാം.

*(രിസാല-1996)*

# പ്രബോധനം പണ്ഡിതരുടെ ബാധ്യത

മാനവ സമൂഹത്തെ ലോകനാഥൻ സൃഷ്ടിച്ചപ്പോൾ തന്നെ സത്യാസത്യ വിവേചന ബുദ്ധി നൽകുകയും അതുപയോഗപ്പെടുത്തി സത്യമാർഗ്ഗം അവലംബിക്കാനുള്ള മാർഗ്ഗം തെളിയിക്കുകയും ചെയ്തിരുന്നു. അത്കൊണ്ടത്രെ ആദിമ മനുഷ്യനും ആദ്യ പിതാവുമായ ഹ: ആദം (അ)യെ ആദ്യപ്രവാചകനായും അല്ലാഹു നിയോഗിച്ചത്. സ്രഷ്ടാവിന്റെ നിയമം നടപ്പിലാക്കാനുള്ള പ്രചോദനമാണ് പ്രവാചകന്മാർ നൽകിയത്. അതിനെയാണ് നാം പ്രബോധനം എന്ന് വിശേഷിപ്പിക്കുന്നതും. പ്രസ്തുത കർത്തവ്യ നിർവ്വഹണത്തിനായി പ്രവാചന്മാരെ മാതൃകായോഗ്യരും പാപസുരക്ഷിതരുമായി അല്ലാഹു സൃഷ്ടിച്ചു. അതുവഴി അവരുടെ കർത്തവ്യ ബോധവും, അവരെ അനുസരിക്കാനുള്ള സഹജനങ്ങളുടെ അനുസരണാബോധവും അല്ലാഹു ഊട്ടിയുറപ്പിക്കുകയായിരുന്നു.

സത്യമാർഗ്ഗമവലംബിച്ച മുഴുവൻ സത്യവിശ്വാസികളെല്ലാം പ്രവാചകലബ്ധിക്ക് മുമ്പായാലും ശേഷമായാലും-ചെറുതും വലുതുമായ എല്ലാ പാപങ്ങളിൽനിന്നും സുരക്ഷിതരായിരുന്നു എന്ന് വിശ്വസിച്ചു പോരാൻ കാരണമതാണ്. മാർഗ്ഗഭ്രംശം വന്ന ജൂത ക്രിസ്ത്രീയ ലോബികളും ഇസ്ലാമിന്റെ നാമത്തിനപമാനമായ മുബ്തദിഉകളും അതിനപവാദമത്രെ. അഹ്ലുസ്സുന്നത്തിവൽജമാഅത്ത് എന്ന യഥാർത്ഥ ഇസ്ലാമിക സരണിയിൽ അടിയുറച്ചവരെല്ലാം പ്രവാചകൻമാരെക്കുറിച്ച് പാപ സുരക്ഷിതരെന്ന് വിശ്വസിച്ച് പോരുന്നു. വിശ്വസ്തരും പരിശുദ്ധാത്മാക്കളു

മായ പ്രവാചകൻമാർ അതാത് കാലത്ത് അവർ നിയോഗിക്കപ്പെട്ട ജനതയെ പ്രബോധന മാർഗ്ഗത്തിൽ കൂടി സത്യസരണിയിലേക്കാനയിക്കുകയും ശുദ്ധീകരിച്ചു രക്ഷിതാവിന്റെ ആരാധനക്കും അവന്റെ തൃപ്തിക്കും പ്രാപ്തരാക്കുകയുമുണ്ടായി.

എന്നാൽ മുഴുവൻ പ്രവാചകൻമാരുടെയും ദൗത്യലക്ഷ്യം സമ്പൂർണ്ണമാക്കിക്കൊണ്ട് സാർവ്വലൗകികവും സാർവ്വജനീനവുമായ പദ്ധതിയുമായിട്ടാണ് അന്ത്യപ്രവാചകരായ മുഹമ്മദ് (സ) നിയുക്തരായത്. ദേശ-വർണ്ണ ഭാഷാ വ്യത്യാസമില്ലാതെ മനുഷ്യരാശിക്കാകമാനമുള്ള ദൗത്യവുമായിട്ടാണ് തിരുദൂതർ പ്രബോധനം നടത്തിയത്. പ്രസ്തുത പ്രബോധനം അവിടുന്ന് പൂർത്തീകരിച്ചുവെന്ന് മുദ്രണം ചെയ്തുകൊണ്ടു ലോകരക്ഷിതാവുതന്നെ വിശുദ്ധ ഖുർആനിൽ പ്രഖ്യാപിക്കുകയുണ്ടായി: " ഈ ദിനത്തിൽ നിങ്ങൾക്ക് നിങ്ങളുടെ മതം പൂർണ്ണമാക്കിതന്നു. എന്റെ അനുഗ്രഹം നിങ്ങൾ സമ്പൂർണ്ണമാക്കുകയും ഇസ്‌ലാമിനെ ദീനായി നിങ്ങൾക്ക് തൃപ്തിപ്പെടുകയും ചെയ്തു" (സൂറ:മാഇദ:) പ്രവാചകത്വത്തിന് സമാപനം കുറിച്ചുകൊണ്ട് തിരുനബി വിശുദ്ധ ഖുർആൻ പ്രബോധനം ചെയ്തു. പൂർത്തീകരിച്ചതിനാൽ ഇനി ഒരു പ്രവാചകന്റെ ആവശ്യകതയില്ലെന്ന കാര്യം പ്രസ്തുത വാക്യം സൂചിപ്പിക്കുന്നുണ്ട്. ലോകവസാനം വരെ സ്ഥിരപ്രതിഷ്ഠ ലഭിച്ച ഒരു മതവുമായി ലോകജനതയെ ആനയിച്ചു വിടപറഞ്ഞ തിരുദൂതരുടെ സൽപാന്ഥാവ് വീണ്ടുമൊരു പ്രവാചകൻ പുനരുദ്ധരിക്കേണ്ടതില്ലെന്നു പ്രവാചക സമാപ്തി കുറിച്ചുകൊണ്ടുള്ള പ്രഖ്യാപനമുണ്ടായി. എങ്കിൽ ശേഷം വരുന്ന ജനതക്ക് സന്മാർഗ്ഗം വരച്ചുകാട്ടി അതിലേക്കാനയിക്കാൻ എന്താണ് മാർഗ്ഗം? സ്വാഭാവികമായി ഉന്നയിക്കപ്പെടാവുന്ന ചോദ്യമത്രെ ഇത്.

*അതിന് മറുപടിയെന്ന നിലക്കാണ് റസൂൽ(സ) ഇപ്രകാരം പ്രഖ്യാ*പിച്ചത്." എന്റെ സഹാബികൾ നക്ഷത്ര തുല്ല്യരത്രെ. അവരിൽ ആരെ അനുകരിച്ചാലും നിങ്ങൾ സന്മാർഗ്ഗികളാവും" ആകയാൽ പ്രഥമ അനുയായികളായി പ്രബോധനത്തിന് സഹാബികളെ റസൂൽ(സ) നിയോഗിച്ചു. സഹാബികളുടെ കാലശേഷമുള്ളവർക്കും അവിടുന്ന് മാർഗ്ഗദർശനം നൽകി പ്രസ്താവിക്കുകയുണ്ടായി: " എന്റെ സമുദായത്തിലെ പണ്ഡി

തർ ഇസ്രാഈൽ സന്തതികളിലെ പ്രവാചകന്മാരെപ്പോലെയത്രെ".

പരപ്രസിദ്ധമായ പ്രസ്തുത ഹദീസ് അനിഷേധ്യമായി പണ്ഡിത ലോകം അംഗീകരിച്ചതത്രെയാണ്. അതിന് ഉപോൽബലകമായി വിശുദ്ധ ഖുർആനിൽ നിന്നും തിരുവചനങ്ങളിൽനിന്നും ധാരാളം ഉദ്ധരിക്കാൻ സാധിക്കുന്നതാണ്. ഈ വസ്തുത ഉൾക്കൊണ്ടുകൊണ്ടാണ് പുണ്യാത്മാക്കളായ സഹാബികളും, താബിഉകളും മുജ്തഹിദുകളായ ഇമാമുകളും മത പ്രബോധനരംഗത്ത് അനർഘമായ ത്യാഗം വരിച്ചത്. ക്രൂരതയും ഭൗതികസ്ഥാനവും കൈമുതലാക്കിയ ഭരണാധികാരികൾക്കും എതിരാളികൾക്കുമെതിരിൽ അവർ ശബ്ദമുയർത്തുന്നതിൽ മുമ്പന്തിയിലായിരുന്നു. അതിന്റെ പേരിൽ ശിരസ്സുവിച്ഛേദിക്കപ്പെട്ടു രക്തസാക്ഷികളായവരും കാരാഗ്രഹത്തിൽവെച്ചു കാലഗതിയടഞ്ഞവരും അസംഖ്യമത്രെ. പീഢനങ്ങൾ ഏൽക്കാനും അവഹേളനമനുഭവിക്കാനും അവർക്ക് സന്തോഷമേ ഉണ്ടായിരുന്നുള്ളൂ. കാരണം പ്രവാചകന്മാരുടെ അനന്തരവന്മാരാണെന്ന ത്യാഗ ബോധമാണ് അവരെ നയിച്ചിരുന്നത്.

മഹാനായ സിദ്ദീഖുൽ അക്ബർ(റ) ഖുറൈശികൾക്കിടയിൽ പ്രബോധനത്തിന് നിന്ന്കൊണ്ട് അടിയും ഇടിയും മൂലം മുഖം തിരിച്ചറിയാത്ത വിധം രക്തം പൊട്ടിയൊലിച്ചു ബോധരഹിതനായ കഥ പണ്ഡിത ലോകത്തിന്റെ പ്രഥമ മാതൃകയായിരുന്നു. മഹാന്മാരായ സഹാബികളെല്ലാം ആ മാതൃക സ്വീകരിച്ചാണ്, ഖുലഫാഉർറാശിദുകളുടെ കാലഘട്ടം അവസാനിക്കാറായപ്പോൾ ലോക ജനതക്ക് മുമ്പിൽ വിജയപതാകയുമായി ആഫ്രിക്ക, ഏഷ്യ, യൂറോപ്പ് എന്നീ വൻകരകളിലേക്ക് ജൈത്ര യാത്ര നടത്തിയതെന്ന് പണ്ഡിത ലോകം ഇന്ന് വിസ്മരിക്കുകയാണ്.

താബിഉകളുടെ കാലവും അതിന്റെ മകുടോദാഹരണങ്ങളത്രെ. താബിഉകളുടെ നേതാവ് എന്നറിയപ്പെടുന്ന സഈദുബ്നുൽ മുസയ്യബ് ഭരണാധികാരികളുടെ ഇംഗിതത്തിനെതിരിൽ സത്യത്തിലുറച്ചുനിന്ന് പ്രബോധനം നടത്തിയപ്പോൾ ലാത്തിയടിക്ക് വിധേയനാക്കി ടൗണിൽ ചുറ്റിച്ചപ്പോഴും പതറാതെ സത്യത്തിനായി ജീവാർപ്പണത്തിന് തയ്യാറായിരുന്ന സഈദുബ്നു ജുബൈർ കുപ്രസിദ്ധ ഭരണാധികാരി ഹജ്ജാജുബ്നു

യൂസുഫിന്റെ മുമ്പിൽ ധീരത പ്രകടിപ്പിച്ചു സത്യം തുറന്നടിച്ചതുമെല്ലാം പണ്ഡിത ധർമ്മത്തിന്റെ അലംഘ്യ മാതൃകകളത്രെ. ധാരാളം താബിഉകളും സഹാബിവര്യന്മാരും ആ ദുർഭരണത്തിന്റെ കിരാത ഹസ്തത്തിൽപ്പെട്ടു പരലോകം പ്രാപിക്കുകയുണ്ടായി.

മുജ്തഹിദുകളായ ഇമാമുകളുടെ ചരിത്ര കാലഘട്ടവും ഇതിനപവാദമായിരുന്നില്ല. ഇമാം മാലിക്(റ) ഭരണാധികാരിക്കെതിരിൽ ഫത്‌വ നൽകിയതിനാൽ പ്രഹരമേറ്റു. ഒട്ടകപ്പുറത്ത് ടൗൺ ചുറ്റിക്കപ്പെട്ടു. ഇമാം അബൂഹനീഫ(റ) മർവാന്റെ ഭരണ കാലത്ത് ഖാളി സ്ഥാനമേറ്റടുത്തു ഭരണാധികാരിക്ക് തൃപ്തിയാവുന്ന ഫത്‌വ നൽകാൻ മുതിരാതെ ഒഴിഞ്ഞു നിന്നതിന്റെ പേരിൽ ചാട്ടവാറിന് വിധേയമാവുകയും ജയിൽ വാസമനുഭവിക്കുകയും ചെയ്യേണ്ടിവന്നു. ഇമാം അഹ്മദ്(റ) ഇരുപത്തെട്ടുമാസം കാരാഗ്രഹ പീഢനത്തിനിരയായി രക്തസാക്ഷിത്വം വരിച്ചതും സത്യപ്രബോധനത്തിനായി മാത്രമായിരുന്നു. ഭരണാധികാരിയുടെ ചൊൽപ്പടിക്ക് വഴങ്ങാത്തതിന്റെ പേരിൽ തന്നെയായിരുന്നു ഇമാം ബുഖാരി നാടുകടത്തപ്പെട്ടത്.

ഇമാമുൽ ഹറമൈനി തുടങ്ങിയ ധാരാളം മഹാന്മാർ പീഢനങ്ങൾക്കും നാടുവിട്ടു പോകാനും ഇടവരുത്തിയത് സത്യപ്രബോധന മാർഗ്ഗത്തിൽ പതറാതെ ഉറച്ചുനിന്നതിന്റെ പേരിൽ മാത്രമത്രെ. ഇമാമുൽ ഹറമൈനി എന്ന പേരിന് തന്നെ കാരണം നാടുവിട്ടോടി ഹറമൈനിയിൽ സ്ഥിരതാമസമാക്കിയതിന്റെ പേരിലത്രെ. ഇന്നും മുസ്ലിം രാഷ്ട്രങ്ങളിൽ പലതിലും അഹ്ലുസ്സുന്നത്തിന്റെ പാതയിലുറച്ചുനിന്ന് പ്രബോധനം നടത്തുന്ന പണ്ഡിതന്മാർ ഇത്തരം യാതനകളും പീഢനങ്ങളും അനുഭവിച്ചുവരുന്നുവെന്നത് ചരിത്രയാഥാർത്ഥ്യമാണ്. " ഏറ്റവും ശ്രേഷ്ഠമായ ത്യാഗം അക്രമിയായ ഭരണാധികാരിയുടെ മുമ്പിൽ സത്യ പ്രകടനമാണ്." എന്ന തിരുവചനമാണതിനവർക്ക് പ്രചോദനം നൽകിയത്.

പ്രതിഫലേച്ഛയില്ലാതെയുള്ള പ്രബോധനമാണ് ഉപരിസൂചിത മഹാന്മാരിൽ നിന്നും ദൃശ്യമാവുന്നതെന്ന കാര്യം അവിസ്മരണീയമാണ്. റസൂൽ(സ)യോടു തന്നെ വിശുദ്ധ ഖുർആൻ നിർദ്ദേശിച്ചത് അതാണ്. "

അങ്ങു പറയുക: ഞാൻ നിങ്ങളോടു പ്രബോധനത്തിന് പകരം പ്രതിഫലം ചോദിക്കുന്നില്ല. അത് (ഖുർആൻ) ലോകത്തിന് ചിന്ത നൽകുന്നത് മാത്രമത്രെ" (അൻആം-90) അതേപോലെ പ്രബോധനം ചെയ്യപ്പെടുന്ന ശ്രോതാക്കളുടെ മന:ശാസ്ത്രവും മാനസികാവസ്ഥയും കണക്കിലെടുത്താകണം പ്രബോധന ദൗത്യം സ്വീകരിക്കേണ്ടത്.

റസൂൽ(സ) ഇപ്രകാരം ഉദ്ബോധനം ചെയ്തതായി കാണാം. " ഞങ്ങൾ പ്രവാചക സമൂഹം ജനങ്ങളെ അവരുടെ സ്ഥാനങ്ങൾക്കനുസൃതം പരിഗണിക്കാനും അവരുടെ ബുദ്ധിക്കനുസൃതം സംസാരിക്കാനും നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു" (മുസ്‌ലിം, അബൂദാവൂദ്) പ്രബോധകൻ സ്വയം സംസ്കരണത്തിന് വിധേയനായിരിക്കേണ്ടത് വളരെ പ്രധാനമത്രെ. " ജനങ്ങളോടു നിങ്ങൾ നന്മ നിർദ്ദേശിക്കയും നിങ്ങളുടെ ശരീരങ്ങളെ സ്വയം വിസ്മരിക്കുകയുമാണോ?" (അൽബഖറ-44) എന്നിപ്രകാരം ഭീഷണിപ്പെടുത്തിക്കൊണ്ട് വിശുദ്ധ ഖുർആൻ ജൂതൻമാരെ സംബോധനം ചെയ്തത് എത്ര അർത്ഥവത്തല്ല! സ്വയം സൂക്ഷ്മത പാലിക്കാത്തവന്റെ പ്രബോധനം ഫലപ്രദമായിരിക്കില്ല.

നാലാം ഖലീഫ മഹാനായ അലി(റ) പറയുകയുണ്ടായി: ഇസ്‌ലാമിൽ എന്റെ മുതുക് രണ്ടുപേർ അല്ലാതെ മുറിച്ചുകളയുന്നില്ല. ഒന്ന് തെമ്മാടിയായ പണ്ഡിതനും മറ്റൊരാൾ ബിദ്അത്തുകാരനായ ആരാധകനുമത്രെ. ആദ്യത്തവന്റെ തെമ്മാടിത്തം ദർശിക്കുന്നവർ അവനെ പരിത്യജിക്കുവാൻ ഇടയാവുന്നു. രണ്ടാമത്തവനാണെങ്കിൽ തന്റെ ആരാധന വഴി ആളുകളെ അനാചാരത്തിലേക്ക് പ്രേരിതരാക്കുന്നു". (ഇത്ഹാഫ് 1-346) അബൂനുഐം 'ഹിൽയത്തി'ൽ ഹ: അനസ് വഴി റസൂൽ(സ)യിൽ നിന്ന് റിപ്പോർട്ട് ചെയ്യുന്നു. " അവസാന കാലത്ത് അജ്ഞരായ ആരാധകരും ദുരാചാരികളായ പണ്ഡിതന്മാരും ഉണ്ടായിത്തീരുന്നതാണ്." (IBID 1:349)

ചുരുക്കത്തിൽ പ്രവാചകരുടെ അനന്തരാവകാശികളെന്ന നിലയിൽ അവരുടെ പ്രബോധന രീതി ഉൾക്കൊണ്ടു സമൂഹത്തിൽ പ്രബോധനത്തിലേർപ്പെടേണ്ടത് പണ്ഡിത ധർമ്മമത്രെ. അതിനായി സ്വയം സംസ്കാര സമ്പന്നമായിത്തീരുകയും, അനന്തരം കാലോചിതമായും ജന

ങ്ങളുടെ മന:ശാസ്ത്രം കണക്കിലെടുത്തും പ്രബോധനത്തിലേർപ്പെടേണ്ടതാണ്. അതിൽനിന്നു മുഖംതിരിച്ചും ഭൗതിക നേട്ടത്തിലാകൃഷ്ടരായി സത്യം മറച്ചുവെച്ചും കഴിയുന്നത് ക്രൂരവും അല്ലാഹുവിന്റെ ശിക്ഷക്ക് കാരണവുമത്രേ. സ്വതന്ത്രമായുള്ള പ്രബോധനത്തിനായി പണ്ഡിതന്മാരെ അനുവദിക്കയും അതിൽ ഭൗതികച്ഛായയും സ്വാർത്ഥവും കലരാതെ കഴിക്കാൻ ശ്രദ്ധിക്കയും വേണ്ടതാണ്.

ഭൗതിക ചിന്തയിൽ ലയിച്ചുചേർന്ന് സ്രഷ്ടാവിനെ വിസ്മരിച്ചു നാശഗർത്തത്തിലേക്ക് വഴുതിക്കൊണ്ടിരിക്കുന്ന ആധുനിക ലോക ജനതയെ സൽപാന്ഥാവിലേക്കാനയിക്കാൻ റസൂൽ(സ)യുടെയും സലഫുസ്സാലിഹീങ്ങളുടെയും കാൽപാടുകൾ പിൻപറ്റി ത്യാഗത്തിനൊരുങ്ങേണ്ടത് വിശ്വാസികളുടെ കർത്തവ്യമത്രേ. " അത് വഴിയല്ലാതെ സത്യമാർഗ്ഗത്തിന് സ്ഥിരപ്രതിഷ്ഠ ആർജിക്കാൻ സാധ്യമല്ല." ഇന്നത്തെ പണ്ഡിതന്മാരുടെ അവസ്ഥയെ കുറിച്ചു ഒരു കവി പാടിയത് എത്ര അർത്ഥവത്തല്ല! " ആട്ടിനെ മേയ്ക്കുന്നവൻ അതിനെ ചെന്നായയിൽ നിന്ന് രക്ഷിക്കുന്നു. എന്നാൽ മേക്കുന്നവർ തന്നെ ചെന്നായ്കളായി മാറിയാൽ എന്തായിരിക്കും സ്ഥിതി." സമീപകാല പണ്ഡിതൻമാരുടെ അവസ്ഥയിലേക്ക് വിരൽ ചൂണ്ടുകയാണ് പ്രസ്തുത കവി.

ആകയാൽ ദൈനംദിനം ദൈവികസ്മരണ നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയും ഭൗതിക ചിന്തയിൽ ലയിച്ചു അതിനായി മാത്രം ജീവിതം നീക്കിത്തള്ളുകയും ചെയ്യുന്ന ആധുനിക ലോകത്ത് മതപണ്ഡിതന്മാരുടെ കർത്തവ്യം അതിഗൗരവമത്രേ. പ്രവാചകരുടെ അനന്തരവന്മാരാണ് തങ്ങളെന്ന ബോധം പണ്ഡിതന്മാർ വിസ്മരിക്കാതെ കർത്തവ്യബോധം വീണ്ടെടുക്കേണ്ടത് ഇന്നിന്റെ ആവശ്യമാണ്.

സയണിസ്റ്റ് നുഴഞ്ഞു കയറ്റത്തിന്റെയും ക്രിസ്തീയ മിഷണറീസ് പ്രവാഹത്തിന്റെയും വേലിയേറ്റം ഒരു ഭാഗത്ത് നടക്കുന്നു. അവരുടെ തന്നെ സഹായവും പ്രചോദനവും വഴിബിദ്അത്തുകൾ നാനാവിധ മാർഗ്ഗമവലംബിച്ചു മുന്നേറിക്കൊണ്ടിരിക്കയും, അജ്ഞരായ മുസ്ലിം ജനതയെ വഴി തെറ്റിച്ചു കൊണ്ടിരിക്കയും ചെയ്യുന്നു. ആളും അർത്ഥവുമെല്ലാം

അവർക്കിഷ്ടാനുസരണം സുലഭമാണ്.

ഈ ദശാസന്ധിയിൽ പുണ്യപ്രവാചകരുടെ സംതൃപ്തി ആഗ്രഹിക്കുന്ന പണ്ഡിതർ എല്ലാം വിസ്മരിച്ചുരംഗത്തിറങ്ങണം. അല്ലറ ചില്ലറ സ്ഥാനമാനങ്ങൾക്കോ അസൂയക്കും ഗർവ്വിനും വിധേയമായുള്ള സാഹചര്യങ്ങൾക്കോ നാം അടിമപ്പെട്ടു പോകുന്നുണ്ടോ എന്ന് സൂക്ഷ്മവീക്ഷണത്തോടെ ശ്രദ്ധിക്കണം. ഐക്യബോധത്തോടെ സമുദായത്തെ രക്ഷിക്കാനും ഭാവി തലമുറക്ക് അനുകരണീയരായിത്തീരാനും പണ്ഡിതസുഹൃത്തുക്കൾ രംഗത്തിറങ്ങണം. അതായിരിക്കട്ടെ നമ്മുടെ പ്രസ്ഥാനങ്ങളുടെയും സ്ഥാപനങ്ങളുടെയും മുദ്രാവാക്യവും ലക്ഷ്യവും. വിജയത്തിനായി നമുക്ക് പ്രാർത്ഥിക്കാം.

*(അൽ മഖ്ദൂം സമ്മേളനോപഹാരം-1996)*

# പ്രകീർത്തനം കർമ്മവും ധർമ്മവും

സർവ്വലോകത്തിനും അനുഗ്രഹമായി അയക്കപ്പെട്ട പ്രവാചക പുങ്കവർ മുഹമ്മദ് മുസ്തഫ(സ) യെ പ്രപഞ്ച നാഥനും ആദരണീയരായ മലക്കുകളും പ്രകീർത്തിച്ച ശേഷം അത് നിർവ്വഹിക്കാൻ വിശ്വാസികളോട് അല്ലാഹു ആജ്ഞാപിക്കുകയും അഞ്ചു നേരത്തെ ബാങ്കിലൂടെ വിശ്വ മുസ്ലിംകൾ ആ കടമ നിർവ്വഹിച്ചുകൊണ്ടിരിക്കുകയും ചെയ്യുമ്പോൾ പ്രവാച പ്രകീർത്തനത്തിന്റെ പ്രസക്തിയെ ചോദ്യം ചെയ്യുന്നവർ യഥാർത്ഥ മുസ്ലിംകളിൽ ഉണ്ടാവുകയില്ലെന്ന് നിസ്തർക്കമാണ്. വിശുദ്ധ ഖുർആനും തിരുസുന്നത്തും സച്ചരിതരായ പണ്ഡിതരും പ്രവാചക പ്രകീർത്തനത്തെ കുറിച്ച് എങ്ങനെ വിലയിരുത്തുന്നു എന്ന് പരിശോധിക്കാം.

"നിശ്ചയം അല്ലാഹുവും അവന്റെ മലക്കുകളും നബി(സ)യുടെ മേൽ സ്വലാത്ത് ചൊല്ലുന്നു. സത്യവിശ്വാസികളെ നിങ്ങളും അവിടുത്തെ മേൽ സ്വലാത്തും സലാമും ചൊല്ലുക'.(വി.ഖു.33/56)

ഈ ആയത്തിന്റെ വിശദീകരണത്തിൽ ഇമാം ബുഖാരി(റ) അബു ആലിയ:(റ)യിൽ നിന്നുദ്ധരിക്കുന്നു. " അല്ലാഹു നബി(സ)യുടെ മേൽ സ്വലാത്ത് ചൊല്ലുന്നു എന്നതിന്റെ അർത്ഥം മലക്കുകളുടെ സമീപത്ത് വെച്ച് നബി(സ)യെ പ്രകീർത്തിക്കുന്നുവെന്നാണ്. (ബുഖാരി 2:707)

പ്രസ്തുത ആയത്തിന്റെ വിശദീകരണത്തിൽ ഇമാം ബൈളാവി പറ

യുന്നു: "അല്ലാഹുവും മലക്കുകളും നബി(സ)യുടെ മഹാത്മ്യങ്ങൾ വിവരിക്കുന്നതിലും ഗുണമഹിമകൾ വർണ്ണിക്കുന്നതിലും പ്രത്യേകം തൽപരരാണ്".

നബി(സ)യുടെ മേൽ സ്വലാത്തും സലാമും നിർബന്ധമാണെന്ന കാര്യത്തിൽ പണ്ഡിതന്മാർ ഏകോപിച്ചിരിക്കുന്നു. നിർബന്ധം നിർണ്ണിതമാകുന്ന കാര്യത്തിൽ ഭിന്നാഭിപ്രായമാണുള്ളത്. ഇമാം മാലിക് (റ)ന്റെ അടുക്കൽ ആയുസ്സിൽ ഒരു തവണയെങ്കിലും നിർബന്ധമാണ്. ഇമാം ശാഫിഈ (റ) പക്ഷം ഓരോ ഒടുവിലെ അത്തഹിയ്യാത്തിലും, മറ്റു രണ്ടു ഇമാമുകളുടെ അടുക്കൽ എല്ലാ സദസ്സിലും നിർബന്ധമാണെന്നാണ്.

മേൽ സൂക്തം അവതരിച്ച വേളയിൽ 'കഅ്ബ് ബിൻ ഉജ്റ' എന്ന സ്വഹാബി നബി(സ)യോടു ചോദിച്ചു: "പ്രവാചകരേ, അങ്ങയുടെ മേൽ സലാം എങ്ങനെ ചൊല്ലണമെന്ന് അല്ലാഹു ഞങ്ങൾക്ക് അറിയിച്ചു തന്നിട്ടുണ്ട്. എങ്ങിനെയാണ് സ്വലാത്ത് ചൊല്ലേണ്ടത് "? നബി(സ) പറഞ്ഞു: "അല്ലാഹുവേ, മുഹമ്മദ് നബി(സ)ക്കും കുടുംബത്തിനും കരുണ വർഷിക്കണമേ, ഇബ്രാഹിം നബി(അ) കുടുംബത്തിനും കരുണ വർഷിച്ചത് പോലെ"(ഈ രൂപം ഒടുവിലെ അത്തഹിയ്യാത്തിൽ സ്വീകരിച്ചു വരുന്നതാണല്ലോ) എന്ന് ചൊല്ലാൻ ആജ്ഞാപിച്ചു. (ബുഖാരി–1–477, മുസ്ലിം 1–175) നബി(സ) മാത്രമല്ല, കുടുംബത്തെയും പ്രകീർത്തിക്കേണ്ട കാര്യത്തിലേക്ക് ഈ ഹദീസ് ശക്തമായി വിരൽ ചൂണ്ടുന്നു.

"താങ്കളുടെ കീർത്തിയെ താങ്കൾക്ക് നാം ഉയർത്തിത്തന്നില്ലയോ". (വി.ഖു.94:4) ഈ സൂക്തത്തെ വിശദീകരിച്ചു കൊണ്ട് മുഫസ്സിറുകൾ പറയുന്നു: "പ്രപഞ്ചം അങ്ങയുടെ അനുയായികളാൽ നിറഞ്ഞിരിക്കുന്നു. സർവ്വരും അങ്ങയെ പ്രകീർത്തിക്കുന്നു. അങ്ങേയ്ക്ക് ശാന്തി നേരുന്നു. അങ്ങയുടെ വിശുദ്ധ റൗളയുടെ മണ്ണ് കൊണ്ട് മുഖം തടവുന്നു. ശുപാർശ പ്രതീക്ഷിക്കുന്നു. അന്ത്യദിനം വരെ അവിടുത്തെ മഹത്വം അവശേഷിക്കുക തന്നെ ചെയ്യും. (റാസി–11–208) ആകാശത്ത് മലക്കുകളുടെ അടുക്കലും ഭൂമിയിൽ സത്യവിശ്വാസികളുടെ അടുക്കലും അങ്ങയുടെ സ്മരണയെ നാം ഉയർത്തി.(ഖുർതുബി–20–107)

പ്രവാചക പ്രകീർത്തനത്തിന് പരിധി നിശ്ചയിക്കരുതെന്ന് താഴെ ഹദീസുകളിൽ നിന്ന് സുതരാം വ്യക്തമാണ്. ഇമാം തുർമുദി(റ)യിൽ നിന്ന് നിവേദനം: " സ്വഹാബി പ്രമുഖനായ 'ഉബയ്യുബിൻ ഖഅ്ബ്'(റ) നബി (സ)യോടു ചോദിച്ചു. പ്രവാചകരെ, ഞാൻ അങ്ങയുടെ മേൽ സ്വലാത്ത് വർദ്ധിപ്പിക്കാൻ ഉദ്ധേശിക്കുന്നു എത്രയാണ് ചൊല്ലേണ്ടത്? നീ ഉദ്ദേശിക്കുന്നത്ര ചൊല്ലാം. ഉബയ്യ്(റ) സമയത്തിന്റെ കാൽ ഭാഗം ? "നബി(സ): നിനക്ക് എത്രയും ചൊല്ലാം. അതികരിപ്പിച്ചാൽ നിനക്കുത്തമം". ഉബയ്യ്(റ): മൂന്നിൽ ഒന്ന് ചൊല്ലിയാലോ? നബി(സ): എത്രയുമാവാം. അധികരിപ്പിച്ചാൽ നല്ലത്. ഉബയ്യ്(റ): മൂന്നിൽ രണ്ട്? നബി(സ): ആവാം. അധികരിപ്പിച്ചാൽ ഉത്തമം. ഉബയ്യ്(റ): പ്രവാചകരെ എന്റെ സ്വലാത്ത് (പ്രാർത്ഥനാ വേളകൾ) മുഴുവൻ അങ്ങയെ പ്രകീർത്തിക്കുന്നതിന് വിനിയോഗിക്കാം. നബി(സ): എങ്കിൽ ഇരുലോക പ്രശ്ന പരിഹാരത്തിന് നിനക്ക് അനുമതി. നിന്റെ പാപം പൊറുക്കപ്പെടും.(ശറഫുശ്ശിഫാത്ത് 2-137)

ഹ: ആയിഷ പറയുന്നു: " പ്രാവാചക പ്രകീർത്തനത്തിലൂടെ ശത്രുക്കൾക്ക് മറുപടി പറയാൻ ഹസ്സാനുബ്നു സാബിത് (റ)ന് നബി(സ) പ്രസംഗ പീഠം (മിമ്പർ) സ്ഥാപിച്ചു കൊടുത്തുകൊണ്ട് പ്രാർത്ഥിച്ചു: "അല്ലാഹുവേ, ഹസ്സാൻ (റ) ശത്രുക്കൾക്ക് മറുപടി നൽകുമ്പോഴൊക്കൊ അദ്ദേഹത്തെ പരിശുദ്ധാത്മാവ് (ജിബ്രീൽ (അ))മിനെകൊണ്ട് നീ ശക്തിപ്പെടുത്തണമേ" (ബുഖാരി, മിശ്കാത്ത്-410)

വധ ശിക്ഷക്ക് വിധിക്കപ്പെട്ട കഅ്ബിബിൻ സുഹൈർ(റ) പ്രവാചക സവിധത്തിൽ വന്ന് പ്രവാചക പ്രകീർത്തനം 'ബാനത്ത് സുആദ' ആലപിച്ചപ്പോൾ തന്റെ വിലപിടിപ്പുള്ള പുതപ്പ് സമ്മാനിച്ച സംഭവം പ്രവാചകരിൽ നിന്ന് തനിക്ക് ലഭിച്ച ഏറ്റവും വലിയ പ്രശസ്തി പത്രമായി ദർശിക്കാവുന്നതാണ്. *പ്രവാചക കീർത്തനത്തിന്റെ മഹത്വം പ്രസ്തുത സംഭവങ്ങളിൽ നിന്ന് ഏവർക്കും സുതരാം ഗ്രഹിക്കാം.*

*(അൽ ഇത്തിഹാദ് മീലാദ് സപ്ലിമെന്റ്-2000)*

www.islamkerala.com

E-Mail :
abdulla_cherumba@yahoo.com
Mobile :
0097150 7927429